2009 മെയ്
ഹി.ശ 1388 - ഹിജ്റത്ത്
1430 ജ: ഉൽ അവ്വൽ -
ജ: ഉൽ ആഖിർ
പുസ്തകം 81 ലക്കം 5
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

ലേഖനം

6 **ആത്മാവും കബറുമായുള്ള ബന്ധം**
ഹദ്റത്ത് അഹ്മദ് (അ)

11 **ഖിലാഫത്ത് ഇസ്ലാമിൽ**
ഫരീദ് അഹ്മദ് യു.കെ.

10 **ക്രിസ്തീയ വെല്ലുവിളികൾക്ക് മുമ്പിൽ മുസ്ലിംകൾ അടിയറവ് പറയേണ്ടതുണ്ടോ?**
അബു റിസ്വാൻ

15 **ഖിലാഫത്ത് - ദൈവത്തിന്റെ അനുഗ്രഹസ്രോതസ്സ്**
മഹ്മൂദ് കൽക്കുളം

19 **ഉമർ ഇബ്നു അബ്ദിൽ അസീസ്**
അബ്ദുറഹിമാൻ, കൊടിയത്തൂർ

23 **ക്രിസ്ത്യൻ മിഷനറിമാരുടെ ആക്രമണവും വാഗ്ദത്തമസീഹിന്റെ പ്രതിരോധവും (തുടർച്ച)**
വലീദ് അഹ്മദ്

25 **യേശുക്രിസ്തു കശ്മീരിലെ ബുദ്ധവിഹാരത്തിൽ**
ഏ.ക്യു. മഹ്ദി

28 **കൊച്ചിയിൽ നിന്നൊരു സുവിശേഷം**
ജേക്കബ് കെ. ഫിലിപ്പ്

30 **ഉഥ്മാനിയാ ഖിലാഫത്ത്**
ഏ.എം. മുഹമ്മദ് സലിം

33 **ഈസാനബി: അദ്ദേഹമിപ്പോൾ ജീവിച്ചിരിപ്പുണ്ടോ? ഇങ്ങോട്ട് തിരിച്ചുവരുമോ?**
ഖലീഫത്തുൽ മസീഹ്

38 **മുഹമ്മദ് നബി(സ) പൂർവ്വവേദങ്ങളിൽ**
ഏ.ക്യു. മഹ്ദി

കുറിപ്പുകൾ

40 **മഹാമാരികൾക്ക് മുമ്പിൽ മനുഷ്യന്റെ മുട്ട് വിറക്കുന്നു**

42 **വാർത്തകൾ**

മുഖചിത്രം :
**ഇസ്ഫഹാനിലെ ഷാ മസ്ജിദിന്റെ മിനാരം**

**ചീഫ് എഡിറ്റർ** : മുഹമ്മദ് അയ്യൂബ് Mob: 9895308227
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob: 9895263384
**മാനേജർ** : അഹ്മദ് ഹസ്സൻ Mob: 9446482108

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut - 1.

**2009 May** Regd. No. 3337/75, Postal Regn. No. KL/CT/108/2009-11. Estd. 1925 **Vol. L XXXI No. 5**
Licensed to post without pre-payment, Licence No : KL/PMG/NR/WPP/16/KKD/09-11 **Price Rs. 15/-**
**THE SATHYADOOTHAN MONTHLY**

## ഖുർആനിൽ നിന്ന്


അല്ലാഹു പറയുന്ന അവസരം: 'ഓ മർയമിന്റെ മകൻ ഈസാ, "എന്നെയും എന്റെ മാതാവിനേയും അല്ലാഹുവിനെ കൂടാതെ രണ്ട് ദൈവങ്ങളായി സ്വീകരിക്കുക" എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും: 'നീ പരിശുദ്ധനാണ്. എനിക്ക് അവകാശമില്ലാത്ത ഒരു കാര്യം പറയുക എന്നത് എനിക്ക് ചേർന്നതല്ല. ഞാൻ അങ്ങനെ പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീ അത് അറിഞ്ഞിരിക്കും. എന്നിലുള്ളത് നീ അറിയുന്നു. നിന്നിലുള്ളത് ഞാൻ അറിയുന്നില്ല. നീ പരോക്ഷ കാര്യം നല്ലവണ്ണം അറിവുള്ളവനാകുന്നു. ***(5:117)***

## നബിവചനം

അബൂഹുറൈറ(റ)യിൽ നിന്നും നിവേദനം നബി (സ) അരുളി: മനുഷ്യരിൽ വെച്ച് കൂടുതൽ അടുത്ത ബന്ധമാണ് മർയമിന്റെ മകൻ ഈസയുമായി എനിക്കുള്ളത്. ഇഹത്തിലും പരത്തിലും വിവിധ ഭാര്യമാരിൽ ഒരു പിതാവിന് ജനിച്ച സഹോദരന്മാരായി ജീവിക്കുന്നവരെപ്പോലെയാണ് നബിമാർ. അവരുടെ മാതാക്കൾ വിഭിന്നരാണ്. ആദർശം ഒന്നും.

***(ബുഖാരി)***

# യേശു മനുഷ്യനായ പ്രവാചകൻ



**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

'ക്രൂശീകരണം, പാപപരിഹാരം മുതലായ പേരുകളിൽ സുവിശേഷങ്ങളിൽ കാണുന്ന മോക്ഷസിദ്ധാന്തം ഒരിക്കലും വിശുദ്ധ ഖുർആൻ അംഗീകരിക്കുന്നില്ല. യേശു മഹാനായ ഒരു പ്രവാചകനാണെന്നും അല്ലാഹുവിന്റെ പ്രിയപ്പെട്ടവനാണെന്നും അവനോട് സമീപസ്ഥനാണെന്നും ബഹുമാന്യനാണെന്നും വിശുദ്ധ ഖുർആൻ സത്യപ്പെടുത്തുന്നു. എന്നാൽ അദ്ദേഹം വെറും ഒരു മനഷ്യൻ മാത്രമാണ്. മോക്ഷം ലഭിക്കാൻ നിഷ്ക്കളങ്കനായ ഒരു മനുഷ്യനിൽ പാപികളുടെ ഭാരം മുഴുവൻ കയറ്റിവെക്കണമെന്ന് വിശുദ്ധ ഖുർആൻ കരുതുന്നില്ല. അദ്ദേഹത്തെ പാപത്തിന് ഉത്തരവാദിയാക്കാൻ യുക്തിബോധം അനുവദിക്കുന്നില്ല. ഒരു ഭരണകൂടവും ഈ തത്വം പിന്തുടരുന്നില്ല.

***(മൽഫൂസാത്ത്)***

## മുഖക്കുറിപ്പ്

# അഹ്മദിയ്യാ ഖിലാഫത്ത് പ്രവചനങ്ങളിൽ നിറഞ്ഞു കത്തുന്ന സത്യം

'ഇസ്ലാമിക ഖിലാഫത്ത്' അല്ലാഹുവിന്റെ വാഗ്ദാന പ്രകാരമുള്ള ഇടമുറിയാത്ത ഒരു തുടർച്ചയാണ്. ഖിലാഫത്തിന് പല വർണ്ണഭേദങ്ങളും സംഭവിച്ചുവെങ്കിലും അനുഗ്രഹീതമായ ഒരു ഇസ്ലാമിക സ്ഥാപനം എന്ന നിലക്ക് പതിമൂന്ന് നൂറ്റാണ്ടിലധികം മുസ്ലിം ലോകത്തിന് നേതൃത്വം നൽകിയ മുസ്ലിം ഖിലാഫത്ത് കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ പടുതിരികത്തി ചരിത്രത്തിൽ നിന്നും തിരോഭവിക്കുകയുണ്ടായി.

ഖിലാഫത്തിന്റെ പ്രാതിനിധ്യം വഹിച്ച് തുർക്കി ഖിലാഫത്ത് ഊർദ്ധശ്വാസം വലിക്കുന്ന ആ ഘട്ടത്തിൽ തന്നെ നുബൂവ്വത്ത് കൊണ്ട് അനുഗ്രഹീതനായ വാഗ്ദത്ത മസീഹിനെ അല്ലാഹു അയച്ചു. ഖിലാഫത്ത് ആത്മീയമായ ചൈതന്യത്തോടെ പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു. ആ ഖിലാഫത്താണ് ഒരു നൂറ്റാണ്ട് കഴിഞ്ഞ് ഒരു വർഷം പൂർത്തിയാക്കിയ അഹ്മദിയ്യാ ഖിലാഫത്ത്.

നുബൂവ്വത്തുമായി വന്ന റസൂൽ തിരുമേനി (സ) യുടെ ദേഹവിയോഗം വിശ്വാസികളിൽ സൃഷ്ടിച്ച പരിഭ്രമം നമുക്ക് അചിന്ത്യമാണ്. സ്ഥിതപ്രജ്ഞനും ധീരരിൽ ധീരനുമായ ഹദ്റത്ത് ഉമർ (റ) പോലും പതറിപ്പോയ ആ ചരിത്ര സംഭവം നാം അറിഞ്ഞതാണ്. നുബൂവ്വത്തുകൊണ്ട് അനുഗ്രഹീതനായ റസൂൽ തിരുമേനി(സ)യുടെ അപരിഹാര്യമായ വേർപാടു നികത്തിയത് പിന്നീട് വന്ന ഖിലാഫത്താണ് അവിടുത്തെ പുണ്യ ശരീരം കബറടക്കുന്നതിന് മുമ്പ് തന്നെ ഖിലാഫത്ത് നിലവിൽ വന്നു. അത്രയ്ക്ക് പ്രാധാന്യമേറിയതായിരുന്നു ഖിലാഫത്ത് നേതൃത്വം.

ഖിലാഫത്തിന് സംഭവിക്കുന്ന ഗതിവ്യതിയാനങ്ങളെ സംബന്ധിച്ചും വർണ്ണഭേദങ്ങളെ സംബന്ധിച്ചും റസൂൽ തിരുമേനി(സ) ചെയ്ത പ്രവചനം ഏറ്റവും ശ്രദ്ധേയമാണ്.

***'അല്ലാഹു ഇഛിക്കുന്നിടത്തോളം കാലം നിങ്ങളിൽ നുബൂവ്വത്ത് നിലനില്ക്കും. പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം അല്ലാഹു ഇഛിക്കുന്ന കാലത്തോളം നുബൂവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് നിലനില്ക്കും. പിന്നെ അതിനെ ഉയർത്തും. അനന്തരം അല്ലാഹു ഇഛിക്കുന്നത് വരെ സ്വേച്ഛാധിപത്യം നിലനില്ക്കും. പിന്നെ അവൻ അതിനെ എടുത്തുക്കളയുകയും അനന്തരം അല്ലാഹു ഇഛിക്കുന്നകാലത്തോളം ബലാൽക്കാരപൂർവ്വമായ ഭരണം നിലനില്ക്കും പിന്നെ അവൻ അതിനെയും എടുത്ത് കളയും പിന്നീട് നുബൂവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് ഉണ്ടായിവരും. (മിശ്കാത്ത് - കിതാബുൽ റിഖാഖ്)***

ഈ ഹദീസിൽ പറഞ്ഞപ്രകാരം നുബൂവ്വത്തിനെ ഉയർത്തിയ ശേഷം (മുഹമ്മദ് നബി (സ) വഫാത്ത്) നുബൂവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് ഖുലഫാഉർറാശിദയുടെ നേതൃത്വത്തിൽ വന്നു. അതിന് ശേഷം ഖിലാഫത്തിന്റെ ആത്മീയ ചൈതന്യത്തിന് ഗണ്യമായ ശോഷണം സംഭവിച്ചു. രാജാധിപത്യത്തിലേക്കും സ്വേച്ഛാധിപത്യത്തിലേക്കും അത് വഴിമാറി. ആ മാർഗ്ഗത്തിൽ ഉമവിയ്യാ, അബ്ബാസിയ്യാ, ഉഥ്മാനിയ്യാ ഖിലാഫത്തുകൾ വന്നു. അവയും തിരോഭവിച്ചു. ഖിലാഫത്തിന്റെ ഈ ഗതിമാറ്റങ്ങൾ ഈ കൊച്ചു ഹദീസിനനുസരിച്ചായിരുന്നു എന്നത് അത്ഭുതകരമാണ്. ഉഥ്മാനിയ്യാ ഖിലാഫത്തിന്റെ അന്ത്യഘട്ടത്തിൽ നുബൂവ്വത്ത് കൊണ്ട് അനുഗ്രഹീതനും റസൂൽ തിരുമേനി(സ)യുടെ ശിഷ്യ പ്രവാചകനുമായ ഹദ്റത്ത് അഹ്മദ്(അ)നെ അല്ലാഹു ഇമാം മഹ്ദിയും മസീഹുമായി അയച്ചു. ഹദീസിൽ പറഞ്ഞപ്രകാരം അദ്ദേഹത്തിന്റെ വിയോഗാനന്തരം ആത്മീയ ചൈതന്യത്തോടെ നുബൂവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് പുനസ്ഥാപിക്കപ്പെട്ടു.

1908ൽ വാഗ്ദത്ത മഹ്ദി ഹദ്റത്ത് അഹ്മദ് (അ) ദിവംഗതനായപ്പോൾ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ (റ)ന്റെ നേതൃത്വത്തിൽ ഖിലാഫത്ത് നിലവിൽ വന്നു. ഇപ്പോൾ അഞ്ചാമത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിന്റെ ഖിലാഫത്തിന്റെ കീഴിൽ അഹ്മദിയ്യാ ജമാഅത്ത് വിശ്വവിജയത്തിന്റെ രാജരഥ്യയിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. പ്രവചനങ്ങളുടെ സാക്ഷാത്ക്കാരമായി നിറഞ്ഞുകത്തുന്ന ഈ സത്യം മുസ്ലിം സഹോദരന്മാർ എത്രയും വേഗം തിരിച്ചറിഞ്ഞ് അനുഗ്രഹീതമായ ഈ ആത്മീയ സംവിധാനത്തിന്റെ ഭാഗഭാക്കുകളാകുക. അല്ലാഹു തുണക്കട്ടെ. ●

ഹദ്റത്ത് അഹ്മദ് (അ)

# ആത്മാവും കബറുമായുള്ള ബന്ധം

*ചോദ്യം:* ആത്മാവും കബറും തമ്മിലുള്ള ബന്ധത്തിന്റെ യാഥാർത്ഥ്യമെന്താണ്?

**ഉത്തരം:** ഈ വിഷയകമായി റസൂൽ തിരുമേനി (സ)യുടെ ഹദീസുകളിൽ എന്താണ് പറയപ്പെട്ടിട്ടുള്ളത്. അതെല്ലാം തന്നെ സത്യമാണ്. അതിന്റെ പ്രകൃതിയെ സംബന്ധിച്ച് അന്വേഷിക്കാൻ നമുക്ക് സാധ്യമല്ല. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ആത്മാവും കബറും തമ്മിൽ ഒരു ബന്ധമുണ്ടെന്ന് നാം സ്ഥാപിക്കേണ്ടിയിരിക്കുന്നു. അവ തമ്മിൽ ഒരു ബന്ധമുണ്ട് എന്ന കാര്യം അസംഭവ്യമായ ഒന്നല്ല.

പ്രകൃതി നിയമത്തിലെ സംഭവത്തിൽ നിന്നും അത് ഉദാഹരിക്കാവുന്നതാണ്. വസ്തുക്കളുടെ യാഥാർത്ഥ്യം കണ്ടെത്താൻ സർവ്വശക്തനായ ദൈവം വിവിധ രീതികൾ സംവിധാനിച്ചിട്ടുണ്ട്. ചിലത് ദൃഷ്ടികൾക്ക് അനുഭവവേദ്യമാവുന്നതാണ്. ചിലതാകട്ടെ സംവേദനേന്ദ്രിയങ്ങളുടെ സംയോജിത പ്രവർത്തനത്തിലൂടെ അറിയാൻ കഴിയുന്നതുമാണ്. ഹൃദയം കൊണ്ട് മാത്രം നമുക്ക് അനുഭവിച്ചറിയാൻ കഴിയുന്ന പല കാര്യങ്ങളുമുണ്ട്. മനുഷ്യന് നിരവധി സംവേദനേന്ദ്രിയങ്ങളുടെ കഴിവുകൾ നൽകപ്പെട്ടിരിക്കുന്നു. അതിൽ ഓരോ ഇന്ദ്രിയവും വിവിധ ധർമ്മങ്ങളിലൂടെ മനുഷ്യനെ സേവിച്ചുകൊണ്ടിരിക്കുന്നു.

അജ്ഞാനികളായ തത്വവേദികൾ അവരുടെ വികലമായ യുക്തിയുടെ അടിസ്ഥാനത്തിൽ സർവ്വതും അന്വേഷിച്ചറിയാമെന്ന് കരുതുന്നു. എന്നാൽ ഇതൊരു തെറ്റിദ്ധാരണ മാത്രമാണ്. ചരിത്രയാഥാർത്ഥ്യങ്ങൾ ചരിത്രത്തിൽ നിന്നും മാത്രം സമാഹരിക്കാവുന്നതാണ്. വസ്തുക്കളുടെ പ്രകൃതിഗുണങ്ങൾ ശരിയായ അനുഭവങ്ങളിലൂടെ മാത്രമേ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. ആഗമ രീതിയിൽ മനസിലാക്കാൻ കഴിയുന്ന കാര്യങ്ങളിൽ മാത്രമേ യുക്തി മാർഗ്ഗദർശനം നൽകുകയുള്ളൂ. ഇങ്ങനെ യാഥാർത്ഥ്യത്തിൽ എത്തിച്ചേരാൻ അനേകവഴികളുണ്ട്. വിവിധങ്ങളായ കാര്യങ്ങളിൽ തീരുമാനം കല്പിക്കാൻ ഒരു രീതിയെ മാത്രം അവലംബിക്കുമ്പോൾ അയാൾ അപഭ്രംശിതനാവുന്നു. ഇക്കാര്യം നമുക്ക് ദൈനദിന ജീവിത്തിൽ പരിചിതമാണ്. ശരീരത്തിൽ നിന്നും ആത്മാവിന്റെ വേർപിരിയലും ശരീരവുമായി ആത്മാവിനുള്ള ബന്ധ വും യുക്തികൊണ്ട് മനസ്സിലാക്കാൻ കഴിയുന്ന കാര്യമല്ല. തത്വശാസ്ത്രജ്ഞന്മാരും ചിന്തകന്മാർക്കും പ്രമാദങ്ങൾ പറ്റാൻ സാധ്യതയില്ല. ആത്മാവും കബറും തമ്മിലുള്ള ബന്ധം ഒരു യാഥാർത്ഥ്യമാണ്. പക്ഷേ അത് നമ്മുടെ ഭൗതിക ദൃഷ്ടി കൊണ്ട് കാണാൻ സാധ്യമല്ല. അത് ദാർശനിക ദൃഷ്ടിക്കേ ഗോചരിഭവിക്കുകകയുള്ളൂ. കേവലം യുക്തിക്ക് അത് ബോദ്ധ്യമാവുകയില്ല. ആത്മാവിന്റെ അസ്തിത്വം പോലും യുക്തിക്ക് തീരുമാനിക്കാൻ സാധ്യമല്ല. ഈയൊരു വിഷയം ആയിരക്കണക്കിന് തർക്കങ്ങൾക്ക് വിധേയമാണ്. ഇവിടെ ആത്മാവിന്റെ അസ്തിത്വത്തെ നിഷേധിക്കുന്ന നാസ്തികരായ ആയിരക്കണക്കിന് തത്വശാസ്ത്രജ്ഞന്മാരുണ്ട്. ഇത് തികച്ചും യുക്തിയുടെ ഒരു വിഷയമായിരുന്നുവെങ്കിൽ ഈ വ്യത്യസ്താഭിപ്രായങ്ങളൊന്നുമുണ്ടായിരിക്കുകയില്ലല്ലോ.

കണ്ണിന്റെ ധർമ്മം ഉദാഹരണമായെടുക്കാം. എക്സ്ന്റെ കണ്ണ് ഒരു വെളുത്ത വസ്തുവിനെ കാണുകയും വൈയുടെ കണ്ണ് ആ വെളുത്ത വസ്തുവിന്റെ രുചി നിശ്ചയിക്കുകയും ചെയ്യുക എന്നത് നമുക്ക് ചിന്തിക്കാൻ സാധ്യമല്ല. കേവല യുക്തിക്ക് ആത്മാവിന്റെ അസ്തിത്വം പോലും ദൃഢനിശ്ചയത്തോടെ അറിയുവാൻ സാധ്യമല്ല. അതിന്റെ സ്വഭാവത്തെ പറ്റിയോ അതിന്റെ ബന്ധങ്ങളെക്കുറിച്ചോ ഗ്രഹിക്കാൻ സാധ്യമല്ല. അതിനെ സംബന്ധിച്ചും അതിന്റെ ബന്ധത്തെ ക്കുറിച്ചും നാം അറിഞ്ഞതെല്ലാം പ്രവാചകത്വത്തിന്റെ സരണിയിൽ നിന്നും നാം സമാഹരിച്ചതാണ്. ചില തത്വജ്ഞാനികൾ ആത്മാവിനെക്കുറിച്ച് ചിലതെല്ലാം എഴുതിയിട്ടുണ്ട്. പക്ഷേ അവരുടെ ഈ അറിവെല്ലാം പ്രവാചകത്വത്തിന്റെ സത്തയിൽ നിന്നും കടം വാങ്ങിയതാണ്. ആത്മാവിന് കബറുമായി ഒരു ബന്ധമുണ്ട് എന്ന വസ്തുത ദാർശനിക ദൃഷ്ടികൊണ്ട് കണ്ടെത്തേണ്ടതാണ്. കളിമണ്ണിന്റെ ഒരു കുനയുമായി ആത്മാവിനുള്ള

***(ശേഷം 42- ൽ)***

ലേഖനം

ഫരീദ് അഹ്മദ് യു.കെ.

# ഖിലാഫത്ത് ഇസ്‌ലാമിൽ

## ഖിലാഫത്തിന്റെ വിവിധ മാനങ്ങൾ ഇസ്‌ലാമിക പ്രമാണങ്ങളിലൂടെ ലേഖകൻ വിശദീകരിക്കുന്നു

### മുഖവുര

അർത്ഥപൂർണ്ണവും ആധികാരികവുമായ നേതൃത്വത്തിന്റെ അഭാവമാണ് ഇന്ന് മുസ്‌ലിംകൾ നേരിടുന്ന പ്രധാന പ്രശ്നം. ലോകമാകെ ഇന്ന് പ്രക്ഷുബ്ധാവസ്ഥയിലാണ്. മുസ്‌ലിംകൾ പ്രത്യേകമായും ഇന്ന് ഭയങ്കരമായ വിഷമങ്ങൾ അനുഭവിക്കുകയാണ്. അവർക്കെതിരെ കൈക്കൊണ്ട നടപടികൾ കാരണമായും വിശുദ്ധ ഖുർആനിലും ഹദീസുകളിലും അടങ്ങിയ മാർഗ്ഗനിർദ്ദേശവും ദൃഷ്ടാന്തങ്ങളും തിരിച്ചറിയാനുള്ള സ്വന്തമായ കഴിവുകേടുകാരണമായും മുസ്‌ലിംകൾ - മറ്റാരെക്കാളും കൂടുതൽ സമാധാനവും സുരക്ഷിതത്വവുമായി ബന്ധപ്പെട്ടവരായിട്ടും - ലോകത്ത് സമാധാനത്തിനുവേണ്ടി പോരാടുകയാണ്. ആത്മീയവും ഭൗതികവുമായ നേട്ടങ്ങളുടെ ചരിത്രമുണ്ടായിട്ടും അവർ നഷ്ടാവസ്ഥയിലാണ്.

അവരിൽ വിവരമുള്ളവർ നേതൃത്വത്തിനും ഐക്യത്തിനും വേണ്ടി ഉൽക്കടമായി ആശിക്കുന്നു. അതാവട്ടെ ഖിലാഫത്തിനു മാത്രമേ നൽകാൻ കഴിയൂ. എന്നിട്ടും സ്വന്തം നിലയിൽ അവരുടെ അപഗ്രഥനവും ബുദ്ധിയും ഉപയോഗിച്ച് അങ്ങനെയുള്ളൊരു ഖിലാഫത്തിന്റെ സാധ്യതയുടെ വാതിൽ അവർ കൊട്ടിയടച്ചിരിക്കയാണ്. ഇത് കാരണം മുഹമ്മദ് നബി (സ)ക്ക് ശേഷം പ്രവാചക നിയോഗത്തെ നിഷേധിക്കുന്നത്കൊണ്ടാണ്. എന്നാൽ ഖിലാഫത്ത് തന്നെ പ്രത്യേകമായ നിലയിൽ പ്രവാചകത്വവുമായി ബന്ധിക്കപ്പെട്ടിരിക്കയാണ്.

### ഖിലാഫത്ത് വിശുദ്ധ ഖുർആനിൽ

'ഖലീഫ എന്നത് ഒരറബി പദമാണ്. അതിന്റെ അർത്ഥം പിൻഗാമി, പ്രതിനിധി എന്നൊക്കെയാണ്. ഈ പദം വിശുദ്ധ ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്നു. സന്ദർഭമനുസരിച്ച് ഇത് രണ്ടു വിധത്തിൽ ജനങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു, ഒന്നാമതായി പൊതുവിൽ ഒരു ജനക്കൂട്ടം. രണ്ടാമതായി മറ്റുള്ളവരുടെ നേതാവായ ഒരു വ്യക്തി. ആദ്യം പറഞ്ഞവർ ആദ്യജനതയുടെ പിൻഗാമികളായിരിക്കും. രണ്ടാമത് പരാമർശിക്കപ്പെട്ട വ്യക്തികൾ ദൈവനിയുക്തരായ ഖലീഫമാരായിരിക്കും.

### പലരും കൂടിച്ചേർന്ന ഒരു സംഘടനക്ക് ഖിലാഫത്ത് ശാശ്വതീകരിക്കാൻ പറ്റുമോ?

'ഖിലാഫത്ത്' എന്നതിന്റെ അർത്ഥം കൂട്ടായ നിലയിൽ എടുക്കണമെന്നും അതിന്റെ അർത്ഥം ഭരണം നടത്താൻവേണ്ടി ഒരാളെ ഏല്പിക്കുക എന്നു മാത്രമേയുള്ളൂവെന്നും ചില വ്യാഖ്യാതാക്കൾ അവകാശപ്പെടുന്നു. അതായത്, ദൈവത്തിന്റെ ഭൂമിയിലെ വിശ്വസ്തനായ വ്യക്തി എന്നർത്ഥം. മറ്റു ചില വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ മറ്റുള്ളവരെ നയിക്കാൻ കൂട്ടായ നിലയിലുള്ള ഉത്തരവാദിത്തമുള്ള ഒരു ഗ്രൂപ്പ് ആണ് ചില ഖുർആൻ സൂക്തങ്ങളിൽ ഖലീഫ എന്ന പദം ബഹുവചന രൂപത്തിൽ ഉപയോഗിക്കപ്പെട്ടിരിക്കയാൽ അതിന്റെ അർത്ഥം വ്യക്തിയെന്നതിലുപരി ജനങ്ങളുടെ കൂട്ടായ്മയാണ് എന്നീ കൂട്ടർ വാദിക്കുന്നു. ഉദാഹരണമായി സൂറ: അന്നൂറിൽ (അദ്ധ്യായം 24) 56-ാം വചനത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു.

***"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഖലീഫമാരാക്കും."...***

എന്നിരിക്കിലും, മേൽസൂക്തത്തിൽ ഖലീഫമാർ എന്ന് പരാമർശിച്ചിരിക്കയാൽ കൂട്ടായ നിലയിൽത്തന്നെ

എടുക്കണമെന്ന് പറയുന്നത് ഉപരിപ്ലവവും വിശുദ്ധ ഖുർആൻ മനസ്സിലാക്കാത്തതുകൊണ്ടുമാണ്. ഖുർആനിൽ ബഹുവചനമുപയോഗിച്ചതിനാൽ അത് സ്വയം അർത്ഥമാക്കുന്നത് എല്ലാ ആളുകളും എന്ന അർത്ഥത്തിലല്ല. "ഖിലാഫത്തെ റാശിദ'ക്കെതിരെയുള്ള ചില വിമർശനങ്ങൾക്കുള്ള വിശദീകരണം" എന്ന തന്റെ കൃതിയിൽ മൗലാനാ ശേഖ് മുബാറക്ക് അഹ്മദ് സാഹിബ് ഈ പ്രശ്നത്തോട് പ്രതികരിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ 5-ാം അദ്ധ്യായം 21-ാം വചനത്തെ ചൂണ്ടിക്കാട്ടുന്നു.

***"മൂസാ തന്റെ ജനതയോട് പറഞ്ഞ സന്ദർഭം (ഓർക്കുക), എന്റെ ജനമേ, നിങ്ങളിൽ പ്രവാചകന്മാരെ നിശ്ചയിക്കുകയും നിങ്ങളെ രാജാക്കന്മാരാക്കുകയും ചെയ്തു...."***

ശേഖ് മുബാറക് അഹ്മദ് വിശദീകരിക്കുന്നു:

രാജാക്കന്മാരായും പ്രവാചകന്മാരായും ആക്കിയ കാര്യം സംബോധന ചെയ്യുന്നത് മുഴുവൻ ആളുകളോടാണെങ്കിലും എല്ലാ ആളുകളും ആ വിധത്തിൽ ഉയർത്തപ്പെട്ടു എന്നല്ല അതിന്റെ അർത്ഥം. കൂട്ടായ അർത്ഥത്തിൽ ചെയ്യപ്പെടുന്ന വാഗ്ദാനങ്ങൾ ചില വ്യക്തികളിൽ നിവൃത്തിയാവുന്നു എന്നാണിതിനർത്ഥം.

കൂടാതെ സൂറഃഅന്നൂറിലെ വാക്യം തന്നെ മേൽ വ്യാഖ്യാനത്തെ അനുകൂലിക്കുന്നു.

**"അവൻ തീർച്ചയായും അവരെ പ്രതിനിധികളാക്കും, അവർക്ക് മുമ്പുള്ളവരിൽ പ്രതിനിധികളാക്കിയതുപോലെ"** അതായത്, മുൻകാലങ്ങളിൽ കൂട്ടായ ഒരു സംഘത്തിന് ഖിലാഫത്തിന്റെ ഉത്തരവാദിത്തങ്ങൾ നല്കിയിരുന്നുവെങ്കിൽ അതേ രീതിയിൽത്തന്നെ ഇപ്പോഴും ഉണ്ടാവുമെന്ന് നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്. പക്ഷേ, വ്യക്തികളായിരുന്നു ഖലീഫമാരെ പിന്തുടർന്നുവന്നിരുന്നതെങ്കിൽ അതേ സമ്പ്രദായം തന്നെ ഇപ്പോഴും തുടരുമെന്ന് നമുക്ക് മനസ്സിലാക്കാമായിരുന്നു. 'അവൻ പ്രതിനിധികളാക്കിയത്പോലെ' എന്ന വാക്കുകൾ, നമ്മക്കുവേണ്ടി വ്യക്തി ഖലീഫമാരെ ആക്കിയതിന്റെ ആധികാരികതയെക്കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കുന്നു.

(An exposition of some criticisms against Khilafat - i- Rashida by Moulana Sheikh Mubarak Ahmed Page 9 - 10 London Mosque 1979).

നബി തിരുമേനി(സ.അ)യുടെ ചരമത്തിനുശേഷം ഖിലാഫത്ത് എന്നതിന്റെ യഥാർത്ഥ അർത്ഥം നമുക്ക് കാണിച്ചുതന്നിരിക്കുന്നു എന്നും മൗലാനാ ശേഖ് മുബാറക്ക് അഹ്മദ് പറയുന്നു. കൂട്ടായ ഖിലാഫത്തല്ല, മറിച്ച് വ്യക്തികളായ ഖലീഫമാരായിരുന്നു അപ്പോൾ നിയമിക്കപ്പെട്ടത്. ദൈവേച്ഛ അതായിരുന്നില്ലെങ്കിൽ അങ്ങനെ സംഭവിക്കില്ലായിരുന്നു.

ഈ വ്യാഖ്യാനത്തെ പിന്തുണയ്ക്കുന്ന ശക്തമായ മറ്റൊരു വാദം അല്ലാഹു സ്വയം തന്നെ ജനങ്ങളെ നയിക്കുവാൻ വ്യക്തി ഖലീഫമാരെയാണ് നിയോഗിച്ചത് എന്നതാണ്. ആദം നബി (അ)യുടെയും ദാവൂദ് നബി (അ)യുടെയും കാര്യം നോക്കുക. വിശുദ്ധ ഖുർആൻ ഏറ്റവും നല്ല നിലയിൽ മനസ്സിലാക്കിയ നബി തിരുമേനി (സ.അ.) മനസ്സിലാക്കിയതും വ്യാഖ്യാനിച്ചതും കൂടി ഇതോടൊപ്പം ചേർക്കുക. തന്റെ ചരമശേഷം ഒരു വ്യക്തിയായിരിക്കും ഖലീഫ എന്ന പേരിൽ അറിയപ്പെടുകയെന്ന് തിരുമേനി (സ) പൂർണ്ണമായും പ്രതീക്ഷിച്ചിരുന്നു.

തിരുനബി (സ.അ) പറഞ്ഞു:

*'ഒരു അബ്സീനിയൻ അടിമയാണ് നിങ്ങളുടെ അമീർ (നേതാവ്) എന്നാൽപോലും ദൈവംഭയം കൈക്കൊണ്ടു അദ്ദേഹത്തെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക' - എന്തെന്നാൽ ഒരു കാലം വരാൻ പോകുന്നു, എനിക്ക് ശേഷം ജീവിച്ചിരിക്കുന്നവർ വലുതായ അഭിപ്രായവ്യത്യാസങ്ങൾ കാണും. അപ്പോൾ നിങ്ങളെന്റെ സച്ചരിതരായ ഖുലഫായെ (ഖലീഫമാർ)യും എന്നെയും പിന്തുടരുക. അതിനോടൊട്ടി നില്ക്കുകയും അതിനെ മുറുകെ പിടിക്കുകയും ചെയ്യുക.'*

തന്റെ ഖലീഫയായി തിരുനബി(സ.അ.) ഹദ്റത്ത് അബൂബക്കറി(റ)നെ നാമനിർദ്ദേശം ചെയ്തിരുന്നുവെന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ പിന്നീട് ദൈവത്തിൽ ഭരമേല്പിച്ചുകൊണ്ട് തിരുമേനി അത് പിൻവലിക്കുകയുണ്ടായി.

വിശുദ്ധ ഖുർആനിൽ ഖലീഫ എന്ന് പ്രയോഗിക്കപ്പെട്ട പദത്തിന് തിരുമേനി(സ) കല്പിച്ച അർത്ഥം വ്യക്തിപരമായ നേതൃത്വം എന്നു തന്നെയാണെന്ന് ഇത് നമുക്ക് വ്യക്തമാക്കിത്തരുന്നു. 'ട്രസ്റ്റിഷിപ്പ്' എന്നു മാത്രമാണ് ഖിലാഫത്ത് എന്നതുകൊണ്ട് തിരുനബി(സ) വിവക്ഷിച്ചിരുന്നതെങ്കിൽ തന്റെ ചരമശേഷമുണ്ടാവുന്ന നേതൃത്വപ്രശ്നം അദ്ദേഹം പരിഗണിക്കുകയില്ലെന്നു മാത്രമല്ല തനിക്കുശേഷം ഖലീഫയായി വരുന്ന വ്യക്തിയുടെ പേര് നിർദ്ദേശിക്കണമെന്ന ചിന്ത പോലും തിരുമേനി(സ)യ്ക്കുണ്ടാകുമായിരുന്നില്ല.

ആയതിനാൽ, വിശുദ്ധ ഖുർആനിലെ സൂറഃഅന്നൂറിൽ മുസ്‌ലിംകൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട യഥാർത്ഥ ഖിലാഫത്ത് ഇസ്‌ലാമിന്റെ ആഗമനത്തിന് മുമ്പുണ്ടാ

യിരുന്ന അതേ അടിസ്ഥാനത്തിൽ തന്നെയാണ്. അതായത്, വിശ്വാസികളുടെ തിരഞ്ഞെടുക്കപ്പെട്ട നേതാവിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ളവ തന്നെ.

## ഖിലാഫത്തും പ്രവാചകത്വവും

ഖിലാഫത്ത് എന്ന ആശയം വിശുദ്ധ ഖുർആൻ കുറേക്കൂടി വിശദീകരിക്കുന്നു. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തന്റെ ബൃഹത്തായ വിശുദ്ധ ഖുർആൻ വ്യാഖ്യാനത്തിൽ കുറിച്ചത് കാണുക.

വിശുദ്ധ ഖുർആൻ മൂന്നുവിധത്തിലുള്ള ഖിലാഫത്തുകൾ വിവരിച്ചിരിക്കുന്നു.

## പ്രവാചകന്മാരായ ഖലീഫമാർ

ഉദാ: ആദം(അ) ദാവൂദ് (അ).

ആദ(അ)മിനെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: ***'ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിയമിക്കാൻ പോകുകയാണ്.'*** *(വി. ഖുർആൻ 2:31)*

ദാവൂദി(അ)നെക്കുറിച്ച് അല്ലാഹു പറയുന്നു: ***'ദാവൂദേ, നാം നിന്നെ ഭൂമിയിൽ പ്രതിനിധിയാക്കിയിരിക്കുന്നു.'*** (വി. ഖുർആൻ 38:27).

('ചില യഹൂദന്മാർ ദാവീദിനെ ഒരു രാജാവായിട്ടാണ് കരുതുന്നത്; ഒരു പ്രവാചകനായിട്ടല്ല. എന്നാൽ വെളിപാടു ഗ്രന്ഥം നല്കപ്പെട്ട അല്ലാഹുവിന്റെ ഒരു ദൂതനായിരുന്നു അദ്ദേഹമെന്ന് വിശുദ്ധ ഖുർആൻ വളരെ വ്യക്തമായി പ്രസ്താവിക്കുന്നു.' പത്രാധിപർ.)

## 2. ഖലീഫമാരായ പ്രവാചകന്മാർ

മറ്റൊരു വലിയ പ്രവാചകന്റെ ഖലീഫമാർ ഉദാ: മൂസാനബി (അ)യുടെ ഖലീഫമാരായ ഇസ്രായേലി പ്രവാചകന്മാർ. അവരെക്കുറിച്ചു വിശുദ്ധ ഖുർആൻ പറയുന്നു.

**"നിശ്ചയമായും നാം തൗറാത്ത് ഇറക്കിയിരിക്കുന്നു. അതിൽ മാർഗ്ഗദർശനവും പ്രകാശവും ഉണ്ടായിരുന്നു. അതനുസരിച്ച് (അല്ലാഹുവിനോട്) അനുസരണം പുലർത്തുന്ന പ്രവാചകന്മാർ യഹൂദന്മാർക്കുവേണ്ടി വിധി കല്പിക്കാറുണ്ടായിരുന്നു.** (വിശുദ്ധ ഖുർആൻ 5:45)

## 3. ഒരു പ്രവാചകന്റെ പ്രവാചകന്മാരല്ലാത്ത ഖലീഫമാർ

ഭൗതികാധികാരങ്ങൾ ഉള്ളവരോ ഇല്ലാത്തവരോ ആയ ദിവ്യജ്ഞാനം സിദ്ധിച്ചവർ (റബ്ബാനിയ്യീൻ), നിയമശാസ്ത്രപണ്ഡിതന്മാർ എന്നിവരാണവർ. നിയമങ്ങളെ സൂക്ഷിക്കുകയും സംരക്ഷി ക്കലുമാണവരുടെ ദൗത്യം

***"അതനുസരിച്ച് നമ്മോടനുസരണം പുലർത്തുകയും യഹൂദന്മാർക്കുവേണ്ടി വിധി കല്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. ദിവ്യജ്ഞാനം സിദ്ധിച്ചവരും നിയമജ്ഞന്മാരും. കാരണം അല്ലാഹുവിന്റെ ഗ്രന്ഥസംരക്ഷണം അവർക്ക് ഏല്പിക്കപ്പെട്ടിരുന്നു. അവർ അതിന്റെ മേൽനോട്ടക്കാരുമായിരുന്നു*** *(വി. ഖുർആൻ 5:45)*

മൂന്നാം വിഭാഗത്തിൽ പെടുന്നവരാണ് ഖുലഫായെ റാശിദീൻ (സച്ചരിതരായ ഖലീഫമാർ). എന്തെന്നാൽ അവർ പ്രവാചകന്മാരായിരുന്നില്ല. പക്ഷേ, നബിതിരുമേനി(സ)ക്ക്ശേഷം മുസ്ലിംകളുടെ ഖലീഫമാരായിരുന്നു. ഭരണാധികാരികളും തിരുനബി(സ)യുടെ പിൻഗാമികളുമായ അവരുടെ ഖിലാഫത്തിനെക്കുറിച്ചുള്ള ധാരണയെ ആരും ചോദ്യം ചെയ്തില്ല. ഈ സുപ്രധാന കാര്യത്തിൽ നബി(സ) മനസ്സിലാക്കിയതുപോലെയാണ് അവരും മനസ്സിലാക്കിയത്.

ഖിലാഫത്തും പ്രവാചകത്വവുമായി അടിസ്ഥാനപരവും അഭേദ്യവുമായ ബന്ധം ഉണ്ടെന്ന് മേൽ വ്യാഖ്യാനത്തിൽ നിന്ന് വ്യക്തമാണ്. ജനങ്ങളുടെ നേതാക്കന്മാരായ ഖലീഫമാരെക്കുറിച്ച് ഖുർആൻ പറയുമ്പോൾ ഖലീഫമാർക്ക് പ്രവാചകന്മാരുമായി ആന്തരികമായി ബന്ധമുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. അവർ ഒന്നുകിൽ സ്വയം പ്രവാചകന്മാരായിരിക്കും അല്ലെങ്കിൽ അവർക്ക് മുമ്പുള്ള പ്രവാചകന്മാരുടെ സേവകന്മാരായിരിക്കും. ആദ്യത്തെ കാര്യത്തിൽ ഖലീഫയായി പ്രഖ്യാപിക്കുന്നത് പ്രവാചകൻ തന്നെയായിരിക്കും. തങ്ങളേക്കാൾ മഹാന്മാരായ പ്രവാചകന്മാരുടെ കാലടിപ്പാടുകൾ പിന്തുടരുന്ന ആ പ്രവാചകന്മാരായ ഖലീഫമാർ ആരാണെന്ന് ഖുർആനിൽ നിന്നും വ്യക്തമാകും. തങ്ങൾ ഉയർത്തിപ്പിടിക്കാനും സംരക്ഷിക്കാനും പരിശ്രമിക്കുന്ന അദ്ധ്യാപനം അഥവാ ശരീഅത്ത് ഉന്നതനായ ഒരു പ്രവാചകനിൽ നിന്നും അവർക്കു ലബ്ധമായതായിരിക്കും. തങ്ങളുടെ പൂർവ്വഗാമിയായ പ്രവാചകന്റെ ശരീഅത്തുമായുള്ള അവരുടെ ബന്ധം ഇത് പ്രതിഫലിപ്പിക്കുന്നു.

പ്രവാചകന്മാരല്ലാത്ത ഖലീഫമാരുടെ ഉദാഹരണം മൂസവീ ശരീഅത്തിൽ നമുക്കു കാണാൻ കഴിയും. മൂസാനബി(അ)യെ തുടർന്നുവന്ന ജോഷ്വാ അദ്ദേഹത്തിന്റെ ഖലീഫയായിരുന്നു. അതുപോലെ യേശുവിനെ പിൻതുടർന്നുവന്ന പത്രോസ് അദ്ദേഹത്തിന്റെ ഖലീഫയായിരുന്നു.

***(ശേഷം 18 - ൽ)***

ലേഖനം

അബൂ റിസ്‌വാൻ

# ക്രിസ്തീയ വെല്ലുവിളികൾക്ക് മുമ്പിൽ മുസ്‌ലിംകൾ അടിയറവ് പറയേണ്ടതുണ്ടോ?

**ആകാശവും ഭൂമിയും പിളർന്നുപോകുന്ന കടുത്ത ശിർക്കാണ് ദൈവത്തിന് പുത്രനുണ്ടെന്ന വിശ്വാസം എന്ന് ഖുർആൻ പറയുന്നു. യേശു ദൈവപുത്രനാണെന്ന് സ്ഥാപിക്കാൻ ക്രിസ്ത്യാനികൾ ഉന്നയിക്കുന്ന എല്ലാ അത്ഭുത കൃത്യങ്ങളിലും അദ്ദേഹത്തിന്റെ ആകാശവാസത്തിലും പുനരാഗമനത്തിലും നേരിയ വ്യത്യാസത്തിൽ മുസ്‌ലിംകളും വിശ്വസിക്കുന്നു. പിന്നെയെങ്ങനെ ക്രിസ്തുമതത്തെ അവർക്ക് പ്രതിരോധിക്കാനാവും**

ദൈവത്തിന്റെ ഏകത്വം സ്ഥാപിക്കാൻ വമ്പിച്ച ത്യാഗങ്ങൾ വരിച്ച മഹാനായ ഒരു പ്രവാചകനാണ് യേശു. വിശുദ്ധ ഖുർആൻ ആ മഹാത്മാവിന്റെ നിസ്തുലമായ ദിവ്യദൗത്യത്തെ സ്മരിക്കുകയും അദ്ദേഹത്തിന്റെ അപ്രകാശിതമായ ജീവിതത്തിലേക്കും ജീവിതസന്ദേശത്തിലേക്കും വെളിച്ചം വീശുകയും ചെയ്യുന്നു. പക്ഷേ യേശുവിന്റെ അനുയായികളാണെന്ന് അവകാശപ്പെടുന്ന ക്രി സ്ത്യാനികളാകട്ടെ യേശുവിന്റേതെന്ന് പറഞ്ഞ് പ്രചരിപ്പിക്കുന്ന വിശ്വാസങ്ങൾ യേശു പറയാത്തതും യേശുവിന്റെ അധ്യാപനങ്ങൾക്ക് കടകവിരുദ്ധവുമാണ്. യേശു ദൈവത്തിന്റെ പുത്രനാണെന്ന ഇതിഹാസ പരിവേഷം നൽകി അയുക്തികതയുടേയും അന്ധവിശ്വാസങ്ങളുടേയും പിൻബലത്തോടെ തൊണ്ട പൊട്ടുമാറുച്ചത്തിൽ അവർ പ്രചരിപ്പിക്കുന്ന മുക്തി ശാസ്ത്രം അന്തസാരശൂന്യമായ ജല്പനങ്ങളല്ലാതെ മറ്റൊന്നുമല്ല.

നിർഭാഗ്യകരമെന്ന് പറയട്ടെ ക്രിസ്ത്യാനികളുടെ യേശുവിനെ സംബന്ധിച്ച ഈ നിരർത്ഥകവിശ്വാസങ്ങളെ ഖണ്ഡിക്കാനോ അർത്ഥവത്തായ രീതിയിൽ മറുപടി പറയാനോ ഖുർആന്റെ അനുയായികളായ ഭൂരിപക്ഷം മുസ്‌ലിം പണ്ഡിതന്മാർക്കും സാധ്യമാകുന്നില്ല. മുസ്‌ലിം പണ്ഡിതന്മാരുടെ ഈ ബലഹീനത മനസ്സിലാക്കിയ ക്രിസ്തീയ സുവിശേഷകന്മാർ കോഴിക്കോട്ട് വന്ന് ഏപ്രിൽ രണ്ടാംവാരത്തിൽ ക്രൂശീകരണം ഉയിർത്തെഴുന്നേൽപ്പ് സ്വർഗ്ഗാരോഹണം എന്നീ വിഷയങ്ങളിൽ ഒരു സംവാദം നടത്താൻ മുസ്‌ലിം പണ്ഡിതന്മാരെ വെല്ലുവിളിക്കുകയും ഇസ്‌ലാമിക വിശ്വാസങ്ങളെ നിശിതമായി വിമർശിക്കുകയും ചെയ്തിരിക്കുന്നു. 'നൂറുൽ ഹയാത്ത്' എന്ന അവരുടെ ക്രി സ്തീയ പ്രചാരണ പ്രസിദ്ധീകരണത്തിലും ഈ വെല്ലുവിളി ആവർത്തിച്ചിരിക്കുന്നു (2009 ജനു-മാർച്ച്)

### ക്രിസ്തീയ വെല്ലുവിളികളെ മുസ്‌ലിംകൾ എന്തുകൊണ്ട് ഭയക്കുന്നു?

ക്രിസ്ത്യാനികൾ യേശുവിനെ ദൈവപുത്രനായി വിശ്വസിക്കുന്നത് അദ്ദേഹം കാണിച്ച 36 അത്ഭുത കൃത്യങ്ങൾ കൊണ്ടാണ്. ലാസറിന്റെ പുനരുത്ഥാനം, വിധവയുടെ മരിച്ച പുത്രന് ജീവൻ നൽകിയത്, സ്പർശനമാത്രയിൽ കുഷ്ഠരോഗം മാറിയത്, വെള്ള പാണ്ഡ് മാറിയത്, അന്ധന് കാഴ്ച കിട്ടിയത്, രക്തസ്രാവകാരിയെ സുഖപ്പെടുത്തിയത്....... അങ്ങനെ പോകുന്ന ദിവ്യാത്ഭുതങ്ങൾ. കൂടാതെ യേശുവിന്റെ പിതൃരഹിതമായ ജനനം, സർവ്വോപരി അതിശയങ്ങളുടെ മകുടചാർത്തായി 2000 ത്തോളം വർഷമായുള്ള യേശുവിന്റെ ആകാശവാസം, അവസാനകാലത്ത് ലോകത്തെ വീണ്ടെടുക്കാനുള്ള തിരിച്ചുവരവും!!! അങ്ങനെ അമാനുഷികതയുടേയും ദിവ്യാത്ഭുതങ്ങളുടേയും ഘോഷയാത്രയായി ക്രിസ്ത്യാനികൾ യേശുവിന്റെ ജീവിതം കൊണ്ടാടപ്പെടുന്നു - വിചിത്രമെന്ന് പറയട്ടെ യേശുവെ ദൈവപുത്രനാണെന്ന് സ്ഥാപിക്കാൻ ക്രിസ്ത്യാനികൾ തെളിവായി ഉന്നയിക്കുന്ന ഈ അത്ഭുതകൃത്യങ്ങളിലെല്ലാം മുസ്‌ലിം പണ്ഡി

തന്മാരും വിശ്വസിക്കുന്നു. അതിൽ കൂടുതലായി അദ്ദേഹം പക്ഷിയെ സൃഷ്ടിച്ചുവെന്നും മുസ്ലിംകൾ വിശ്വസിക്കുന്നു. ഖുർആനിക വിരുദ്ധവും ശിർക്കിൽ അധിഷ്ഠിതവുമായ ക്രൈസ്തവ വിശ്വാസങ്ങൾ ഏറെക്കുറെ വ്യത്യാസമില്ലാതെ വിശ്വസിക്കുന്ന മുസ്ലിംകൾക്ക് എങ്ങനെ ക്രിസ്തീയ വെല്ലുവിളികളെ നേരിടാനാവും. അവരുടെ മേൽ എങ്ങനെ വിജയം സ്ഥാപിക്കാനാവും?

ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത് പോലെയുള്ള യാതൊരു അത്ഭുതപ്രവർത്തികളും യേശു പ്രവർത്തിച്ചതായി ഖുർആനിൽ നിന്നോ മറ്റു ഇസ്ലാമിക പ്രമാണങ്ങളിൽ നിന്നോ തെളിയിക്കാൻ സാധ്യമല്ലെന്ന് അഹ്മദിയ്യാ ജമാഅത്ത് വെല്ലുവിളിക്കുന്നു. പ്രവാചക ശ്രേഷ്ഠനായ **റസൂൽ തിരുമേനി (സ)**ക്ക് പോലും ദൈവം നൽകാത്ത ദൈവികമായ കഴിവുകൾ ഇസ്രായേൽ ഗോത്രത്തിനു മാത്രമായി അയക്കപ്പെട്ട ഒരു പ്രവാചകനായ യേശുവിന് നൽകി എന്നതിന് ഖുർആനിൽ നിന്നും യാതൊരു തെളിവും ലഭിക്കുന്നതല്ല. ആലങ്കാരികാർത്ഥത്തിലും ഉപമാരൂപത്തിലും പ്രവചനഭാഷയിലും പറഞ്ഞ കാര്യങ്ങൾ സ്ഥൂലബുദ്ധികളായ അല്പജ്ഞാനികൾ അക്ഷരാർത്ഥത്തിലെടുത്ത് വ്യാഖ്യാനിച്ചുവെന്നേയുള്ളൂ. യേശുവിന്റെ പിതൃരഹിത ജനനം മനുഷ്യനിലെ അസാധാരണമായ ഒരു പ്രത്യുൽപാദന പ്രതിഭാസമാണ്. യേശുവിന്റെ മാതാവായ ഹദ്റത്ത് മർയം ബീവിയിൽ മാത്രമല്ല അത്യപൂർവ്വമായ ഈ പ്രതിഭാസം സംഭവിച്ചത്. മറ്റു സ്ത്രീകളിലും അപൂർവ്വമായി ഇത്തരം പിതൃരഹിത ജനനങ്ങൾ നടക്കാറുണ്ടെന്ന് ആധുനിക ജൈവശാസ്ത്രം തെളിവുകൾ നൽകുന്നു. ഇതിനെ സംബന്ധിച്ച് വി. ഖുർആനിൽ സൂചനകളുണ്ട്.

ക്രിസ്ത്യാനികൾക്ക് ഒരുപാട് നല്ല ഗുണങ്ങളുണ്ടെന്ന് പറഞ്ഞ ഖുർആൻ അവരുടെ ദൈവശാസ്ത്രത്തെ സംബന്ധിച്ച് ഇങ്ങനെ പറയുന്നു:

***അവരുടെ (ക്രിസ്ത്യാനികളുടെ) വായിൽ നിന്ന് പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ് കള്ളമല്ലാതെ അവർ പറയുന്നില്ല.' (18:6) 'പരമകാരുണികനായ അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്ന് അവർ പറയുന്നു. തീർച്ചയായും നിങ്ങൾ ഒരു ഭയങ്കര നിഷിദ്ധ കൃത്യം ചെയ്തിരിക്കുന്നു. അതിനാൽ ആകാശങ്ങൾ പൊട്ടി കീറുകയും ഭൂമി പിളർന്നുപോകുകയും പർവ്വതങ്ങൾ തകർന്നുവീഴുകയും ചെയ്തേക്കാം.*** (19:89–91) യേശുവിന്റെ ദൈവപുത്രത്വത്തിന് ആധാരമായി ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന അദ്ദേഹത്തിന്റെ അത്ഭുതകൃത്യങ്ങളിലും ആകാശവാസത്തിലും നേരിയ വകഭേദത്തോടെ മുസ്ലിംകളും വിശ്വസിക്കുന്നു എന്നത് ഗൗരവമേറിയ വിഷയമാണ്.

## അടിസ്ഥാന വിഷയങ്ങളിൽ സംവാദമില്ല

**'ഇസ്ലാം സംവാദം'** എന്ന പുസ്തകത്തിൽ (ഈ പുസ്തകത്തെ പറ്റി പിന്നീട് വിവരിക്കാം) ക്രിസ്ത്യാനികൾ പറയുന്നു: ***'അവന്റെ (യേശുവിന്റെ) കന്യകാജനനം സ്വർഗ്ഗാരോഹണം വീണ്ടും വരവും എല്ലാം ഒരു സാധാരണ പ്രവാചകനേക്കാൾ ഉപരിയായി അവനെ നിസ്തുല്യ പുരുഷനാക്കി തീർക്കുന്നു. അവൻ കേവലം ഒരു പ്രവാചകൻ മാത്രമാണെന്നുള്ള മുസ്ലിം വിശ്വാസത്തേക്കാൾ ഉപരിയായി ഈ ഉപദേശങ്ങളെല്ലാം അവൻ വാസ്തവത്തിൽ ദൈവപുത്രനാണെന്ന ക്രിസ്തീയ വിശ്വാസത്തെ പിന്താങ്ങുകയാണ് ചെയ്യുന്നത്.*** (ഇസ്ലാം സംവാദം പേ. 192) – പിന്നെയെങ്ങനെ ഈ കൊടിയ ശിർക്കൻ വിശ്വാസത്തെ മുസ്ലിംകൾക്ക് പ്രതിരോധിക്കാനാവും?

എം.എം. അക്ബർ സാഹിബിനെ പോലെയുള്ള സലഫീ പണ്ഡിതന്മാരും യേശുവിന്റെ അത്ഭുതകൃത്യങ്ങൾ, ആകാശാരോഹണം, രണ്ടാം വരവ് മുതലായ കാര്യങ്ങളിൽ ക്രിസ്തീയ വിശ്വാസങ്ങൾ തന്നെ വെച്ചു പുലർത്തുന്നവരാണ്. അതുകൊണ്ട് ഈ വിഷയങ്ങളിൽ അദ്ദേഹത്തെ പോലെയുള്ള പണ്ഡിതന്മാർക്ക് ക്രിസ്ത്യാനികളുമായി വാദപ്രതിവാദമോ സംവാദമോ ഇല്ല. ബൈബിൾ വാക്യങ്ങൾ മനഃപാഠം പഠിച്ച് അപ്രധാന വിഷയങ്ങളിൽ സംവാദമെന്ന പേരിൽ മുജാഹിദ് പണ്ഡിതന്മാർ നടത്തുന്ന ഈ സ്റ്റേജ് ഷോകൾ കടുത്ത ശിർക്കിൽ അധിഷ്ഠിതമായ ക്രിസ്തീയ വിശ്വാസങ്ങളുമായി ഒരിക്കലും ഏറ്റുമുട്ടുന്നില്ല എന്ന് മുസ്ലിം സംവാദക്കാർ മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ടാണ് കേരളത്തിലെ എം.എം. അക്ബറിന്റേയും ബോംബേയിലെ സക്കീർ നായിക്കിന്റേയും ആചാര്യനും ഭുവനപ്രശസ്തനായ മുസ്ലിം സംവാദവിദഗ്ദനുമായിരുന്ന ദക്ഷിണാഫ്രിക്കയിലെ അഹ്മദ് ദീദാത്ത്, പണ്ഡിതന്മാരായ ക്രിസ്ത്യാനികളുമായി നേരിട്ടുള്ള സംവാദത്തിൽ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മഹ്ദി **ഹദ്റത്ത് അഹ്മദി (അ)ന്റെ** വാദമുഖങ്ങൾക്ക് പിന്നിൽ അഭയം തേടിയത്. കാരണം അജയ്യമായ വിശുദ്ധ ഖുർആനിലധിഷ്ഠിതമായിരുന്നു ഹദ്റത്ത് അഹ്മദി(അ)ന്റെ വാദങ്ങൾ. ചിന്താശീലരായ മുസ്ലിം സഹോദരന്മാർ ഇത് സംബന്ധിച്ച് നിഷ്പക്ഷമായ വിചിന്തനങ്ങൾ നടത്തേണ്ടതുണ്ട്.

## അഹ്മദ് ദീദാത്തും ജോഷ് മക്ഡോവലുമായുള്ള 'ഇസ്ലാം സംവാദം'

1981 ആഗസ്ത് മാസത്തിൽ ദക്ഷിണാഫ്രിക്കയിലെ

ദർബനിൽ **'ക്രിസ്തു ക്രൂശിക്കപ്പെട്ടുവോ?'** എന്ന വിഷയത്തെ ആധാരമാക്കി ഒരു സംവാദം നടക്കുകയുണ്ടായി. ലോകവ്യാപകമായ പ്രചാരമായിരുന്നു ആ സംവാദത്തിന് ലഭിച്ചത്. ദക്ഷിണാഫ്രിക്കയിലെ ദർബൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വിശ്വപ്രശസ്തനായ ഇസ്‌ലാം മതപണ്ഡിതനും അതിവിദഗ്ധനായ സംവാദമർമ്മജ്ഞനും ഇന്ത്യൻ വംശജനുമായ അഹ്മദ് ദീദാത്തും പ്രഗത്ഭ സുവിശേഷപ്രവർത്തകനായ ജോഷ് മക്ഡോവലും തമ്മിലായിരുന്നു സംവാദം 'Islam Debate' എന്ന പേരിലറിയപ്പെടുന്ന ആ സംവാദത്തിന്റെ പൂർണ്ണരൂപം മക്ഡോവലിന്റെ ആമുഖക്കുറിപ്പോടുകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഞ്ചേരിയിലെ ക്രിസ്തീയ പ്രചാരണ കേന്ദ്രമായ 'മർകസുൽ ബിശാറ' **'ഇസ്‌ലാം സംവാദം'** എന്ന പേരിൽ അതിന്റെ മലയാള പരിഭാഷയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സംവാദത്തിലാണ് അഹ്മദ് ദീദാത്ത് അഹ്മദിയ്യാ വാദങ്ങൾ അവതരിപ്പിച്ച് ക്രിസ്തീയ വാദങ്ങളെ വിജയകരമായി പ്രതിരോധിക്കുന്നത്.

## ക്രൂശീകരണവും ഉയിർത്തെഴുന്നേൽപ്പും: സംവാദത്തിലെ കേന്ദ്രബിന്ദു

യേശുവിന്റെ കുരിശുമരണവും ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും ക്രിസ്തുമതത്തിലെ മൂല പ്രമാണങ്ങളാണ്. ഈ വിഷയങ്ങളിലാണ് മുഖ്യമായും ഇസ്‌ലാമുമായുള്ള വിയോജിപ്പും. പൗലോസ് അപോസ്തലൻ പറയുന്നു: ***ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം നിങ്ങളുടെ വിശ്വാസവും വ്യർത്ഥം*** (1 കൊറി 15-17)

വാസ്തവത്തിൽ ബൈബിൾ പഴയ നിയമത്തിൽ ***'കുരിശിൽ തറച്ച് കൊല്ലപ്പെടുന്നവൻ ദൈവത്താൽ ശപിക്കപ്പെട്ടവൻ*** (ആവർത്തനം 21:23)എന്ന പ്രമാണമനുസരിച്ച് യേശുവിനെ കുരിശിൽ കൊന്ന് ശപ്തനാണെന്ന് വരുത്തിത്തീർക്കുകയായിരുന്നു യഹൂദരുടെ ഉദ്ദേശം. യഹൂദരുടെ ഈ കുടിലതന്ത്രത്തിൽ നിന്നും ദൈവം അദ്ദേഹത്തെ രക്ഷിച്ചു എന്നാണ് ഖുർആൻ പറയുന്നത്. മറിച്ച് പൗലോസ് പറയുന്നത് പോലെ യേശു കുരിശിൽ തറച്ചുകൊല്ലപ്പെട്ടു എന്ന് പറയുമ്പോൾ അദ്ദേഹത്തെ ശപ്തനാക്കിതീർക്കാൻ യഹൂദികൾ നടത്തിയ ഗൂഢശ്രമം വിജയിച്ചു എന്നാണ് നാം മനസ്സിലാക്കേണ്ടത്. ഈ സങ്കല്പം ബൈബിളിനും യേശുവിന്റെ സത്യത്തിനുമെതിരാണ്. പൗലൂസാകട്ടെ യേശു ജീവിച്ചിരുന്ന കാലമത്രയും യേശുവിനെയും അനുയായികളെയും ദ്രോഹിച്ച വ്യക്തിയാണ്. ഗ്രീക്ക് റോമൻ മിത്തോളജിയിൽ അഗാധ പണ്ഡിതനായ പൗലോസ്. റോമൻ ഭ്രമം പിടിപെട്ട് 'ശൗൽ' എന്ന തന്റെ യഹൂദ നാമം ഉപേക്ഷിച്ച് 'പൗലൂസ്' എന്ന റോമൻ നാമം സ്വീകരിച്ചയാളാണ്. പിന്നീട് അദ്ദേഹം റോമൻ പൗരത്വവുമെടുത്തു. ആദിപാപ സങ്കല്പം, ക്രൂശീകരണം, ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം എന്നീ ക്രിസ്തീയ വിശ്വാസങ്ങൾ പൗലൂസാണ് മിനെഞ്ഞെടുത്തത്. അതുകൊണ്ടു തന്നെ ദൈവമഹത്വത്തിനും മനുഷ്യയുക്തിക്കും നിരക്കാത്ത ഇതിഹാസ സ്വാധീനങ്ങൾ അതിലെല്ലാം കാണാം. യേശുവിനെ എപ്പോഴും സ്തുതിച്ചു പറഞ്ഞ വിശുദ്ധ ഖുർആൻ അദ്ദേഹത്തെ സംബന്ധിച്ചു പറഞ്ഞതോ പൗലൂസ് പറഞ്ഞതോ ഏതാണ് സത്യമെന്ന് ക്രിസ്ത്യാനികളും ചിന്തിക്കട്ടെ.

ക്രിസ്തു സർവ്വമനുഷ്യരുടേയും പാപം വഹിച്ച് കുരിശിൽ മരിച്ചുവെന്നും മരിച്ചതിനുശേഷം ഉയിർത്തെഴുന്നേറ്റുവെന്നുമുള്ള ക്രൈ സ്തവരുടെ ഈ കേന്ദ്രവിശ്വാസതത്വത്തെ വിശുദ്ധ ഖുർആൻ പാടെ നിരാകരിക്കുന്നു. ക്രിസ്തു കുരിശിൽ പീഢിതനായെങ്കിലും കുരിശിൽ വെച്ച് അദ്ദേഹം മരിച്ചിട്ടില്ല. അദ്ദേഹം കുരിശിൽ ബോധരഹിതനാവുകയും മരിച്ചതാണെന്ന് മറ്റുള്ളവർ ധരിക്കുകയുമാണ് ചെയ്തത്. ഇതാണ് ഖുർആന്റെ സൂക്ഷ്മ വും ഖണ്ഡിതവുമായ പ്രഖ്യാപനം. അറബി പദകോശവും, വ്യാകരണവും, പ്രയോഗസാധുതയുമെല്ലാം അനിഷേധ്യമാംവിധം ഇതിന് സാക്ഷ്യം നില്ക്കുന്നു. ഖുർആൻ അത് വിവരിക്കുന്നു:

## ക്രൂശീകരണം : ഖുർആൻ വാദത്തെ ബൈബിൾ ശരിവെക്കുന്നു

***'അല്ലാഹുവിന്റെ ദൂതനായ മസീഹു ഇസബ്നു മർയമിനെ തീർച്ചയായും ഞങ്ങൾ വധിച്ചിരിക്കുന്നു എന്ന് അവർ പറയുന്നത് ......... വാസ്തവത്തിൽ അദ്ദേഹത്തെ അവർ വധിച്ചിട്ടില്ല ക്രൂശിച്ചു കൊന്നിട്ടുമില്ല. നേരെ മറിച്ച് അദ്ദേഹം അവർക്ക് (ക്രൂശിക്കപ്പെട്ട ഒരുവനെപോലെ) സദൃശീകരിക്കപ്പെടുകയാണുണ്ടായത്. തൽ സംബന്ധമായി ഭിന്നാഭിപ്രായക്കാരായവർ അക്കാര്യത്തിൽ സംശയത്തിൽ തന്നെയാണ്. ഊഹത്തെ പിൻപറ്റുകയല്ലാതെ അവർക്ക് അതിനെപ്പറ്റി യാതൊരറിവുമില്ല. അവർ അദ്ദേഹത്തെ ഉറപ്പായും വധിച്ചിട്ടില്ല*** (4:158)

യേശുവിന്റെ ക്രൂശീകരണ വിഷയത്തിൽ ക്രിസ്ത്യാനികളുടെ നിലപാട് വാസ്തവവിരുദ്ധമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഖുർആൻ പറയുന്നു. അദ്ദേഹത്തെ അവർക്ക് വധിക്കാനോ, ക്രൂശിച്ച് കൊല്ലാനോ സാധിച്ചിട്ടില്ല. (വമാ ഖതലൂഹു വമാസലബൂഹു) കുരിശിൽ ബോധരഹിതനായ യേശുവിനെ മരിച്ചവനെപോലെ അവർക്ക് സദൃശീകരിക്കപ്പെടുകയാണുണ്ടായത് (വലാ

കിൻ ശുബ്ബിഹ ലഹും)

ബൈബിളിന്റെ സൂക്ഷ്മവായനയിൽ നിന്നും ഖുർആന്റെ ഈ വാദത്തിന് നിരവധി തെളിവുകൾ നമുക്ക് ലഭിക്കും. യേശുവിനെ വിചാരണ ചെയ്ത പീലാത്തോസ് യേശുവിൽ യാതൊരു കുറ്റവും കാണാത്ത നീതിമാനായിരുന്നു. അദ്ദേഹത്തിന്റെ ഭക്തയായ ഭാര്യ കണ്ട ഒരു സ്വപ്നദർശനത്തിന്റെ അടസ്ഥാനത്തിൽ യേശുവിനെ ശിക്ഷിക്കരുതെന്ന് വിചാരണവേളയിൽ ആളെ പറഞ്ഞയച്ച് ഉണർത്തിയിരുന്നു. ദിവസങ്ങളോളം കുരിശിൽ തറക്കപ്പെട്ട് നരകിച്ച് മരിക്കുന്ന ശിക്ഷയാണ് ക്രൂശീകരണം. അരോഗദൃഢഗാത്രനും യുവാവുമായ യേശുവാകട്ടെ കേവലം മൂന്നു മണിക്കൂർ മാത്രമാണ് കുരിശിൽ കിടന്നത്. കൂടെയുണ്ടായിരുന്ന രണ്ട് കള്ളന്മാരേയും കുരിശിൽ നിന്നും താഴ്ത്തിയപ്പോൾ അവർ മരിച്ചിരുന്നില്ല. യേശുവിന് മാത്രം ശിഷ്യന്മാർ വീഞ്ഞ് (മയക്കുമരുന്ന്) നൽകിയിരുന്നു. അതിനാൽ യേശു ബോധരഹിതനായിരുന്നു. വൈദ്യനായ യേശുവിന്റെ രഹസ്യ ശിഷ്യൻ നിക്കോദമസ് യേശുവിനെ അനുഗമിച്ചിരുന്നു. കുരിശിൽ മയങ്ങിക്കിടന്ന യേശു മരിച്ചുവോ എന്നറിയാൻ റോമൻ പടയാളി പാർശ്വത്തിൽ കുന്തംകൊണ്ട് കുത്തിയപ്പോൾ രക്തവും വെള്ളവും തുള്ളിച്ചുവന്നു. മരിച്ച ശരീരത്തിൽ നിന്നും രക്തവും വെള്ളവും തുള്ളിച്ചുവരുമോ? ക്രൂശീകരണത്തിന് നേതൃത്വം നൽകിയ റോമൻ പടയാളികളുടെ തലവൻ ശതാധിപൻ യേശുവിന്റെ അനുഭാവിയായിരുന്നു. കല്ലറ ആറുപേർക്ക് നിൽക്കാവുന്നതാണ്. അവിടെ ആറു റാത്തൻ മീറയും അകിലും ഉണ്ടായിരുന്നു. ഇത് ക്ഷതം ചികിത്സിക്കാനുള്ള ഔഷധമാണ്. മൃതദേഹ സംസ്കരണത്തിന്നുള്ളതല്ല. മേൽപറഞ്ഞതെല്ലാം ബൈബിൾ വിവരണങ്ങളാണ്. അവസാനം കല്ലറയിലെ ചികിത്സക്ക് ശേഷം ബോധരഹിതനായ യേശു ബോധത്തിലേക്ക് തിരിച്ചുവന്നു. ഇതാണ് സംഭവിച്ചത്. ചുരുക്കത്തിൽ യേശു കുരിശിൽ ബോധരഹിതനാവുകയാണ് ചെയ്തത് എന്ന ഖുർആന്റെ പ്രസ്താവനക്ക് അനുകൂലമായി ഇനിയുമെത്രയോ തെളിവുകൾ ബൈബിളിൽ നിന്നുതന്നെ സമർപ്പിക്കാനാവും.

## മൗലാനാ മൗദൂദിയുടെ ആൾമാറാട്ട സിദ്ധാന്തം

ക്രിസ്ത്യാനികൾ സംശയത്തിലും അവ്യക്തതയിലുമാണെന്ന് പറഞ്ഞ് ക്രൂശീകരണ സംഭവത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് വെളിച്ചം വീശിയ വിശുദ്ധ ഖുർആന്റെ സത്യത്തെ തമസ്കരിക്കുന്ന രീതിയിൽ മൗലാനാ മൗദൂദിയെപോലെയുള്ള പണ്ഡിതന്മാരുടെ നിരർത്ഥകമായ വിവരണങ്ങൾ എടുത്തുകാട്ടി ക്രിസ്തീയ പണ്ഡിതന്മാർ ഖുർആനേയും ഇസ്ലാമിനേയും പരിഹസിക്കുന്നത് വേദനാജനകമാണ്. കുരിശിൽ ക്രൂശിക്കപ്പെട്ടത് യേശുവല്ല എന്നും അതിന് പകരം യേശുവിനെ പോലെ തോന്നിച്ച മറ്റൊരാളാണെന്നും യേശുവിനെ അല്ലാഹു ആകാശത്തേക്കുയർത്തി എന്നുമാണ് മൗലാനാ മൗദൂദിയും മറ്റു മുസ്‌ലിം പണ്ഡിതന്മാരും വാദിക്കുന്നത്. 'ഇസ്ലാം സംവാദം' എന്ന പുസ്തകത്തിൽ കൊടുത്ത മൗദൂദി സാഹിബിന്റെ ഒരുദ്ധരണി ഇപ്രകാരമാണ്. ***'അതിനുശേഷം താൻ ഇച്ഛിക്കുമ്പോലെ എന്തും ചെയ്യുവാൻ കഴിവുള്ള ദൈവം യേശുവിനെ ക്രൂശീകരണത്തിൽ നിന്ന് വിടുവിക്കുകയും തങ്കലേക്ക് ഉയർത്തുകയും ചെയ്തു. അതിനുശേഷം ക്രൂശിക്കപ്പെട്ട ഏതോ ഒരുവൻ ക്രിസ്തുവിന് പ്രതിപകരമായി എങ്ങനെയോ ഏതോ നിലയിൽ ക്രൂശിക്കപ്പെടുകയാണുണ്ടായത്'*** (Moududi, the meaning of the Quran P. 390) ഇസ്ലാം സംവാദം പേ. 187.

ദൈവത്തിന് എന്തും ചെയ്യാൻ കഴിയും എന്നതിനാൽ യേശുവിനെ രക്ഷിക്കാൻ യേശുവിന് പകരം മറ്റൊരാൾക്ക് യേശുവിന്റെ രൂപം നൽകി ആ രൂപം മാറ്റിയ ആളെ ക്രൂശിക്കാൻ ദൈവം പദ്ധതിയൊരുക്കി എന്നത് ദൈവത്തിന് അപകീർത്തികരമാണ്. കുറ്റം ചെയ്യാത്ത ഒരാൾക്ക് കുറ്റാരോപിതന്റെ രൂപം നൽകി അയാൾ ക്രൂശിക്കപ്പെട്ടു എന്ന് പറയുമ്പോൾ ആൾമാറാട്ടം, വഞ്ചന, കൊലപാതകം എന്നീ അപരാധങ്ങൾ ദൈവത്തിന്റെ കരങ്ങളാൽ സൃഷ്ടിക്കപ്പെട്ടു എന്നാണർത്ഥം. സർവ്വശക്തനായ ദൈവത്തിന്റെ കഴിവുകൾ ഇത്തരം ക്രിമിനൽ കുറ്റങ്ങൾ ചെയ്യാനുള്ളതാണോ? ഈ ആൾമാറാട്ട സിദ്ധാന്തം നീതീകരിക്കാൻ പ്രവാചകനായ യേശുവിന്റെ രൂപം നൽകിയത് ഒറ്റിക്കൊടുത്ത യൂദാസിന്നായിരുന്നുവെന്ന് ചില മുസ്‌ലിം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഏതായാലും ഈ ആൾമാറാട്ടം ദൈവമഹത്വത്തിന് ചേർന്നതല്ല. ഈ വിധം, വ്യവസ്ഥാപിതമായ പ്രപഞ്ച നിയമം തകിടം മറിച്ച് ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കി ദൈവം നീതി നടത്തുന്നു എന്ന് പറയുന്നത് കഠിനമായ ദൈവദൂഷണവും അല്പത്വവുമല്ലാതെ മറ്റെന്താണ്? ഈ അപഹാസ്യമായ ആൾമാറാട്ട സിദ്ധാന്തവുമായി എങ്ങനെ മുസ്‌ലിം പണ്ഡിതന്മാർക്ക് ക്രിസ്തുമതത്തെ നേരിടാനാവും?

വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവിനെ സംബന്ധിച്ച അബദ്ധവിശ്വാസങ്ങളെ അനിഷേധ്യമാംവണ്ണം തിരുത്തുകയും ക്രിസ്തീയ വിമർശനങ്ങൾക്കെതിരെ ആഞ്ഞടിക്കുകയും ചെയ്യുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആശയസമരരംഗത്ത് ക്രിസ്ത്യാനികളുടെ ഒരു പേടിസ്വപ്നമാണ് – 'ഇസ്ലാം

സംവാദം' രേഖപ്പെടുത്തുന്നു.

***'അറബി വാക്കുകളുടെ യഥാർത്ഥ വ്യാഖ്യാനം ഏതാണെന്ന് തങ്ങൾക്ക് മിക്കവാറും കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് അഹമ്മദീയ പ്രസ്ഥാനക്കാരുടെ അവകാശവാദം. മേല്പറഞ്ഞ വേദഭാഗങ്ങുടെ വ്യാഖ്യാനത്തിൽ പാരമ്പര്യ മുസ്‌ലിം ചിന്താഗതിയെ നിരസിക്കുക മാത്രമല്ല. ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയെ തന്നെ തകർക്കുന്ന ഉഗ്രമായ ഒരു പ്രഹരം ഏൽപ്പിക്കുവാനാണ് അവർ ലക്ഷ്യം വെച്ചിരിക്കുന്നത്*** (ഇസ്‌ലാം സംവാദം – പേ. 199)

യേശു കുരിശിൽ മരിച്ചിട്ടില്ലെന്നും ബോധരഹിതനായി മരിച്ചവനെപ്പോലെ സദൃശീകരിക്കപ്പെടുകയാണുണ്ടായതെന്നുമുള്ള അനിഷേധ്യവും അപ്രതിരോധ്യവുമായ ഖുർആന്റെ അടിസ്ഥാനത്തിലുള്ള അഹ്‌മദികളുടെ വാദം അവലംബമാക്കിയാണ് ലോകപ്രശസ്തനായ അഹ്‌മദ് ദീദാത്ത് ക്രിസ്ത്യാനികളുമായി ഏറ്റുമുട്ടിയത്. ദീദാത്ത് ഒരിക്കലും അഹ്‌മദി മുസ്‌ലിം ആയിരുന്നില്ല എന്ന കാര്യം പ്രത്യേകം ഓർക്കണം. ദീദാത്ത് അഹ്‌മദിയ്യാ വാദമുഖങ്ങൾ അവതരിപ്പിച്ചാൽ രക്ഷപ്പെടില്ല എന്ന് മനസ്സിലാക്കിയ ക്രിസ്തീയ സുവിശേഷകന്മാർ, ക്രിസ്ത്യാനികളുടേയും ഭൂരിപക്ഷ മുസ്‌ലിംകളുടേയും ഐക്യരൂപമുള്ള മതവിശ്വാസങ്ങൾ ക്കെതിരെ അഹ്‌മദികളുടെ വാദങ്ങൾ ഉയർത്തിക്കൊണ്ടാണ് ദീദാത്ത് ക്രിസ്ത്യാനികളെ നേരിടുന്നതെന്ന് പറഞ്ഞ് ദീദാത്തിനെ മുസ്‌ലിംകൾക്കിടയിൽ ഒറ്റപ്പെടുത്താൻ ശ്രമിക്കുന്നത് കാണുക.

***'ക്രിസ്ത്യാനികൾക്കും' മുസ് ലിംകൾക്കും വേണ്ടി, ക്വാദിയാനി സിദ്ധാന്തങ്ങൾ വളർത്തിക്കൊണ്ടു വരുവാനാണ് ദീദാത്ത് ശ്രമിക്കുന്നത് എന്നത് വ്യക്തമാണ്. ദീദാത്തിന്റെ ലഘുലേഖ പരിശോധിച്ചാൽ തന്റെ വാദമുഖങ്ങൾ പ്രധാനമായും ഗുലാം അഹ്‌മദിന്റെ ഗ്രന്ഥത്തിൽ നിന്നും കടം എടുത്തതോ അല്ലാത്തപക്ഷം ക്വാദിയാനി എഴുത്തുകാരെ അനുകരിച്ചതോ ആണെന്ന് മനസ്സിലാക്കാവുന്നതാണ്*** (ഇസ്‌ലാം സംവാദം 205)

മുസ്‌ലിംകളിലെ 72 കക്ഷികളും അഹ്‌മദികളെ കാഫിറാക്കിയിട്ടുണ്ട്. ഏറ്റവും രസകരമായിട്ടുള്ളത് അവർക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടുള്ള ക്രിസ്ത്യാനികളുടെ നിലപാടാണ്. അഹ്‌മദികളെ കാഫിറാക്കിയതിന്റെ ഗുണം ഏറ്റവും നന്നായി അനുഭവിക്കുന്നത് ഇസ്‌ലാം വിമർശകരായ ക്രിസ്ത്യാനികളാണല്ലോ. കാരണം വിമർശകർക്ക് ഒരിക്കലും തല ഉയർത്താൻ കഴിയാത്ത അനിഷേധ്യമായ ഖുർആനിക വാദങ്ങൾ ഉന്നയിക്കുന്ന അഹ്‌മദികളെ കാഫിറുകളാണെന്ന് മുദ്ര കുത്തി അകറ്റി നിർത്തിയാൽ മുസ്‌ലിം പണ്ഡിതന്മാരെ കൈകാര്യം ചെയ്യാൻ എളുപ്പമാണ്. അതുകൊണ്ടാണ് അഹ്‌മദികൾ കാഫിറുകളാണെന്ന കാര്യം മുസ്‌ലിംകളെ ഉണർത്തുന്നത്. അവർ പറയുന്നു:

***'ഇസ്‌ലാമിലെ അഹമ്മദീയ്യാ വിഭാഗക്കാർ യഥാർത്ഥ മുസ്‌ലിം വിശ്വാസത്തിന് വെളിയിൽ ആണെന്നാണ് ബഹുഭൂരിപക്ഷം മുസ്‌ലിംകളും വിശ്വസിക്കുന്നത്. ഇതിനുകാരണം അവരുടെ ഉപദേശങ്ങളിൽ പലതും മുസ്‌ലിം വിശ്വാസത്തിന് അനുപൂരകമാണെന്ന് തോന്നുമെങ്കിലും യഥാസ്ഥിതിക മുസ്‌ലിം വിശ്വാസാചരങ്ങൾക്ക് അവ എതിരാണ്. ക്രിസ്തീയ വിശ്വാസത്തിനെതിരായി ഇസ്‌ലാമിനെ അനുകൂലിക്കുന്ന ഉപദേശങ്ങളിലാണ് പ്രധാനപ്പെട്ട വിത്യാസങ്ങൾ*** (ഇസ്‌ലാം സംവാദം – പേ. 204)

## യേശുവിന് എന്ത് സംഭവിച്ചു?

ദൈവപ്രേഷിതനായ യേശു ദൈവത്തിന് വേണ്ടി ഭീഭത്സമായ പീഢനങ്ങളും നിന്ദാകരമായ ഭർത്സനങ്ങളും വമ്പിച്ച ത്യാഗങ്ങളും ഏറ്റുവാങ്ങിയ മഹാനായ ഒരു പ്രവാചകനാണ്. ദൈവപുത്രൻ എന്ന തികച്ചും വ്യാജമായ സങ്കല്പമല്ല വാസ്തവത്തിൽ അദ്ദേഹത്തെ മഹത്വപദവിയിലേക്കുയർത്തുന്നത്. മറിച്ച് മനുഷ്യനായ അദ്ദേ ഹം സഹനത്തോടെയും സ്ഥിരചിത്തതയോടെും അഭിമുഖീകരിച്ച മഹാത്യാഗങ്ങളാണ് ദൈവത്തിന് ഒരു ജൈവപുത്രനുണ്ട് എന്ന വിശ്വാസം അയുക്തികവും ശുദ്ധഭോഷ്കുമാണ്. കുരിശ് സംഭവത്തിൽ നിന്നും ദൈവസഹായത്താൽ രക്ഷപ്പെട്ട അദ്ദേഹം ചിതറി തെറിച്ച് വിദൂരതയിൽ വിസ്മൃതരായി കഴിയുന്ന യഹൂദഗോത്രങ്ങളെ തേടി ഫലസ്തീനിൽ നിന്നും കിഴക്കൻ ദിക്കിലേക്ക് സഞ്ചരിച്ചു. ബൈബിൾ വചനങ്ങൾ തന്നെ ഇതിന് സാക്ഷിയാണ്. ***ഇസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവീൻ (മത്തായി 10:6) ഇസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ ഞാൻ അയക്കപ്പെട്ടിട്ടില്ല (മത്തായി 15:24) ഈ തൊഴുത്തിൽ നിന്നല്ലാത്ത വേറെ ആടുകളും എനിക്കുണ്ട്. അവ എന്റെ ശബ്ദം കേൾക്കും*** (യോഹന്നാൻ 10:16) നഷ്ടപ്പെട്ട യഹൂദ ഗോത്രങ്ങളിൽ തന്റെ ദൈവിക ദൗത്യം പ്രേഷണം ചെയ്തതിനുശേഷം ഇന്ത്യയിലെ കശ്മീരിൽ വെച്ച് അദ്ദേഹം വിജയശ്രീലാളിതനായി കാലഗതി പ്രാപിക്കുകയാണുണ്ടായത്. അനിഷേധ്യവും അതേസമയം അപ്രകാശിത വുമായ സത്യമാണിത്.

***(ശേഷം 18- ൽ)***

ലേഖനം

മഹ്മൂദ്, കൽക്കുളം

# ഖിലാഫത്ത് - ദൈവത്തിന്റെ അനുഗ്രഹസ്രോതസ്സ്

**ഖിലാഫത്ത് ദൈവം നൽകുന്ന പാരിതോഷികമാണ്. അതിന്നായി ചില നിബന്ധനകൾ പൂർത്തിയാക്കേണ്ടതുണ്ട്**

മാനവ കുലത്തെ സന്മാർഗ്ഗപാതയിലേക്കാനയിക്കുന്നതിനാണ് ദൈവം തന്റെ വരിഷ്ഠദൂതന്മാരെ ലോകത്തേക്കയക്കുന്നത്. അലംഘനീയമായ ദൈവീകനിയമത്തിന്റെ ഭാഗമാകുന്നു പ്രവാചകനിയോഗം. അഥവാ ആത്മീയ ജീവജലത്തിന്റെ അഭാവത്താൽ ചേതനയറ്റ മനുഷ്യരാശിയെ ഉദ്ഗതിയുടെ സോപാനത്തിലെത്തിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുക എന്നത് തന്റെ നടപടിക്രമമായി ദൈവം വിളംബരപ്പെടുത്തുന്നു: **"ഇവർക്ക് മുമ്പേ പൂർവ്വികരിൽ അധികമാളുകളും വഴിപിഴച്ചുപോയിട്ടുണ്ട്. തീർച്ചയായും അവരിൽ ജാഗ്രതപ്പെടുത്തുന്നവരെ (പ്രവാചകന്മാരെ) നാം അയച്ചിട്ടുമുണ്ട്.''** (വി.ഖു. 37:72,73) **"അപ്പോൾ പൂർവ്വികരിൽ അനുവർത്തിക്കപ്പെട്ട നടപടിക്രമമല്ലാതെ മറ്റുവല്ലതും അവർ പ്രതീക്ഷിക്കുകയാണോ? അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു ഭേദഗതിയും നീ കണ്ടെത്തുകയില്ല. അല്ലാഹുവിന്റെ നടപടിയ്ക്ക് യാതൊരു മാറ്റവും നീ കണ്ടെത്തുന്നതുമല്ല,"** (35:44) ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധികളും അവന്റെ ഏകതാവിലാസം പ്രഘോഷിക്കുന്നവരുമാണ് പ്രവാചകന്മാർ. "നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക, ദുഃശ്ശക്തികളെ വർജിക്കുക (എന്ന സന്ദേശവുമായി) എല്ലാ സമുദായത്തിലും നാം പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്.'' (16:37) "ഞാനല്ലാതെ ഒരു ആരാധ്യനുമില്ല; അതിനാൽ എന്നെ ആരാധിക്കുക എന്ന് ദിവ്യബോധനം നല്കി കൊണ്ടല്ലാതെ ഒരു ദൂതനെയും നിനക്ക് മുമ്പ് നാം അയച്ചിട്ടില്ല." (21:26) പ്രവാചകന്മാർ ദൈവവിശ്വാസത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും വിശ്വാസത്തെ ദിവ്യവെളിപാടുകളുടെ സഹായത്താൽ കരുത്തുറ്റതും സംശയാതീതവുമായ നിലയിൽ സ്ഥാപിച്ചുറപ്പിക്കുകയും ചെയ്യുന്നു. മനുഷ്യന് ഐഹികജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന ബഹുമുഖപ്രശ്നങ്ങളിൽ സുബദ്ധവും കുറ്റമറ്റതുമായ വീക്ഷണഗതിയുണ്ടാക്കി, അവന്റെ ജീവിതത്തിന് ശരിയായ ദിശാബോധം നല്കുന്നത് പ്രവാചകന്മാരാണ്. സർവ്വോപരി, മനുഷ്യാത്മാവിന്റെ പവിത്രീകരണമാണ് അവരുടെ ദൗത്യമർമ്മം. ചുരുക്കത്തിൽ, ദൈവദൂതന്മാർ മുഖേന ജീവത്തായ ഒരവസ്ഥ ലോകത്ത് സംജാതമാകുന്നു.

## പ്രവാചകത്വരീതിയിലുള്ള ഖലീഫമാർ

പ്രവാചകന്മാരെത്തുടർന്ന് നിലവിൽ വരുന്ന ഖിലാഫത്ത് വ്യവസ്ഥിതിയും ദൈവത്തിന്റെ അനുഗ്രഹസ്രോതസ്സുകളിൽപെടുന്നു. പ്രവാചകന്മാരുടെ ഗുണഗണങ്ങൾ സ്വായത്തമാക്കുകയും അവരുടെ പ്രതിരൂപമെന്നോണം നിലകൊള്ളുകയും ചെയ്യുന്നവരാണ് ഖലീഫമാർ. കേവലം നബിമാരുടെ ദൗത്യപൂർത്തീകരണമാണ്, അവരുടെ പ്രാതിനിധ്യത്തിൽ വരുന്ന ഖലീഫമാരുടെയും കർത്തവ്യം. ദൈവദൂതന്മാർ, ഭൂമിയിൽ വിത്തുപാകിയ ആ യഥാർത്ഥ തൗഹീദിന്റെ വ്യാപനവും അവർ തുടങ്ങിവെച്ച ദിവ്യപദ്ധതികളുടെ പൂർത്തീകരണവും ഖലീഫമാരിലൂടെയാണ് യാഥാർത്ഥ്യ

മാകുന്നത്. അഥവാ നബിമാരിൽ ഭര മേല്പിക്കപ്പെട്ടിരുന്ന അതേ കർത്ത വ്യങ്ങൾ തന്നെയാണ് ഖലീഫന്മാർ നടപ്പിലാക്കുന്നത്. അവർ നബിമാ രുടെ ആത്മീയചൈതന്യം സമൂഹ ത്തിൽ സജീവമായി നിലനിറു ത്തുന്ന ദ്വിതീയ ദിവ്യശക്തിയാണ് ഖിലാഫത്ത്.

## പ്രവചന സാക്ഷാൽക്കാരം

ഹദ്റത്ത് ആദം (അ)ന്റെ കാലം മുതൽ പ്രാവർത്തികമായി വന്ന ഖിലാഫത്ത് വ്യവസ്ഥിതി ഇസ്‌ലാമി ലുമുണ്ടാകുന്നതാണെന്ന് പ്രത്യേ കം സുവിശേഷം നല്കപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യ യുടെ ശ്രേഷ്ഠസമുദായത്തിന് ലഭ്യ മാകുന്ന ദിവ്യാനുഗ്രഹങ്ങളിലൊ ന്നാണ് ഖിലാഫത്തെന്ന ആത്മീയ സ്ഥാപനം. ആത്മീയാനുഗ്രഹങ്ങ ളുടെ വറ്റാത്ത ഉറവയെന്നോണം നി ലകൊള്ളുന്ന സജീവ മതമായ ഇസ് ലാമിൽ ഈ ആത്മീയ സ്ഥാപന ത്തിന്റെ സാന്നിദ്ധ്യം അതിന്റെ സത്യതക്കുള്ള ദൃഷ്ടാന്തം കൂടിയാ കുന്നു. നബി(സ) തിരുമേനിയുടെ വിയോഗത്തെത്തുടർന്ന് ഹദ്റത്ത് അബൂബക്കർ (റ) ഹദ്റത്ത് ഉമർ (റ) ഹദ്റത്ത് ഉസ്മാൻ (റ) ഹദ്റത്ത് അലി (റ) എന്നിവർ യഥാക്രമം ഇസ് ലാമിക ഖിലാഫത്ത് പദവിയിൽ അവരോധിതരായി. സന്മാർഗനിഷ്ഠ രായ ഈ നാലു ഖലീഫന്മാരുടെ കാലഘട്ടം ഇസ്‌ലാമിലെ സുവർണ്ണ കാലമായിരുന്നു. ദൈവസഹായം ലഭിച്ചിരുന്ന അവർ ഇസ്‌ലാമിന്റെ തനിമ ലോകത്ത് നിലനിർത്തുകയു ണ്ടായി. അങ്ങനെ ഇസ്‌ലാം ലോ കത്ത് വ്യാപിക്കാനിടയായി. 'ഖുല ഫാ ഉർറശിദീങ്ങൾ' എന്ന് പറയുന്ന ആ നാലു ഖലീഫന്മാർക്ക് ശേഷം ഖിലാഫത്തിന്റെ സ്വച്ഛത നഷ്ടപ്പെടു കയും അതിന് വൈകല്യം സംഭവി ക്കുകയുമായിരുന്നു. എന്നാൽ വിവിധ രൂപമാറ്റങ്ങൾക്ക് ശേഷം വാഗ്ദത്ത മഹ്ദീമസീഹ് മുഖേന വീണ്ടും നുബുവ്വത്തിന്റെ മാതൃക യിലുള്ള യഥാർത്ഥ ഇസ്‌ലാമിക ഖിലാഫത്ത് നിലവിൽ വന്നു. ഇത് നബി(സ) തിരുമേനി ചെയ്ത വ്യക്ത മായ പ്രവചനത്തിന്റെ പൂർത്തീക രണം കൂടിയാണ്. ഈ പ്രവചനം മിശ്കാത്ത് കിത്താബുർരിഖാബിൽ കാണാം.

## ഖിലാഫത്ത് വാഗ്ദാനവും അതിന്റെ മഹത്വവും വിശുദ്ധ ഖുർആനിൽ

ഖിലാഫത്തിനെ കുറിച്ച് പ്രതി പാദിക്കുന്ന 'ആയത്തെ ഇസ്തിഖ് ലാഫ്'ൽ എല്ലാ കാര്യങ്ങളുമുൾകൊ ണ്ടിരിക്കുന്നു. സൂറാ-നൂറിലെ പ്ര സ്തുത വചനം ഇപ്രകാരമാണ്: **"നിങ്ങളിൽ നിന്ന് വിശ്വസിക്കുക യും സൽകർമ്മങ്ങൾ അനുഷ്ഠി ക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫ ന്മാരാക്കിയ തുപോലെ തീർച്ച യായും അവരെ യും ഭൂമിയിൽ ഖലീഫന്മാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടു ത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാ ധാനവും അവർക്ക് പകരം നല്കു കയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരി ക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനെയും അവർ പങ്കു ചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാ ണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ."** (24:56)

മേൽ ഖുർആനിക വചന ത്തിൽ നിന്ന് താഴെപ്പറയുന്ന കാര്യ ങ്ങൾ മനസ്സിലാകുന്നു

## അല്ലാഹുവിന്റെ വാഗ്ദാനവും പാരിതോഷികവും:

ഖിലാഫത്ത് ഒരു വാഗ്ദാനവും പാരിതോഷികവുമാണ്. താനിഷ്ട പ്പെടുന്ന ഒരു കാര്യം മറ്റൊരാൾ ചെയ്താൽ സന്തോഷപ്രകടനമെ ന്നോണം അതിന് എന്തെങ്കിലും പാരിതോഷികം നല്കുക എന്നത് പൊതുവെ മനുഷ്യപ്രകൃതമാണ്. എന്നാൽ സർവ്വശക്തനായ ദൈവം മുസ്‌ലിംകളിൽ ഈമാനും സൽ കർമ്മങ്ങളുമുള്ളവരോട്, അവർക്ക് ഖിലാഫത്ത് നൽകുന്നതാണെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. സമൂ ഹം ഈമാനുള്ളവരും സൽകർമ്മി കളുമാകുമ്പോൾ തന്റെ വാഗ്ദാനം അല്ലാഹു അവരിൽ പൂർത്തിയാക്കു കയും പാരിതോഷികമായി ഖിലാ ഫത്ത് നല്കുകയും ചെയ്യുന്നു. സർവ്വാധിനാഥനായ അല്ലാഹു നല് കുന്ന പാരിതോഷികമായതിനാൽ ഖിലാഫത്ത് മഹത്വപൂർണ്ണവും പ്രൗ ഢവുമായ ആത്മീയ സ്ഥാപനമാ ണെന്നതിൽ സന്ദേഹമില്ല.

## വിശ്വാസവും സൽകർമ്മവും:

ദൈവീക വാഗ്ദാനം വിശ്വാസ വും സൽകർമ്മങ്ങളുമുള്ളവരോടാ ണ്. വിശ്വാസവും സൽകർമ്മങ്ങളും മുസ്‌ലിം ജമാഅത്തിൽ നിന്നും അന്യം വന്നുപോകുന്ന ഒരു കാല ത്തെ കുറിച്ച് നബി(സ) തിരുമേനി ദീർഘദർശനം ചെയ്തിട്ടുണ്ട്. വി. ഖുർആൻ കേവലം ലിപിയിലും ഇസ്‌ലാം അതിന്റെ നാമത്തിലും അവശേഷിക്കുന്ന നിലയിൽ ഭയാന കമായ അധഃപതനമായിരിക്കും സംഭവിക്കുക. നബി(സ) പ്രവചിച്ചു: **"എന്റെ ജനതയിൽ നല്ലവർ ആദ്യ കാലത്തും അവസാനകാലത്തും ഉള്ളവരാണ്. ആദ്യകാലത്തെ ജന ങ്ങളിൽ അല്ലാഹുവിന്റെ പ്രവാച കൻ തന്നെയുണ്ടായിരിക്കും. അവ സാനകാലത്തെ ജനങ്ങളിൽ ഈസബ്നുമർയമും. അതിനിടയി ലുള്ളവർ വക്രതയുള്ളവരായി രിക്കും"** (കൻസുൽ ഉമ്മാൽ) ഈമാൻ കാർത്തികാനക്ഷത്ര

ത്തോളം ഉയർന്നുപോകുമ്പോൾ അഥവാ വിശ്വാസവും കർമ്മങ്ങളും നശിച്ച് ആത്മസത്ത ചോർന്നു പോകുന്ന സാഹചര്യം 'ഖൈറെ ഉമ്മ ത്തിൽ' സംജാതമാകുമ്പോൾ വാഗ്ദത്ത മഹ്ദീ മസീഹ് മുഖേന അടിയുറച്ച വിശ്വാസവും കർമ്മപരമായ ചൈതന്യവും വിജ്ഞാനവെൺമയും വീണ്ടും ലോകത്ത് നിലനാട്ടുന്നതാണെന്നും പ്രവചനങ്ങളിൽ നിന്ന് സുവിദിതമാകുന്നുണ്ട്. അദ്ദേഹത്തെ തുടർന്ന് നുബൂവ്വത്തിന്റെ മാതൃകയിലുള്ള യഥാർത്ഥ ഇസ്ലാമിക ഖിലാഫത്തിന് നാന്ദി കുറിക്കപ്പെടുന്നതുമാണ്. വ്യക്തമായ ഈ പ്രവചനങ്ങളുടെ വെളിച്ചത്തിൽ ഖിലാഫത്ത് സംബന്ധമായ ദൈവീക വാഗ്ദാനം വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരോടാണെന്ന കാര്യം ചിന്താർഹമാണ്. ദിവ്യസംവിധാനത്തെ വിലമതിക്കേണ്ടതും ദൈവീകമാർഗദർശനം വഴി വ്യതിരിക്തമാക്കപ്പെട്ട യഥാർത്ഥ തൗഹീദിൽ അടിയുറച്ചുനിൽക്കേണ്ടതും ഖിലാഫത്തിന്റെ സ്ഥായിയായ നിലനില്പിന് അനുപേക്ഷണീയമാണ്.

## ഖലീഫയുടെ പിന്നിൽ ദിവ്യ ഹസ്തം

പ്രവാചകന്മാർക്ക് ശേഷം നിലവിൽ വരുന്ന ഖിലാഫത്തെന്ന ദിവ്യ സ്ഥാപനത്തെ വിശ്വാസി സമൂഹത്തിൽ നിലനിറുത്തുന്നത് ദൈവമാണെന്ന് അവൻ ഊന്നിപ്പറഞ്ഞിരിക്കുന്നു. പ്രവാചകന്മാരാൽ സമുദ്ധരിക്കപ്പെട്ട വിശ്വാസികൾ മുഖേന എഴുന്നേൽപിക്കപ്പെടുന്ന ഖലീഫയുടെ പിന്നിൽ താങ്ങായി നിൽക്കുന്നതും പിന്തുണയും സഹായവും നല്കി കൊണ്ടിരിക്കുന്നതും ദിവ്യഹസ്തമാകുന്നു. ഖലീഫയുടെ ഓരോ ചലനങ്ങളിൽ നിന്നും ഈ യാഥാർത്ഥ്യം ബോദ്ധ്യമാകുന്നതാണ്. ഖിലാഫത്ത് സംസ്ഥാപനത്തിന് വേണ്ടി അഹോരാത്രം പരിശ്രമിച്ചു പരാജയപ്പെട്ട ഭൗതികപ്രസ്ഥാനങ്ങളുടെ അവസ്ഥകൾ വിളിച്ചറിയിക്കുന്നത് ഖിലാഫത്ത് മനുഷ്യകൃതമായ സംവിധാനമല്ലെന്ന് തന്നെയാണ്.

## മുസ്‌ലിം സമൂഹത്തിലും ദിവ്യാനുഗ്രഹങ്ങൾ

മുൻ സമുദായങ്ങളിൽ ഖിലാഫത്തിന്റെ അനുഗ്രഹീതം സംവിധാനം നിലനിന്നിരുന്നു. എന്നാൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യുടെ ഉൽകൃഷ്ടസമുദായം പൂർവ്വ സമുദായങ്ങളേക്കാളുപരി ദിവ്യാനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാകുന്നതാണ്. ആത്മായീനുഗ്രഹങ്ങളുടെ ഭാഗമെന്നോണം ഖിലാഫത്ത് വ്യവസ്ഥിതിയും അവരിലുണ്ടാകുന്നതാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു.

## ദീനിന്ന് പ്രബലത

മനുഷ്യരെ എല്ലാവിധ അന്ധകാരങ്ങളിൽ നിന്നും മോചിപ്പിച്ച് സംസ്കൃതചിത്തരും ദൈവപ്രബുദ്ധരുമാക്കുന്നതിനുവേണ്ടി ആഗതരാകുന്ന പ്രവാചകന്മാർ, ദിവ്യമാർഗദർശനപ്രകാരം ജനങ്ങളെ നയിക്കുന്നവരാകുന്നു. പ്രവാചകന്മാരുടെ വിയോഗാനന്തരം അവരുടെ പിന്തുടർച്ചയിൽ വരുന്ന ഖലീഫമാരാണ്. (ഖിലാഫത്ത് അലാ മിൻഹാജിന്നുബ്ബുവ്വത്ത്) ഈ ദൗത്യം പൂർണ്ണതയിലെത്തിക്കുന്നത്. ദൈവീകമതത്തിന്റെ സ്വച്ഛതയും തനിമയും നിലനിർത്തുവാൻ ഭരമേല്പിക്കപ്പെട്ടവരാണ് ഖലീഫമാർ. തന്നിമിത്തം അവരുടെ ആത്മീയനായകത്വത്തിൽ ദീനിന്ന് ശക്തിയും പ്രബലതയും ലഭിക്കുകയും ചെയ്യുന്നു.

## സമാധാന കേന്ദ്രം

ഭയാനകവും സങ്കീർണ്ണവുമായ അവസ്ഥകൾ സംജാതമാകുമ്പോൾ അതിൽ നിന്ന് മോചനമുണ്ടാകുന്ന സംവിധാനം കൂടിയാണ് ഖിലാഫത്ത്. പ്രവാചകന്മാരുടെ വേർപാടിനെത്തുടർന്ന് വിശ്വാസികളിലുണ്ടാകുന്ന വിഭ്രാന്തിയും അനിശ്ചിതാവസ്ഥയും ഖലീഫയെ എഴുന്നേല്പിക്കുന്നതിലൂടെ സമാധാനമായി പരിണമിക്കുന്നു. അതേപ്രകാരം വിശ്വാസികൾക്ക് നേരിടേണ്ടി വരുന്ന ഭയപ്പാടിന്റെയും പ്രശ്നസങ്കീർണ്ണതകളുടെയും അവസ്ഥകളിലെല്ലാം ആശ്വാസവും സമാധാനകേന്ദ്രവുമെന്നോണം പ്രവർത്തിക്കുന്ന ദിവ്യ സംവിധാനവുമാണ് ഖിലാഫത്ത്. വിശ്വാസികൾക്കായി പിഴവുകൾ സംഭവിക്കാത്ത പാത തെളിക്കുന്നവരാണ് ഖലീഫമാർ.

## ശിർക്കിൽ നിന്നും മോചനം

മതത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കടന്നുകൂടാനിടയാകുന്ന സൂക്ഷ്മമായ സാഹചര്യങ്ങളെപ്പോലും ഇല്ലാതാക്കാനാകുന്നതും ദൈവത്തിന്റെ ഏകതാവിലാസം ശരിയായ രീതിയിൽ ലോകത്ത് ഉയർത്തിപ്പിടിക്കാനാവുന്നതും സാധിക്കുന്നത്, കേവലം ദൈവീക മാർഗദർശനം സിദ്ധിച്ച ഖലീഫന്മാർക്കായിരിക്കും. "അവർ എന്നോട് യാതൊന്നിനെയും പങ്കുചേർക്കാത്തവരാകുന്നു" എന്ന ഖുർആനിക പരാമർശം ഇക്കാര്യത്തിലേക്ക് വെളിച്ചം വീശുന്നു. ദൈവസംപ്രാപ്തിയുടെ രാജവീഥിയിലേക്ക് മാർഗദർശനം നല്കുന്ന ദിവ്യസ്ഥാപനമായ ഖിലാഫത്തിനെ നിരാകരിക്കുകയും അവഗണിക്കുകയും ചെയ്യുന്നവരെയും സംബന്ധിച്ച് ഫാസിഖുങ്ങൾ (ആജ്ഞാലംഘകർ) എന്നാണ് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നത്.

## ഉപസംഹാരം

ഈ കാലഘട്ടത്തിലെ ഇമാം ഹദ്റത്ത് മീർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ ഒരു ഉപദേശം ഇവിടെ കുറിക്കുന്നു:

"ഖുദ്റത്തെ സാനിയ (ദ്വിതീയ ദിവ്യശക്തി വിലാസം) അല്ലാഹുവിൽ നിന്നുള്ള ഏറ്റവും വലിയ ഉപഹാരമാകുന്നു. അതിന്റെ ഉദ്ദേശ്യം സമുദായത്തെ ഏകീകരിക്കുകയും ഭിന്നതകളിൽ നിന്നും സംരക്ഷിക്കുകയുമാണ്. ജമാഅത്തംഗങ്ങളെ മുത്തുമണികളെപ്പോലെ കോർത്തിണക്കപ്പെടുന്ന ചരടാണിത്. മുത്തുകൾ ചിതറിപ്പോവുകയാണെങ്കിൽ അവ സുരക്ഷിതമായിത്തീരുകയോ അവയുടെ മനോഹാരിത അറിയപ്പെടുകയോ ചെയ്യുന്നതല്ല. ഒരേ ചരടിൽ കോർത്തിണക്കപ്പെടുന്ന മുത്തുമണികളാണ് മനോഹരവും സുരക്ഷിവുമായിത്തീരുക. ഈ രണ്ടാം ശക്തി പ്രഭാവം ഇല്ലെങ്കിൽ സത്യമതമായ ഇസ്‌ലാം ഒരിക്കലും പുരോഗതി പ്രാപിക്കുന്നതല്ല. അതുകൊണ്ട് ഈ ശക്തി പ്രഭാവത്തോട് പൂർണ്ണമായ നിലയിൽ ആത്മാർത്ഥതയുടെയും സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും ബന്ധം പുലർത്തുക. ഖിലാഫത്തിനോടുള്ള അനുസരണാവേശം സ്ഥായിയാക്കുക. ഇതര എല്ലാ സ്നേഹബന്ധങ്ങളും നിസ്സാരമാകുംവിധം ഖിലാഫത്തിനോടുള്ള സ്നേഹബന്ധം വർദ്ധിപ്പിക്കുക. ഇമാമുമായുള്ള ബന്ധത്തിലാണ് എല്ലാ അനുഗ്രഹങ്ങളുമുള്ളത്. അതൊന്നുമാത്രമാണ് എല്ലാവിധ കുഴപ്പങ്ങൾക്കും പരീക്ഷണങ്ങൾക്കുമെതിരിൽ ഒരു പരിചയായിട്ടുള്ളത്." (അൽഫസൽ – 23-5-2003) ●

---

***(14-ൽ നിന്ന് തുടർച്ച)***

നിറഞ്ഞു കത്തുന്ന ആ ഉജ്വല സത്യത്തിന്റെ സമൂർത്തമായ തെളിവാണ് കശ്മീരിലെ ശ്രീനഗറിലെ ഖാൻയാർ തെരുവിൽ ഇന്നും സ്ഥിതിചെയ്യുന്നു യേശുവിന്റെ കബർ. ആ കബറിനെ ചൂണ്ടിക്കാണിച്ച് ശാസ്ത്രപ്രബുദ്ധമായ ക്രൈസ്തവ നാഗരികതയോട് ഇസ്‌ലാമിന്റെ പേരിൽ അഹ്മദികളുയർത്തിയ വെല്ലുവിളിയിൽ നിന്നും ക്രൈസ്തവലോകത്തിന് ഒഴിഞ്ഞുമാറാൻ ഒരിക്കലും സാധ്യമല്ല. ഈ വെല്ലുവിളിക്ക് ചെവികൊടുക്കാതെ ആകാശം ചൂണ്ടിക്കാട്ടി യേശു ഇപ്പോൾ ആകാശത്ത് നിന്നും ഇറങ്ങിവരും എന്ന് പറഞ്ഞ് വിശ്വാസികളെ എക്കാലവും വരുതിയിൽ നിർത്താമെന്ന് ആരും വ്യാമോഹിക്കേണ്ട. ഇതിഹാസ പരിവേശം നൽകി ചരിത്രത്തിൽ നിന്നും മാറ്റി നിർത്തിയ യേശുവിനെ – ശാസ്ത്രവും ചരിത്രവും ഒരുനാൾ തിരിച്ചറിയുക തന്നെ ചെയ്യും. യേശു പറഞ്ഞതുപോലെ ***'സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും'*** (യോഹ: 8:32)

## മുസ്‌ലിം സഹോദരന്മാരോട്

ഇസ്‌ലാം മതത്തിനും പ്രവാചകപ്രഭുവായ റസൂൽ തിരുമേനി (സ)ക്കുമെതിരേയും ആഗോളവ്യാപകമായി ക്രൈസ്തവ പൗരോഹിത്വം നടത്തുന്ന ക്രൂരമായ വിമർശനങ്ങളേയും ഹീനമായ ആക്ഷേപങ്ങളേയും പ്രതിരോധിക്കാനും യേശുവിന്റെ യാഥാർത്ഥ്യം ലോകത്തെ ബോദ്ധ്യപ്പെടുത്താനും അല്ലാഹു അയച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)ന്റെ മാർഗ്ഗം നാം പിന്തുടരേണ്ടിയിരിക്കുന്നു. ശിർക്കുകളിൽ വെച്ച് ഏറ്റവും കൊടിയ ശിർക്കാണ് യേശുവിനെ സംബന്ധിച്ച് ക്രിസ്ത്യാനികൾ വെച്ചുപുലർത്തുന്നതെന്ന് ഖുർആൻ പറയുന്നു. ഈസാ നബി(അ)യെ അഥവാ യേശുവിനെക്കുറിച്ച് ക്രിസ്ത്യാനികളിൽ നിന്നും പകർന്നുകിട്ടിയ എല്ലാ അബദ്ധവിശ്വാസങ്ങളും ഖുർആന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് നാം കൈയ്യൊഴിയേണ്ടതുണ്ട്. ഇത് നമ്മുടെ വിശ്വാസത്തെ ശിർക്കിൽ നിന്നും മോചിപ്പിക്കാൻ വേണ്ടി മാത്രമല്ല. കടുത്ത ശിർക്കൻ വിശ്വാസത്തിലകപ്പെട്ട കോടിക്കണക്കിന് ക്രിസ്ത്യാനികൾക്ക് തൗഹീദ് എന്താണെന്ന് മനസ്സിലാക്കികൊടുക്കാനും സഹായകമാണ്. അതുകൊണ്ട് ദൈവത്താൽ സ്ഥാപിതമായ അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ച് സത്യാന്വേഷികൾ കൂടുതൽ മനസ്സിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ●

---

***(9-ൽ നിന്ന് തുടർച്ച***

നബിതിരുമേനി(സ)യുടെ ചരമശേഷം ഈ രീതിയിലുള്ള ഖിലാഫത്ത് ആയിരുന്നു ഉണ്ടായിരുന്നത് എന്ന് വ്യക്തമാണ്. എന്തെന്നാൽ നബിതിരുമേനി(സ)ക്ക് ശേഷം ഹദ്റത്ത് അബൂബക്കർ അദ്ദേഹത്തിന്റെ ആദ്യ ഖലീഫയായിരുന്നു. ഖിലാഫത്ത് എന്ന ഈ അനുഗൃഹീതവ്യവസ്ഥ 29 വർഷം നിലനിന്നു. ഹദ്റത്ത് അലി(റ)യുടെ ചരമത്തോടെ പ്രവാചകത്വത്തിന്റെ മാർഗ്ഗത്തിലുള്ള ആ ഖിലാഫത്തിന് ഗതിവ്യതിയാനം വന്നു.

ഇക്കാലത്ത് ഖിലാഫത്തിന്റെ പ്രസക്തിയും സാധ്യതയും പരിശോധിക്കുന്നതിന് മുമ്പ് ഖിലാഫത്തെ റാശിദ മുതൽ ഇക്കാലം വരെയുള്ള ഖിലാഫത്തിനെ പറ്റി ചുരുങ്ങിയ നിലയിൽ അവലോകനം ചെയ്യുന്നത് നന്നായിരിക്കും. വിശുദ്ധ ഖുർആനിലേയും ഹദീസിലേയും പ്രവചനങ്ങളും അദ്ധ്യാപനങ്ങളും ഇതുമായി ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെയെന്നും കാണാം.

(തുടരും)

●

അബ്ദുറഹിമാൻ കൊടിയത്തൂർ

ലേഖനം

# ഉമർ ഇബ്നു അബ്ദിൽ അസീസ്

**സാത്വിക വിശുദ്ധികൊണ്ട് ഖുലഫാഉർറാശിദയുടെ ഖിലാഫത്തിനെ അനുസ്മരിപ്പിക്കുന്ന ഇസ്‌ലാമിക ലോകത്തെ ഉജ്വലവ്യക്തിത്വമായിരുന്നു ഉമർ ഇബ്നു അബ്ദിൽ അസീസ്**

**ഖി**ലാഫത്തെ റാശിദയ്ക്കുശേഷം ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ സാരഥ്യമേറ്റെടുത്ത ഹ: മുആവിയ ഭരണം തന്റെ മകൻ യസീദിന്ന് കൈമാറുകയുണ്ടായി. അങ്ങനെ പ്രാതിനിധ്യഭരണക്രമത്തിൽ നിന്ന് രാജവാഴ്ചയിലേക്ക് ഇസ്‌ലാമിക ഭരണക്രമം മാറുകയുണ്ടായി. തിരുനബി(സ)യുടെ തന്നെ പ്രവചനമായിരുന്നു ഖിലാഫത്ത് നുബുവ്വത്തിന്റെ മാർഗ്ഗത്തിൽ നിന്ന് രാജവാഴ്ചയിലേക്ക് മാറുമെന്നത്. മുആവിയ മുഖേന തുടക്കം കുറിച്ച ഭരണവംശം ഉമവി ഖലീഫമാർ എന്ന് ചരിത്രത്തിൽ അറിയപ്പെടുന്നു. ഉമവി പരമ്പരയിൽ ഖിലാഫത്തെ റാശിദയുടെ ദിവ്യചൈതന്യം സ്വീകരിച്ച് മാതൃകാഭരണം കാഴ്ചവെച്ച ധന്യാത്മാവായിരുന്നു ഉമറുബ്നു അബ് ദിൽ അസീസ്. ഒന്നാം നൂറ്റാണ്ടിലെ മുജദ്ദിദായും അദ്ദേഹം കണക്കാക്കപ്പെടുന്നു. രണ്ടാം ഉമറെന്ന് ചരിത്രത്തിൽ അദ്ദേഹം അറിയപ്പെടുന്നു. മർവാന്റെ പുത്രനും അബ് ദുൽ മലികിന്റെ സഹോദരനുമായ അബ്ദുൽ അസീസിന്റെ പുത്രനാണ് ഉമർ രണ്ടാമൻ. ഉമറുൽഫാറൂഖിന്റെ പുത്രൻ ആസ്വിമിന്റെ പുത്രി ലൈലയാണ് അദ്ദേഹത്തിന്റെ മാതാവ്. ഹി: 61–ൽ ഈജിപ്തിലെ ഹുൽവാനിലാണ് അദ്ദേഹത്തിന്റെ ജനനം. മാതാവിന്റെ വീട്ടിലായിരുന്നു. അദ്ദേ ഹം തന്റെ ചെറുപ്പകാലം കഴിച്ചിരുന്നത്. അമീറുൽ മുഅ്മിനീന്റെ ഭവനത്തിൽ വളർന്നുവന്ന മാതാവിന്റെ ശിക്ഷണം, പുത്രന്റെ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തി എന്ന് പറയേണ്ടതില്ലല്ലോ. മാതാവിന്റെ പിതൃവ്യനായ അബ്ദുല്ലാഹിബ്നു ഉമറി(റ)ന്റെ ശിക്ഷണം ലഭിക്കുവാനും ഉമർ രണ്ടാമന് ഭാഗ്യമുണ്ടായി. അബ്ദുല്ലാഹിബ്നു ഉമറിന്റെ സാത്വികതയിൽ ആകൃഷ്ടനായിരുന്ന ആ കൊച്ചുബാലൻ അദ്ദേഹത്തെപ്പോലെ ആയിത്തീരുവാനുള്ള തന്റെ ആഗ്രഹം മാതാവിന്റെ മുമ്പിൽ പ്രകടിപ്പിക്കുകയും മാതാവ് അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഉദാരത അദ്ദേഹത്തിന്റെ ശീലമായിരുന്നു. ഹ: ഉമറുൽ ഫാറൂഖ് അദ്ദേഹത്തെ സംബന്ധിച്ച് ഒരു ദിവ്യസ്വപ്നം ദർശിച്ചിട്ടുണ്ടായിരുന്നു. അവിടുന്നു പറഞ്ഞു: “അമവികളിൽ വ്രണിതശിരസ്കൻ ആരാണ്? അതും ഉമറിന്റെ സന്താനങ്ങളിൽ? അവൻ ഉമറിന്റെ ചര്യ നടപ്പാക്കും ലോകത്തെങ്ങും നീതി നടത്തും.” ബാലനായിരിക്കെ കോവർകഴുതയുടെ ചവിട്ടേറ്റ് തലയിൽ മുറിവേറ്റിട്ടുണ്ടായിരുന്നു. അങ്ങിനെ ഉമറുൽ ഫാറൂഖിന് അല്ലാഹു നൽകിയ സുവിശേഷത്തിന്റെ സാക്ഷാൽക്കാരമായിരുന്നു നമ്മുടെ ചരിത്രപുരുഷൻ. അദ്ദേഹം കുട്ടിക്കാലത്ത് തികഞ്ഞ മതഭക്തനായിരുന്നു. ഒരിക്കൽ മാതാവ് മുറിയിൽ പ്രവേശിച്ചപ്പോൾ മകൻ കരയുന്നതാണ് കണ്ടത്. കാര്യം തിരക്കിയ മാതാവിനോട് പറഞ്ഞു: “ഒന്നുമില്ല ഉമ്മാ ഞാൻ മരണത്തെക്കുറിച്ചോർത്ത പ്പോൾ കരഞ്ഞുപോയതാണ്.” കളവ് പറയുന്ന ശീലം അദ്ദേഹത്തിനില്ലായിരുന്നു. “തുണി ഉടുക്കുവാൻ തുടങ്ങിയതു മുതൽ ഞാൻ കള്ളം പറഞ്ഞിട്ടില്ല. അതപകടമാണെന്ന് എനിക്കറിയാമായിരുന്നു.” അദ്ദേഹം തന്നെ ഒരിക്കൽ പറയുകയുണ്ടായി. പിതൃവ്യനും, ഉമവിഖലീഫയുമായിരുന്ന അബ്ദുൽ മലിക്കിന്റെ മകൾ ഫാത്വിമയായിരുന്നു അദ്ദേഹത്തിന്റെ സഹധർമ്മിണി.

ഹിജാസിലെ ഗവർണറായിക്കൊണ്ടാണ് അദ്ദേഹം ഭരണരംഗത്തേക്ക് കടന്നുവന്നത്. “താങ്കളെന്താണ് മദീനയിൽ ചെന്ന് ചുമതലകൾ ഏറ്റെടുക്കാത്തത്?” തന്റെ പിതൃവ്യനും, ഭാര്യാപിതാവുമായിരുന്ന അബ്ദുൽമലിക്കിന്റെ വിയോഗത്തെ തുടർന്ന് ഖിലാഫത്ത് ഏറ്റെടുത്ത

വലീദിന്റെ സന്ദേശമായിരുന്നു അത്. അധികാരസ്ഥാന ത്തേക്ക് ക്ഷണം കിട്ടിയാൽ സാധാരണയായി ആളുകൾ ചെയ്യുന്നത് എന്താണ്? എന്നാൽ ഇസ്‌ലാമിന്റെ മഹാനായ ഈ സന്തതി ധൃതികാണിക്കുന്നതിന് പകരം വലീദിൽ നിന്ന് ചില കാര്യങ്ങൾ ആരായുകയാണ് ചെയ്തത്.” മുൻഗാമികൾ അനുവർ ത്തിച്ച അക്രമത്തിന്റേയും, അന്യായത്തിന്റേയും രീതി താൻ ഇഷ്ടപ്പെടുന്നില്ല എന്നും തനിക്ക് സ്വതന്ത്രമായും നീതിനിഷ്ഠമായും പ്രജാക്ഷേമതല്പരതയോടെയും ഭരണം നടത്തുവാൻ ഉള്ള സ്വാതന്ത്ര്യം താ ങ്കൾ നല്കുമോ” എന്നതായിരുന്നു അദ്ദേഹത്തിന് അറിയേണ്ടിയിരുന്നത്. ഭരണാധികാരിയായ വലീദിൽ നിന്ന് വ്യക്തമായ ഉറപ്പ് ലഭിച്ചശേഷം മാത്രമാണ് അദ്ദേഹം ഗവർണർ സ്ഥാനം ഏറ്റെടുക്കാൻ തയ്യാറായത്. അങ്ങ നെ ഹി: 87 റബീഉൽ അവ്വലിൽ ഉമറുബ്നു അബ്ദിൽ അസീസ് ഗവർ ണർ സ്ഥാനമേറ്റു. ഭരണസാരഥ്യമേറ്റെടുത്ത ഉടനെ പത്തു പണ്ഡിതന്മാരെ അദ്ദേഹം തന്റെ ഉപദേശകന്മാ രായി തിരഞ്ഞെടുത്തു. സമൂഹത്തിൽ ഏറെ ആദരവും അംഗീകാരവുമുള്ള ഉൽകൃഷ്ട വ്യക്തിത്വങ്ങളായിരുന്നു പ്രസ്തുത പണ്ഡിത പ്രതിഭകൾ. അവരുമായി കൂടിയാലോചിച്ചു മാത്രമേ ഭരണകാര്യങ്ങൾ നടത്തുകയുള്ളൂവെന്ന് അദ്ദേഹം തീരുമാനിച്ചിരുന്നു. സത്യത്തിന്റെ സം സ്ഥാപനത്തിൽ തന്നെ സഹായിക്കണമെന്നും, തന്റെ തെറ്റുകൾ ചൂണ്ടിക്കാട്ടി തന്നെ സൽവഴിയിൽ നയിക്കണമെന്നും അദ്ദേഹം പ്രസ്തുത പണ്ഡിതശ്രേഷ്ഠരോട് അപേക്ഷിക്കുകയുണ്ടായി. ഉമവീ കൊട്ടാരങ്ങളിൽ സ്തുതിപാഠകരും സുഖലോലുപരും നിറഞ്ഞുനിന്നിരുന്ന ഒരു കാലഘട്ടത്തിൽ അതിൽ നിന്നെല്ലാം വിഭിന്നമായി ഉമറിന്റെ ഈ നിലപാട് ഇസ്‌ലാമിക രാഷ് ട്രത്തെ മാറ്റിമറിച്ച ഒരു ആദർശശാലിയുടെ രംഗപ്രവേശത്തിന്റെ നാന്ദിയായിരുന്നു. തന്റെ മുൻഗാമി ഹിശാമിബ്നു ഇസ്മാഈൽ മദീനയിൽ അക്രമവാഴ്ചയായിരുന്നു നടത്തിയിട്ടുണ്ടായിരുന്നത്. അദ്ദേഹം മദീനക്കാരുടെ വേദനകൾ തിരിച്ചറിയുകയും അവരോട് ചെയ്യപ്പെട്ടിരുന്ന അക്രമത്തിനും, അനീതിയ്ക്കും പകരം നീതിയും സമാധാനവും, സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്തു. അങ്ങനെ പു ണ്യ റസൂലിന്റെ പട്ടണവാസികൾ ആശ്വാസത്തിന്റെ നെടുവീർപ്പിട്ടു. അവർ തങ്ങളുടെ പുതിയ ഭരണാധികാരിയിൽ സംതൃപ്തരാവുകയും അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. രാജ്യത്തിന്റെ മറ്റുഭാഗങ്ങളെ അപേക്ഷിച്ച് മദീന അക്കാലത്തും മതപണ്ഡിതന്മാരുടെയും വിശുദ്ധാത്മക്കളുടെയും സമ്പർക്കത്താൽ ധന്യമായിരുന്നു. അത്തരം സാത്വികരുടെയെല്ലാം മനസ്സിൽ ഇടം നേടാൻ അദ്ദേഹത്തിന് സാധിച്ചു. സ്വരമാധുരിയോടെ ഖുർആൻ പാരായണം ചെയ്യുന്നവരെ അദ്ദേഹം പ്രത്യേകം ആദരിച്ചിരുന്നു. അദ്ദേഹം ഉമവി ഭരണാധികാരികളിൽ വിഭിന്നനായി വിമർശനങ്ങളെ ക്ഷമയോടെ കേൾക്കുകയും ഉൾക്കൊള്ളുകയും ചെയ്തു. ഉമറിന്റെ നടപടികളിൽ സംതൃപ്തനായ വലീദ് ഹിജാസിന്റെ മുഴുവൻ ഗവർണ്ണറായി അദ്ദേഹത്തെ നിയമിക്കുകയുണ്ടായി. എന്നാൽ നിഷ്ഠൂരനായ അമവി ഗവർണ്ണർ ഹജ്ജാജിബ്നു യൂസുഫ് ഇറാഖിലും, അതിനു മുമ്പ് ഹിജാസിലും ജനങ്ങൾക്ക് മേൽ തുല്യതയില്ലാത്ത അതിക്രമങ്ങൾ അഴിച്ചുവിടുകയുണ്ടായി. ഹജ്ജാജിന്റെ ഇറാഖിൽ നിന്ന് ക്രൂരതകൾ സഹിക്കവയ്യാതെ ഓടിവരുന്നവർക്ക് ഉമർ(റ) മദീനയിൽ അഭയം നൽകുകയുണ്ടായി. ഒരിക്കൽ ഹജ്ജിന് വരാൻ ഹജ്ജാജ് ഒരുങ്ങുന്നതായി വിവരം കിട്ടിയപ്പോൾ ജനങ്ങൾ അതിഷ്ടപ്പെടുന്നില്ലെന്ന് മനസ്സിലാക്കി ഉമർ ഇബ്നു അബ്ദുൽ അസീസ് തടയുകയുണ്ടായി. ഇതെ ല്ലാം ഹജ്ജാജിനെ ഉമറിന്റെ ശത്രുവാക്കി. ഹജ്ജാജിന്റെ ഉപജാപങ്ങൾക്ക് വശംവദനായ വലീദ് ഉമറിനെ ഗവർണ്ണർ സ്ഥാനത്തു നിന്ന് നീക്കി. ഭാര്യാസഹോദരൻ കൂടിയായ ഖലീഫ വലീദ്ബ്നു അബ് ദുൽ മലിക് തന്നെ സ്ഥാനഭ്രഷ്ഠനാക്കിയെങ്കിലും റോമക്കാർക്കെതിരെ പടപൊരുതുന്ന മുസ്‌ലിം യോദ്ധാക്കളോട് ചേർന്ന് ഒരു സാധാരണ പട്ടാളക്കാരനായി പോരാടാൻ ആ ദൈവഭക്തൻ തയ്യാറാവുകയുണ്ടായി. തനിക്ക് കൈവന്ന സന്ദർഭമെ ല്ലാം വലീദിനെ ഉപദേശിക്കുവാനും ജനങ്ങൾക്ക് ആശ്വാസം പകരുവാ നും അദ്ദേഹം ഉപയോഗിക്കുകയുണ്ടായി. അക്രമിയായ ഭരണാധികാരിക്ക് മുമ്പിൽ സത്യം തുറന്നുപറയുക എന്ന പണ്ഡിതധർമ്മം അദ്ദേ ഹം യഥാവിധി നിർവ്വഹിക്കുകയുണ്ടായി.

വലീദ്ബ്നു അബ്ദുൽ മലികിന്റെ മരണശേഷം സഹോദരൻ സുലൈമാൻ അമവി കൊട്ടാരത്തിൽ ഉപവിഷ്ഠനായി. സുലൈമാൻ മരണാസന്നനായപ്പോൾ പിൻഗാമിയെ സംബന്ധിച്ച ചർച്ചകൾ സജീവമായി. പക്ഷെ സുലൈമാന്റെ മക്കൾ കുട്ടികളും അശക്തരുമായിരുന്നു. അങ്ങിനെയാണ് ഉമറുബ്നു അബ് ദുൽ അസീസിന്റെ നേർക്ക് കണ്ണുകൾ പതിയുന്നത്. സുലൈമാന്റെ പിൻഗാമിയാവാൻ സർവ്വത്ര യോ ഗ്യൻ അദ്ദേഹമാണെന്ന് കൊട്ടാരത്തിലെ ഉന്നതശീർഷരെല്ലാം അഭിപ്രായപ്പെടുകയായി.

ഖലീഫ സുലൈമാൻ തന്റെ തീരുമാനം നേരിട്ട് അറിയിക്കുവാൻ ഇബ്നു അബ്ദിൽ അസീസിനെ തന്റെ ദർബാറിലേക്ക് വിളിച്ചുവരുത്തുകയുണ്ടായി. ഖലീഫ

യുടെ ഇംഗിതമറിഞ്ഞ ഉമർ ഭരണഭാരമേറ്റെടുക്കുവാനുള്ള തന്റെ വിസമ്മതം അദ്ദേഹത്തെ അറിയിക്കുകയാണ് ചെയ്തത്. സുലൈമാൻ തന്റെ ആവശ്യത്തിലും ഉമർ(റ)തന്റെ നിലപാടിലും ഉറച്ചുനിന്നുകൊണ്ട് ന്യായങ്ങൾ നിരത്തി. അധികാരം തന്നിലർപ്പിതമായാൽ തന്റെ പ്രവർത്തനങ്ങളിൽ വല്ല വീഴ്ചയും സംഭവിച്ചാൽ തന്റെ നാഥന്റെ മുമ്പിൽ കണക്ക് പറയേണ്ടിവരുമല്ലോ എന്നതായിരുന്നു ആ ദൈവജ്ഞാനിയുടെ ചിന്ത. എങ്ങിനെയെങ്കിലും ഈ ഭാരം എന്നിൽ നിന്ന് ഒഴിവാക്കി ത്തരണമെന്ന് ഖലീഫയുടെ ഉപദേശകരിൽ പലരെയും കണ്ടുകൊണ്ട് അദ്ദേഹം അപേക്ഷിക്കുകയുണ്ടായി. ഹി: 99 സഫർ 10 വെള്ളിയാഴ്ച ഖലീഫ സുലൈമാൻ ദിവംഗതനായി. സുലൈമാന്റെ വസിയത്തനുസരിച്ചും, അവിടെ കൂടിയിരുന്ന പരശ്ശതം ഉമവീപ്രമുഖന്മാരുടെയും ഭക്തജനങ്ങളുടെയുമെല്ലാം നിർബ്ബന്ധത്തിനു വഴങ്ങിയും, വിസമ്മതത്തോടെയാണെങ്കിലും ഖിലാഫത്ത് പദവി ഏറ്റെടുക്കാൻ ആ ആദർശശാലി നിർബന്ധിതനായി. ഹി: 99 സഫർ 10 വെള്ളിയാഴ്ച ഉമറുബ്നുൽ അബ്ദുൽ അസീസ് ഇസ്ലാമിക സാമ്രാജ്യത്തിന്റെ അധിപനും സത്യവിശ്വാസികളുടെ നായകനുമായി ബൈഅത്ത് ചെയ്യപ്പെട്ടു. ഉമറുൽ ഫാറൂഖിന്ശേഷം മു സ്ലിം ലോകത്തെ രോമാഞ്ചമണിയിച്ച ആ സുവർണ്ണകാലഘട്ടത്തിന് അവിടെ തുടക്കം കുറിക്കുകയായിരുന്നു. ആശ്വാസത്തിന്റെ നെടുവീർപ്പുകളും, ആനന്ദത്തിന്റെ നിമിഷങ്ങളുമായിരുന്നു അവിടെ കൂടിയിരുന്നവർക്കെല്ലാം. പക്ഷെ അമീറുൻമുഅ്മിനീന്റെ സുന്ദരവദനത്തിലേക്ക് ദൃഷ്ടി പതിപ്പിച്ചവർക്ക് കാ ണുവാൻ കഴിഞ്ഞത് അതിശക്തമായി വിറച്ചുകൊണ്ട് കണ്ണുനീർ പൊഴിക്കുന്നതായിട്ടാണ്. സമാനമായൊരു ദൃശ്യം ആഗോള അഹ്മദികൾ ദർശിക്കുകയുണ്ടായി. 2003 ഏപ്രിൽ 23ന് ലണ്ടൻ പള്ളിയിൽ വെച്ച് ഖിലാഫത്ത് തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഖലീഫതുൽ മസീഹ് V തുവാല കൊണ്ട് കണ്ണുനീർ തുടച്ച് നമ്രമുഖനായി പുറത്തുവരുന്ന ആ ദൃശ്യം എം.ടി.എ. ഇന്റർനാഷണൽ മുഖേന പ്രക്ഷേപണം ചെയ്തപ്പോഴായിരുന്നു അത്. ഭൗതികരായ ആളുകൾ സ്ഥാനലബ്ധിയിൽ ഉന്മാദചിത്തരാവുമ്പോൾ ദൈവികവ്യക്തിത്വങ്ങൾ ഉത്തരവാദിത്വബോധത്താൽ മ്ലാനമുഖരായിത്തീരുന്നു. ഖിലാഫത്ത് തന്നിലർപ്പിക്കപ്പെട്ടതിനെ തുടർന്ന് ഉമറുബ്നുൽ അബ്ദുൽ അസീസ് സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ട് പ്രൗഢമായ ഒരു പ്ര സംഗം ചെയ്തു. പ്രവാചകചര്യയും ഖുലാഫാഉർറാശിദയുടെ മഹിതമായ മാതൃകയും പുനഃസ്ഥാപിക്കുവാനുള്ള തന്റെ ദൃഢനിശ്ചയം പ്ര സ്തുത പ്രസംഗത്തിൽ നിഴലിച്ചിരുന്നു. ഉമവികളുടെ ആഡംബരത്തിനുപകരം ലാളിത്യവും, നീതിയും, സത്യസന്ധതയും ഭരണരംഗത്തും സാമൂഹ്യരംഗത്തും സ്ഥാപിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ ദൃഢനിശ്ചയം. ഉമവീകൊട്ടാരത്തിലെ ആഡംബരങ്ങളിൽ നിന്നെല്ലാം അദ്ദേഹം വിട്ടുനിന്നു. കൊട്ടാരത്തിലെ വില കൂടിയ വസ്തുക്കളെല്ലാം വിറ്റ് പൊതുഖജനാവിൽ ലയിപ്പിച്ചു. കൊട്ടാരത്തിലെ പരിചാരകരെയും നർത്തകിമാരെയു മെല്ലാം അദ്ദേഹം പിരിച്ചുവിട്ടു. മേൽ തരം കുതിരകളെയും അംഗരക്ഷകരെയുമെല്ലാം അദ്ദേഹം ഉപേക്ഷിച്ചു. മുൻജീവിതത്തിൽ ആഡംബരം കൈകൊണ്ടിരുന്ന അദ്ദേഹം തിക ച്ചും ലളിതമായ ജീവിതം തെരഞ്ഞെടുത്തു. അദ്ദേഹം പരുക്കൻ വസ്ത്രങ്ങൾ അണിയുകയും ലളിതമായ ഭക്ഷണക്രമം സ്വീകരിക്കുകയും ചെയ്തു. തന്റെ സ്വന്തക്കാരാരും തന്നെ പൊതുമുതൽ ഉപയോഗിക്കരുതെന്ന് അദ്ദേഹം നിഷ്കർഷിച്ചു.

അദ്ദേഹം ഭരണരംഗത്ത് പല മാറ്റങ്ങളും വരുത്തി. അമുസ്ലിം പ്രജകളിൽ നിന്ന് അവരുടെ സംരക്ഷണത്തിന് പകരമായി ഈടാക്കിയിരുന്ന 'ജിസ്യ' എന്ന നികുതി പരിവർത്തിത മുസ്ലിംകളും നൽകണമെന്ന് അമവി ഭരണകൂടം നിഷ് കർഷിച്ചിരുന്നു. അമുസ്ലിംകൾ കൂട്ടമായി ഇസ്ലാമാശ്ലേഷിക്കുന്നതു കാരണം ഖജനാവ് ശോഷിക്കുമോ എന്ന ഭീതിയായിരുന്നു അതിനുകാരണം. ഉമർ പരിവർത്തിത മുസ്ലിം കളെ 'ജിസ്യ' യിൽ നിന്നൊഴിവാക്കുകയാണ് ആദ്യമായി ചെയ്തത്. ഇസ്ലാം മതപ്രചരണത്തിന് അദ്ദേ ഹം വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു. ഈ കാര്യത്തിൽ സ്നേ ഹത്തിന്റെയും പ്രേരണയുടെയും മാർഗം സ്വീകരിക്കാൻ അദ്ദേഹം ഉപദേശിച്ചു. റോമാചക്രവർത്തിയെ അദ്ദേഹം ഇസ്ലാമിലേക്ക് ക്ഷണിക്കുകയുണ്ടായി. തുർക്കിസ്ഥാൻ ഇസ്ലാമിന്റെ കേന്ദ്രമാവാൻ കാര ണം ഖലീഫയുടെ ശ്രമങ്ങളാണ്. ആഫ്രിക്കയിലെ 'ബർബർ' ജന സമൂഹം ഇസ്ലാം സ്വീകരിച്ചതും അദ്ദേഹത്തിന്റെ പ്രവർത്തനഫലമായിരുന്നു. അമവീ ഖലീഫമാർ ജുമുഅ ഖുതുബകളിൽ അലി(റ)വിനെ അധിക്ഷേപിക്കാൻ പതിവാക്കി യിരുന്നു; ഖലീഫസ്ഥാനത്ത് അവരോധിതനായ ഉടൻ തന്നെ അവിടുന്ന് അത് നിർത്തൽ ചെയ്തു. അമുസ്ലിംകളോടുള്ള അദ്ദേഹത്തിന്റെ സഹിഷ്ണുതയോടെയുള്ള പെരുമാറ്റം അവരുടെ മതനേതാക്കളുടെ പ്രശംസക്കിടയാക്കിയെന്ന് സർ തോമസ് അർണോൾഡ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രതിയോഗികളെ അടിച്ചമർത്തുന്നതിനു പകരം സം വാദത്തിലൂടെ അവരിൽ പരിവർത്തനമുണ്ടാക്കുന്നതിനായിരുന്നു അദ്ദേ ഹം ശ്രമിച്ചിരുന്നത്. ഖവാരിക്കുകൾ വിപ്ലവത്തിനൊരുങ്ങിയപ്പോൾ പോ

ലും സൈനികനടപടിയ്ക്കുപകരം സംഭാഷണത്തിന്റെ രീതിയായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്. അങ്ങനെ രക്തച്ചൊരിലിന്റെ അനേകം സന്ദർഭങ്ങൾ അദ്ദേഹ ത്തിന്റെ നയചാതുരിമൂലം സമാധാനത്തിലും ഐക്യ ത്തിലും കലാശിക്കുകയുണ്ടായി.

ലളിതജീവിതത്തിന്റെ പര്യായമായി മാറിയ അദ്ദേഹം പ്രിയപത്നി ക്ക് പിതാവ് അബ്ദുൽ മലിക് നൽകിയ രത്നോപഹാരം ശ്രദ്ധയിൽപെട്ടപ്പോൾ പറഞ്ഞു: "ഫാതി മാ ഒന്നുകിൽ ഈ രത്നം പൊതുഖജനാവിൽ നിക്ഷേ പിക്കണം, അല്ലെങ്കിൽ നീയുമായി വേർപിരിയാൻ എന്നെ അനുവദിക്കണം" എന്നായിരുന്നു. "എനിക്ക് അങ്ങ് മതി" എന്നായിരുന്നു ആ പുണ്യവതിയുടെ പ്രതി കരണം. പൂർവ്വകാലത്ത് നാലപ്തിനായിരം ദിർഹം സ്വന്തം ജീവിതത്തിനുവേണ്ടി ചിലവഴിച്ചിരുന്ന അദ്ദേഹം കേവലം 2 ദിർഹം കൊണ്ട് ദൈനംദിനജീവിതം കഴിച്ചു കൂട്ടി. സാധാരണക്കാർക്ക് പ്രാപ്യമായ ഭക്ഷണം മാത്രമേ അദ്ദേഹം കഴിച്ചിരുന്നുള്ളൂ. ഒരിക്കൽ ഖലീഫയുടെ ഒരു സുഹൃത്ത് അദ്ദേഹത്തെ സന്ദർശിക്കാൻ വന്നു. സംഭാ ഷണമധ്യേ ഉമറിന്റെ ചോദ്യം "എന്റെ ഭരണം താങ്കളെ സന്തോഷിപ്പിക്കുകയോ ദുഃഖിപ്പിക്കുകയോ?" "ജനങ്ങ ളുടെ സ്ഥിതിയോർക്കുമ്പോൾ സന്തോഷം താങ്കളുടെ അവസ്ഥ ആലോചിക്കുമ്പോൾ ദുഃഖവും'' ഇതായിരുന്നു സുഹൃത്തിന്റെ മറുപടി.

ഭരണമേറ്റെടുത്ത ഉടനെ ജനങ്ങളെ ക്രൂരമായി പീഡിപ്പിക്കുകയും, അഴിമതിയിലും, സുഖലോലുപത യിലും മുങ്ങിക്കുളിക്കുകയും ചെയ്ത മുഴുവൻ ഉദ്യോ ഗസ്ഥരെയും അദ്ദേഹം പിരിച്ചുവിടുകയുണ്ടായി. ഗവർണ്ണർമാരും, കരംപിരിവുകാരും, ന്യായാധിപന്മാരു മെല്ലാം ഇങ്ങനെ പിരിച്ചുവിടപ്പെട്ടവരിൽ ഉൾപ്പെട്ടിരുന്നു. മർദ്ദകഭരണത്തിന്റെ ഉപകരണങ്ങളായി വർത്തിച്ചവരെ പൊറുപ്പിച്ചുകൊണ്ട് ഒരിക്കലും നീതിയിലധിഷ്ഠിതമായ ഭരണം കാഴ്ചവെക്കാൻ സാധ്യമല്ലെന്ന് അദ്ദേഹം മന സ്സിലാക്കിയിരുന്നു. ഓരോ പ്രദേശത്തും പുതിയ ഗവർണ്ണർമാരെ നിയോഗിച്ചിരുന്നത് തദ്ദേശിയരുടെ അഭി പ്രായം ആരാഞ്ഞുകൊണ്ടായിരുന്നു. അദ്ദേഹം തന്റെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുകൊണ്ടി രിക്കുകയും, ജനങ്ങളുടെ ഭാഗത്തുനിന്നുള്ള ആക്ഷേ പങ്ങൾ പരിശോധിച്ച് ശരിയെന്ന് കണ്ടാൽ അവരെ മാറ്റാൻ തയ്യാറാവുകയും ചെയ്തു.

മതസഹിഷ്ണുതയുടെ ഉദാത്ത മാതൃകയും അദ്ദേ ഹം കാഴ്ചവെക്കുകയുണ്ടായി. രാജ്യത്തെ മുഴുവൻ അമുസ്ലിം പൗരന്മാരോടും നീതിയോടെ പ്രവർത്തിക്കാ നും, അവർക്ക് സംരക്ഷണവും, സുരക്ഷിതത്വവും നൽകാൻ പ്രത്യേകമായ നിലയിൽ ആജ്ഞ നൽകുക യുണ്ടായി. ക്രിസ്ത്യാനികളും, മുസ്ലിംകളും രണ്ട് ഭാഗ ങ്ങളായി ഉപയോഗിച്ചുകൊണ്ടിരുന്ന ഡമസ്കസിലെ പള്ളി വലീദിന്റെ ഭരണകാലത്ത് ക്രൈസ്തവപ്രജക ളുടെ സമ്മതത്തോടെ മുസ്ലിം പള്ളിയായി പുനർ നിർമ്മിക്കുകയുണ്ടായി. ഇരുപതുവർഷം വേണ്ടിവന്നു അതിന്റെ പണി പൂർത്തിയാക്കാൻ. പന്തീരായിരം ജോലി ക്കാർ അതിന്റെ നിർമ്മാണത്തിൽ പങ്കുവഹിച്ചു. റോമിൽ നിന്നു പോലും വിദഗ്ധരെ ഇറക്കുമതി ചെയ്തു. ആ കാലത്ത് ലഭ്യമായിരുന്ന മുഴുവൻ അലങ്കാരവസ്തു ക്കളും കൊണ്ട് അലങ്കരിക്കപ്പെട്ട പള്ളിയുടെ നിർമ്മാ ണത്തിനായി വലീദിന്റെ കാലത്ത് തന്നെ ഒരു കോടി അറുപത് ലക്ഷം ദീനാർ ചെലവഴിക്കപ്പെട്ടശേഷം സുലൈമാന്റെ കാലഘട്ടത്തിലാണ് പൂർത്തിയായത്. ആ കാലഘട്ടത്തിലെ ഏറ്റവും വലുതും മഹാത്ഭുതവുമായി രുന്നു പ്രസ്തുത പള്ളി!! ഉമർ ഇബ്നു അബ്ദിൽ അസീസ് ഖലീഫയായതോടെ ക്രൈസ്തവസമൂഹം അദ്ദേഹത്തെ സമീപിച്ച് ചർച്ച് പുനർനിർമ്മിച്ച് നൽക ണമെന്ന് ആവശ്യപ്പെട്ടു. വലീദിന്റെ കാലത്ത് നിർബ്ബ ന്ധിതമായാണ് ഞങ്ങളത് വിട്ടുകൊടുത്തതെന്ന് വാദി ക്കുകയും ചെയ്തു. മുസ്ലിംകളുടെ അഭിമാനഹേതു കവുമായ പള്ളി പൊളിച്ചു ചർച്ച് നിർമ്മിക്കുക! ഭക്ത നായ മുസ്ലിം ഭരണാധികാരിയുടെ മുമ്പിൽ ഉന്നയിക്ക പ്പെട്ട ആവശ്യമാണിത്!! ഒരു ഭരണാധികാരി നേരിടാവു ന്നതിൽ ഏറ്റവും ശക്തമായ പരീക്ഷണം. എന്നാൽ നീതി മാനായ ഖലീഫ പള്ളി പൊളിച്ചു ചർച്ച് പുനർനിർമ്മി ക്കാൻ ഉത്തരവിടുന്നു!! മുസ്ലിം വികാരം ഒന്നോർത്തു നോക്കുക. പക്ഷെ ഖലീഫ അവരുടെ സമ്മർദ്ദത്തിന് വഴങ്ങാതെ തീരുമാനത്തിൽ ഉറച്ചുനിന്നു. (പിന്നീട് മുസ്ലിംകൾ ക്രിസ്ത്യാനികളുമായി സന്ധിയിലേർപ്പെ ട്ടു. ക്രിസ്ത്യാനികൾ നിലപാടു മാറ്റിയതിനെ തുടർന്ന് പ്രസ്തുത തീരുമാനം റദ്ദാക്കപ്പെട്ടു) ഉമറുബ്നു അബ്ദുൽ അസീസിന്റെ സഹിഷ്ണുതയുടെയും നീതി യുടെയും മാതൃകകൾ കൊണ്ട് ചരിത്രത്താളുകൾ നിറ ഞ്ഞുകിടക്കുന്നുവെങ്കിലും ഈ സംഭവത്തിനപ്പുറം

കൂടുതൽ ഉദ്ധരിക്കേണ്ട ആവശ്യമുണ്ടോ ആ മഹാന്റെ ഉദാത്തമായ മാതൃകകൾ പ്രകാശിതമാവാൻ.

വിദ്യാഭ്യാസരംഗത്തും അദ്ദേ ഹം പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയുണ്ടായി. പണ്ഡിതന്മാരെ അദ്ദേഹം ബഹു മാനിക്കുകയും തന്റെ ദർബാറിൽ അവർക്ക് പ്രത്യേക സ്ഥാനം നൽകുകയും ചെയ്തു. വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും, ചരിത്രത്തിൽതന്നെ ആദ്യ

***(ശേഷം 42-ൽ)***

ലേഖനം

വലീദ് അഹ്മദ്

# ക്രിസ്ത്യൻ മിഷനറിമാരുടെ ആക്രമണവും വാഗ്ദത്ത മസീഹിന്റെ പ്രതിരോധവും (തുടർച്ച)

**ഇന്ത്യയെ മുഴുവൻ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യും എന്ന് പ്രഖ്യാപിച്ച ക്രിസ്ത്യൻ മിഷനറിമാർ ഹദ്റത്ത് അഹ്മദിന്റെ വാദമുഖങ്ങളെ പ്രതിരോധിക്കാനാവാതെ പരാജയം സമ്മതിച്ച് പിൻവാങ്ങുകയായിരുന്നു**

## വിശുദ്ധയുദ്ധം

ഇസ്ലാം മതത്തിന്റെ അദ്ധ്യാപനങ്ങൾക്കെതിരെ യുള്ള വിമർശനങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ട് വാഗ്ദത്ത മസീഹ് നിരവധി സംവാദങ്ങളിൽ പങ്കെടുക്കുകയുണ്ടായി. അതിലൊരാൾ അബ്ദുല്ലാ ആഥിം ആയിരുന്നു. ആഥിം ഒരു യോഗ്യനായ മിഷിനറിയായിരുന്നില്ല. അദ്ദേഹം ഒരു റിട്ടയേർഡ് ഗവൺമെന്റുദ്യോഗസ്ഥൻ മാത്രമായിരുന്നു. അദ്ദേഹത്തിന് വേദപുസ്തകത്തെ സംബന്ധിച്ച് സൂക്ഷ്മമായ അവഗാഹം ഉണ്ടായിരുന്നു. അതുകൊണ്ട് അമൃത്സറിലെ ക്രിസ്ത്യൻ മിഷൻ സംവാദത്തിൽ ക്രിസ്തുമതത്തെ പ്രതിനിധീകരിച്ചുകൊണ്ട് ക്രിസ്തുമതത്തെ പ്രതിരോധിക്കാനും ഇസ്ലാമിനെ വിമർശിക്കാനും ഉള്ള ദൗത്യം അദ്ദേഹത്തെ ഏൽപ്പിക്കുകയുണ്ടായി. 1893ലാണ് പാതിരി ആഥിമുമായുള്ള സംവാദം നടന്നത്. മെയ് മാസം 22 മുതൽ ജൂൺ 5 വരെ അത് തുടർ ന്നു. ആ സംവാദം നടന്നത് ഹെൻട്രി മാർട്ടിൻ ക്ലാർക്കിന്റെ വസതിയിൽ വെച്ചായിരുന്നു. സംവാദത്തിന് നിയമങ്ങളും നിബന്ധനകളും നിശ്ചയിക്കുകയും എഴുതി തയ്യാറാക്കിയ ലേഖനങ്ങൾ കൈമാറുകയും ചെ യ്തു. ഈ രേഖകൾ പിന്നീട് 'ജെംഗെമുഖദ്ദസ്' അഥവാ 'വിശുദ്ധ യുദ്ധം' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇസ്ലാം മതത്തിന്റേയും ക്രിസ്തുമതത്തിന്റേയും മൂല്യത്തെ പറ്റിയുള്ള ഒരു താരതമ്യപഠനമായിരുന്നു അത്. വാഗ്ദത്ത മസീഹിന്റെ വാദമുഖങ്ങൾ അനിഷേധ്യവും വളരെ യുക്തിഭദ്രവുമായിരുന്നു. ഈ സംവാദകാലയളവിൽ നിരവധി പേർ അഹ്മദിയ്യാ ജമാഅത്തിലേക്ക് പ്രവേശിക്കുകയുണ്ടായി.

ഈ സംവാദവേളയിൽ വാഗ്ദത്ത മസീഹിനെ പരിഹസിക്കാൻ ഡോ: ക്ളാർക്കു അദ്ദേഹത്തിന്റെ സംഘവും മൂന്ന് ആളുകളെ അവിടെ കൊണ്ടുവന്നു. ഒരാൾ മുടന്തനും മറ്റൊരാൾ അന്ധനും മൂന്നാമത്തെയാൾ ബധിരനുമായിരുന്നു. അങ്ങനെ അവർ വാഗ്ദത്ത മസീഹിനോടായി പറഞ്ഞു. യേശുവിന്റെ രണ്ടാം വരവിന്റെ പൂർത്തീകരണമാണ് താങ്കളിലൂടെ സംഭവിച്ചതെങ്കിൽ യേശു കാണിച്ച അതേ ദിവ്യാത്ഭുതം താങ്കളും കാട്ടേണ്ടിയിരിക്കുന്നു. അതായത് മൂകനെയും അന്ധനെയും ബധിരനെയും താങ്കൾ സുഖപ്പെടുത്തുമെന്ന് ഡോ. ക്ലാർക്കും പ്രഭൃതികളും പറഞ്ഞു. നിശിത ബുദ്ധിയും വജ്രത്തേക്കാൾ കൂർമ്മതയുള്ളതുമായിരുന്നു വാഗ്ദത്ത മസീഹിന്റെ വാക്കുകൾ. അദ്ദേഹം പറഞ്ഞു 'സുവിശേഷങ്ങളാണ് യേശുവിനെ പറ്റി അത്തരം അവകാശവാദങ്ങൾ ഉന്നയിക്കുന്നത്. ഞാനൊരിക്കലും അത്തരം ദിവ്യാത്ഭുതങ്ങൾ യേശുവിനുണ്ടെന്ന് പറയുന്നില്ല. മാത്രമല്ല വാഗ്ദത്ത മസീഹ് മറ്റൊരു മർമ്മപ്രധാനമായ വാദം കൂടി അവതരിപ്പിച്ചു. സുവിശേഷങ്ങൾ പറയുന്നത് ഒരു കടുക് മണിതൂക്കമെങ്കിലും വിശ്വാസം ഒരാളിൽ ഉണ്ടെങ്കിൽ അയാൾക്ക് സ്പർശനമാത്രയിൽ രോഗിയെ സുഖപ്പെടുത്താനും വലിയ ദിവ്യാത്ഭുതങ്ങൾ കാണിക്കാനും സാധിക്കുമെന്നാണ്. ബൈബിളിൽ പറഞ്ഞ ഈ കാര്യം പരീക്ഷിച്ചുനോക്കാൻ ഇതാണ് പറ്റിയ സന്ദർഭം. മുടന്തരും, അന്ധനും, ബധിരനുമായ ഇവരിൽ രോഗശമനം വരുത്തി ബൈബിൾ

വിശ്വാസികളായ നിങ്ങളാണ് വിശ്വാസം തെളിയിക്കേണ്ടത്. ഇത് കേട്ട മാത്രയിൽ മിഷനറിമാർ ലജ്ജിച്ച് പിൻമാറുകയാണുണ്ടായത്. ഈ സംവാദം ശ്രവിച്ച പല അമുസ്‌ലിംകളും പിന്നീട് ഇസ്‌ലാം മതം വിശ്വസിക്കുകയാണുണ്ടായത്.

അത്തരത്തിൽ ഇസ്‌ലാമിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാൻ സംവാദങ്ങളിലും ചർച്ചകളിലും പങ്കെടുത്തത് കൂടാതെ വാഗ്ദത്ത മസീഹ് ചില ലഘുലേഖകളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കുകയുയുണ്ടായി. ഇസാലയെ ഔഹാം, ഫത്ഹെ ഇസ്‌ലാം, മസീഹ് ഹിന്ദുസ്ഥാൻ മെ, അയ്നയെ കമാലാത്തെ ഇസ്‌ലാം, തൗസിഹെ മറാം. ഇവയെല്ലാം തന്നെ ക്രിസ്ത്യൻ മിഷനറിമാരുടെ ഇസ്‌ലാ മിനെതിരെയുള്ള വിമർശനങ്ങൾക്കു ള്ള മറുപടിയാണ്.

ചിലപ്പോൾ വാഗ്ദത്ത മസീഹിന് മറുപടിക്കുള്ള ചില ചോദ്യാവലികൾ ലഭിച്ചിരുന്നു. ഒരു ക്രിസ്ത്യാനിയായിരുന്ന അബ്ദുല്ലാ ജെയിംസ് ഇസ്‌ലാമിനെതിരെ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് മറുപടിയായി അഞ്ചുമൻ ഹിമായത്തെ ഇസ്‌ലാം ഒരു സർക്കുലർ വിതരണം ചെയ്യുകയുണ്ടായി. പ്രസ്തുത ആക്ഷേപങ്ങൾക്കെതിരെ വാഗ്ദത്ത മസീഹ് നൽകിയ മറുപടിയായിരുന്നു അത്.

യേശു പ്രകൃതിസാധാരണമായ രീതിയിൽ മരിച്ചുപോയി എന്ന് സ്ഥാപിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ദിവ്യത്വം വിപാടനം ചെയ്ത വാഗ്ദത്ത മസീഹ് 'കുരിശിനെ ഉടക്കും' എന്ന പ്രവചനം പൂർത്തിയാക്കുകയുണ്ടായി. 'കുരിശിനെ ഉടക്കും' എന്ന ഈ പ്രവചനം അർത്ഥമാക്കുന്നത് വാഗ്ദത്ത മസീഹ് അവതരിച്ച് യേശുവിന്റെ മരണത്തെ സംബന്ധിച്ച പ്രഖ്യാപനത്തിന് ശേഷം ശാസ്ത്ര സാങ്കേതിക പുരോഗതിയുടെ ഫലമായി ഈ വിശ്വാസം ഭാവിയിൽ ചരിത്രത്തിൽ നിന്നും തുടച്ചുനീക്കപ്പെടുമെന്നാണ്. 20 ഉം 21 ഉം നൂറ്റാണ്ടുകൾ ഈ ഒരു യാഥാർത്ഥ്യം ശരിയാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുന്നു. യേശുവിന്റെ ദിവ്യത്വം ജനകോടികളുടെ വിശ്വാസത്തിൽ നിന്നും പോയ് മറയുകയും ആധുനിക ശാസ്ത്ര ഗവേഷണത്തിന്റെ ഫലമായി അദ്ദേഹത്തിന്റെ മരണം സുസ്ഥാപിതമാവുകയും ചെയ്യും. ഈയടുത്ത കാലത്താണ് നാല് ഗവേഷകന്മാർ യേശു കുരിശിൽ നിന്നും രക്ഷപ്പെട്ടു എന്ന അനിഷേധ്യമായ ശാസ്ത്രീയ തെളിവുകൾ നിരത്തിക്കൊണ്ട് സമർത്ഥിച്ചത്. വാഗ്ദത്ത മസീഹ് ദശാബ്ദങ്ങൾക്ക് മുമ്പ് തെളിയിച്ചുകാട്ടിയത് പോലെ യേശുവിന്റെ കബർ കാശ്മീരിലാണെന്ന് അവർ ചൂണ്ടിക്കാട്ടുകയുണ്ടായി.

കാംബ്രിഡ്ജിൽ മോഡേൺ ക്രിസ്ത്യൻ യൂണിയന്റെ സമ്മേളനത്തിൽ സെന്റ് പോളിലെ ഡീൻ ആയ ഡബ്ളി ആർ മാത്യൂസ് 1935 നടത്തിയ പ്രസ്താവന രേഖപ്പെട്ടതാണ്. ഈ രാജ്യത്തെ 20 ശതമാനത്തിലധികം ആളുകൾ 'ക്രിസ്ത്യാനികൾ' എന്നു പറയാനുള്ള യോഗ്യതയുള്ളതായി ഞാൻ വിശ്വസിക്കുന്നില്ല എന്നായിരുന്നു മാത്യൂസിന്റെ പ്രസ്താവന.

ഇത് ശരിയാണെങ്കിൽ ക്രിസ്തുമത വിശ്വാസികളുടെ എണ്ണം തുലോം കുറഞ്ഞിരിക്കുന്നു. ഒരുകാലത്ത് ഇന്ത്യ മുഴുവൻ ക്രിസ്തുമതം പ്രചരിപ്പിക്കാനായിരുന്നു. ചർച്ച് മിഷനറി സൊസൈറ്റി തീരുമാനിച്ചത്. ഇന്ന് ക്രിസ്തുമതത്തിന്റെ അദ്ധ്യാപനങ്ങൾ അവരുടെ ഇടയിൽ തന്നെ ഒരു ചെറുസംഘത്തിൽ തന്നെ പ്രാവർത്തികമാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. വാഗ്ദത്ത മസീഹിന്റെ വരവോടുകൂടി സംഭവിച്ചത് എന്തൊരത്ഭുതകരമായ പരിവർത്തനം!

ഇസ്‌ലാമിനെ പ്രതിരോധിക്കുന്നതിൽ വാഗ്ദത്ത മസീഹ് ചെയ്ത സേവനങ്ങൾ നമുക്ക് പഠിക്കാൻ കഴിയുന്നതിനേക്കാൾ അധികമാണ്. ഇസ്‌ലാമിനേയും അതിന്റെ സ്ഥാപകരമായ റസൂൽ തിരുമേനി(സ) യേയും അഗാധമായി സ്നേഹിക്കുന്നവർക്ക് ഇസ്‌ലാമിനെതിരെയുള്ള ക്രിസ്ത്യൻ മിഷനറിമാരുടെ ഈ ക്രൂരവും വ്യാജവുമായ ദുരാരോപണങ്ങൾ അസഹനീയവും വേദനാജനകവുമായിരുന്നു. അവരുമായുള്ള ഏറ്റുമുട്ടലിൽ വാഗ്ദത്ത മസീഹ് വെടിയുണ്ടകളേയോ വാളിനേയോ ആശ്രയിച്ചില്ല. അദ്ദേഹം തെരുവിൽ പ്ലേക്കാർഡുമായി ഇറങ്ങി, മുഷ്ടി ചുരുട്ടി സംഹാരാത്മകമായ സമരം നടത്തുകയോ ചെയ്തില്ല. അവസരത്തിനനുസരിച്ച് അദ്ദേഹത്തിന്റെ അല്ലാഹുവിന്റെ സഹായത്തോടെ തന്റെ ധിഷണാശേഷിയും വിവേകവും ഉപയോഗപ്പെടുത്തി തൂലികയിലൂടെ യുക്തിയും വാദമുഖങ്ങളും അവതരിപ്പിച്ച് ഇസ്‌ലാമിന്റെ അനശ്വരനായ ജേതാവായി.

ഇന്ന് അത്തരത്തിലുള്ള ആക്രമണമാണ് ക്രിസ്ത്യാനികളുടെ പോപ്പായ പോപ്പ് ബെനഡിക്റ്റും മറ്റുള്ളവരും നടത്തിക്കൊണ്ടിരിക്കുന്നത്. അത്തരം വിമർശനങ്ങളുണ്ടാകുന്ന അവസരത്തിൽ തൂലികയും പ്രാർത്ഥനയും മുഖേന വാഗ്ദത്ത മസീഹ് ചെയ്തതെന്താണോ ആ പ്രവർത്തനങ്ങൾ തുടങ്ങാൻ നാമും ബാദ്ധ്യസ്ഥരാണ്. ഇസ്‌ലാമിനെ വിപാടനം ചെയ്യാനുള്ള അത്തരം ശ്രമങ്ങളെ വിജയകരമായി പ്രതിരോധിക്കാനും ഇസ് ലാമിന്റെ ആഗോള വിജയം ഉറപ്പാക്കാനും വാഗ്ദത്ത മസീഹിന്റെ മാർഗ്ഗത്തിൽ കൂടിയേ സാധ്യമാവുകയുള്ളൂ. ●

ലേഖനം

ഏ.ക്യു. മഹ്ദി

# യേശുക്രിസ്തു കശ്മീരിലെ ബുദ്ധവിഹാരത്തിൽ

## ജമ്മുകാശ്മീരിലെ ലേയിലെ യേശു സന്ദർശിച്ച ബുദ്ധവിഹാരത്തിലേക്കുള്ള ലേഖകന്റെ യാത്രാവിവരണം

കശ്മീർ - ലോകത്തെ ഏറ്റവും മനോഹരമായ ഭൂപ്രദേശം

ശ്രീനഗർ വിമാനത്താവളത്തിനു പുറത്ത് കടക്കുമ്പോൾ കവാടത്തിൽ ഒരു ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. Welcome to the paradise on earth എന്ന് ഭൂമിയിലെ സ്വർഗ്ഗത്തിലേയ്ക്ക് സ്വാഗതം ! യാഥാർത്ഥ്യത്തിൽ പൂർണ്ണ സ്പർശമുള്ള ഒരു സന്ദേശവാചകമാണിത്. ആ കവാടത്തിന് പുറതത്തിറങ്ങി കശ്മീർ താഴ്വര സന്ദർശിക്കുന്ന ആർക്കും ഇതു ബോധ്യമാവുകയും ചെയ്യും. ലോകത്തെ തന്നെ ഏറ്റവും സുന്ദരമായ ഈ ഭൂപ്രദേശത്തെപ്പറ്റിയുള്ള സൂചന ആമുഖമായി നൽകിക്കൊണ്ടാണ് ഞാനീ ലേഖനസൃഷ്ടിയിലേക്ക് കാൽ വെയ്ക്കുന്നത്.

ഭൂമിശാസ്ത്രപരമായി ഇന്ത്യാമഹാരാജ്യത്തിന്റെ വടക്കുകിഴക്കേ മൂലയിൽ നമ്മുടെ അയൽരാജ്യമായ പാകിസ്താനോട് ചേർന്ന് തൊട്ടുരുമ്മിക്കിടക്കുന്ന ഈ സ്വപ്നഭൂമിയാണ് കശ്മീർ.

നിർഭാഗ്യവശാൽ പലതുകൊണ്ടും ഇന്ന് കശ്മീർ പ്രശ്നസങ്കീർണമാണ്. പാകിസ്ഥാനും നാമും തമ്മിൽ ഈയൊരു മണ്ണിനായി പോരാടാൻ തുടങ്ങിയിട്ട് കാലം അര നൂറ്റാണ്ടിലേറെയാകുന്നു.

മുഴുലോകത്തെയും വെല്ലുവിളിക്കുന്ന ഒരു മതസങ്കൽപ്പവുമായി ബന്ധപ്പെട്ട് നാം അഹ്മദികളെ സംബന്ധിച്ചിടത്തോളം പ്രകൃതിസൗന്ദര്യത്തിന്റെ വാഗ്ദത്തഭൂമിയായ കശ്മീർ ഒരു സുപ്രധാന തെളിവായി ഇന്ന് നിലനിൽക്കുന്നുണ്ട്. ഈ സ്ഥലത്തിന്റെ ആ ഒരു പ്രത്യേകത ലോകത്തെ ബോധ്യപ്പെടുത്തേണ്ട വിശ്വാസപരമായ ചുമതല ഇന്ന് അഹ്മദികളിൽ നിക്ഷിപ്തമാണ്.

കശ്മീരിലും ജമ്മുവിലും ഇന്ന് അഹ്മദികൾക്ക് പള്ളികളും ജമാഅത്തുകളുമുണ്ട്. നമ്മുടെ, കൂടുതൽ ശക്തമായ സാന്നിദ്ധ്യം ഉള്ളത് ശ്രീനഗർ ആസ്ഥാനമായ മുസ്ലിംകൾ തിങ്ങിപ്പാർക്കുന്ന കശ്മീരിലാണ്. ആയിരക്കണക്കിന് അംഗബലമുള്ള ജമാഅത്തുകൾ നമുക്ക് ശ്രീനഗറിലും പരിസരപ്രദേശങ്ങളിലുമുണ്ട്.

ജമ്മു-കശ്മീരിലെ ലേ (LEH) എന്ന ഒരു സ്ഥലത്തെപ്പറ്റിയാണ് ഇപ്പോൾ ഞാനിവിടെ പറയാൻ തുടങ്ങുന്നത്. എവിടെയാണ് ലേ യുടെ സ്ഥാനം... ?

കശ്മീർ താഴ്വാരമായ ശ്രീനഗറിൽ നിന്ന് ലേയിലേയ്ക്ക് 434 കി. മീറ്റർ വഴിദൂരമുണ്ട്. ഏകദേശം ജമ്മുവിന്റെ വടക്കുപടിഞ്ഞാറ് ഭാഗത്താണ് ലേ എന്ന ഈ കൊച്ചുപട്ടണം. ഡെൽഹിയിൽ നിന്ന് നേരിട്ടാണെങ്കിൽ 1047 കി.മീറ്റർ ദൂരം ഇവിടേയ്ക്ക്. യുദ്ധവാർത്തകളിലൂടെ നമുക്ക് പരിചിതമായ കാർഗിൽ ഈ സ്ഥലത്തിന് കുറച്ചടുത്താണ്, ഏകദേശം 234 കി.മീറ്റർ മാത്രം അകലെ.

ഡെൽഹിയിൽ നിന്നും ഒരു മണിക്കൂറും ഇരുപതു മിനിറ്റും പറന്നാൽ ലേ എയർപോർട്ടിലിറങ്ങാം.

ലേ യിലെ ഒരു പ്രധാന ബുദ്ധവിഹാര കേന്ദ്രമായ ഹെമിസ് എന്ന സ്ഥലത്തെപ്പറ്റിയാണ് ഇനി ഞാൻ പറയാൻ പോകുന്നത്. ഹെമിസിലൂടെയേ എനിക്ക് വിഷയത്തിലേക്ക് കടന്നുവരാനാവൂ.

ചെറു ടിബറ്റ് അഥവാ (LITTLE TIBET) എന്നറിയപ്പെടുന്ന ലേ, ഒരു ബുദ്ധമത കേന്ദ്രമാണ്. എങ്ങും ബുദ്ധവിഹാരങ്ങളും സ്തൂപങ്ങളും പ്രാർത്ഥനാപതാകകളും നിറഞ്ഞ സ്ഥലം. മെറൂൺ വസ്ത്രങ്ങളണിഞ്ഞ ബുദ്ധസന്യാസികളെയും കുഞ്ഞുലാമകളെയുമൊക്കെ ധാരാളമായി ഇവിടെ കാണുമ്പോൾ ഈ സ്ഥലത്തിന്റെ ബുദ്ധമത പ്രാധാന്യത്തിന്റെ ഒരു രൂപരേഖ നമുക്കു കിട്ടും.

മനോഹരമായ ഇന്ത്യ-ചൈന സൗഹൃദപാതയിലൂടെയാണ് (INDO CHINA FRIENDSHIP ROAD) ലേ യിൽ നിന്നും ഹെമിസിലേയ്ക്കുള്ള യാത്ര തുടങ്ങുന്നത്. പർവ്വതങ്ങൾക്കുള്ളിൽ കുടുങ്ങിക്കിടക്കുന്ന ഈ ചെറുപട്ടണത്തിൽ എങ്ങും മഞ്ഞിന്റെ വെള്ള പട്ടുവിരിച്ചിരിക്കുന്നത് കാണാം. പർവ്വത പാർശ്വങ്ങളിൽ ആപ്രിക്കോട്ട് മരത്തിന്റെ ശിഖരങ്ങളിൽ, വഴിയോരങ്ങളിൽ, വാഹനങ്ങളിൽ ഒക്കെ മഞ്ഞിന്റെ പുതപ്പുകൾ തന്നെ. തണുപ്പുകൊണ്ട് തന്നിലേക്ക് ചുരുങ്ങിനടക്കുന്ന ഗ്രാമീണ ജനങ്ങൾ. അവരുടെയൊക്കെ ജീവിതം വളരെ വൈകിയാണ് ഉണരുന്നത്. മങ്ങിയ പകലുകളിലൂടെ കൊടുംതണുപ്പിലേക്ക് താണുപോകുന്നതാണ് ഇവിടുത്തെ സന്ധ്യകൾ.

റോഡിലൂടെ യാത്ര ചെയ്യുമ്പോൾ പർവ്വതച്ചെരിവുകളിലേയ്ക്ക് കണ്ണുപായിച്ചാൽ അവിടങ്ങളിലൊക്കെ കൊത്തിവച്ചതുപോലുള്ള ബുദ്ധവിഹാരങ്ങൾ. ഏറെക്കുറെ ഏകാന്തഭാവത്തിലാണ് അവയൊക്കെ നിലകൊള്ളുന്നതും.

ലേ യിൽ നിന്നും ഹെമിസിലേക്കുള്ള യാത്ര തുടരുമ്പോൾ സ്തംഭിച്ചുനിൽക്കുന്ന പർവ്വതങ്ങളുടെ മഞ്ഞുമൂടിക്കിടക്കുന്ന പരിസരദൃശ്യങ്ങളിലൂടെയാവും നാം കടന്നുപോവുക. ചിലയിടങ്ങളിലാകട്ടെ, പച്ചപ്പുല്ലു നിറഞ്ഞ് നീലപ്പൊയ്കയുള്ള ജലാശയങ്ങൾ കാണാം. ഇടയ്ക്കിടെ ബുദ്ധമത പ്രാർത്ഥനാരംഗങ്ങൾ കൊത്തിയ കരിങ്കൽക്കൂട്ടങ്ങളും അവയ്ക്ക് അകമ്പടി സേവിക്കുന്നുണ്ടാവും.

ഹെമിസിലേക്ക് പോകുംവഴിയാണ് കാരു എന്ന ചെറുപട്ടണം. ഈ പ്രദേശം മുഴുവൻ നമ്മുടെ കരസേനയുടെ ബാരക്കുകളാണ്. പോകുംവഴി പീടികത്തിണ്ണകളിലും വഴിയോരങ്ങളിലുമെല്ലാം വീണുകിട്ടിയ വെയിൽത്തുള്ളികളാൽ നനഞ്ഞു തണുത്ത ശരീരം ചൂടുപിടിപ്പിക്കുന്ന സ്ത്രീപുരുഷന്മാരെ കാണാൻ കഴിയും. ഇറുകിയ കണ്ണുകളും കുറ്റിമുടിയുമുള്ള കുട്ടികൾ, നിരത്തിനിരുവശവും ചടഞ്ഞിരിക്കുന്നത് കൗതുകകരമായ കാഴ്ച തന്നെയാണ്.

മാതൃഭൂമി പത്രസ്ഥാപനത്തിന് 'യാത്ര' എന്ന പേരിൽ ഒരു മനോഹര പ്രസിദ്ധീകരണമുണ്ട്. ഒരു ദ്വൈമാസിക. വളരെ നിലവാരമുള്ള ഒരു ആനുകാലികമാണിത്. മുഴുവനായി ആർട്ട്പേപ്പറിൽ കളർ പ്രിന്റിംഗിൽ തയ്യാറാക്കുന്ന ഈ മാഗസിനിൽ വിവിധ ദേശങ്ങളിലേയ്ക്കുള്ള യാത്രകളെ പറ്റി വളരെ ഉന്നതവും വ്യത്യസ്തവും വിശദവുമായ റിപ്പോർട്ട് ലേഖനങ്ങൾ ഫോട്ടോഗ്രാഫുകളുടെ അകമ്പടിയോടെ പ്രസിദ്ധീകരിക്കുന്നുണ്ട്. എന്നെപ്പോലെയുള്ള സഞ്ചാരപ്രേമികൾക്ക് ഇതൊരു യാത്രാ ഗൈഡ് ബുക്കിന് തുല്യമാണ്. 50 രൂപയാണ് ഒരു കോപ്പിയുടെ വില. ഇന്ത്യയിൽ പ്രസിദ്ധീകരിക്കുന്ന പല യാത്രാപ്രസിദ്ധീകരണങ്ങളുടെയും വരിക്കാരനാണ് ഞാനെങ്കിലും കേവലം ആറ് മാസം മുമ്പ് മാത്രം വെളിച്ചം കണ്ടുതുടങ്ങിയ ഈ മാതൃഭൂമി യാത്രമാസികയെ അവയിൽ നിന്നെല്ലാം ഉന്നത സ്ഥാനത്ത് പ്രതിഷ്ഠിക്കാൻ ആഗ്രഹിക്കുന്നു.

സമൂഹത്തിലെ പ്രശസ്തരായ പലർക്കും പൂർണ്ണമായ യാത്രാസൗകര്യമൊരുക്കി അവരോടൊപ്പം പത്രത്തിന്റെ ലേഖകനും ഫോട്ടോഗ്രാഫറും യാത്ര ചെയ്ത് തയ്യാറാക്കുന്ന ചില അപൂർവ്വ സഞ്ചാരലേഖനങ്ങൾ ഈ ദ്വൈമാസികയിൽ കാണാറുണ്ട്. ഏറ്റവും പുതിയ ജനുവരി/ഫെബ്രുവരി ലക്കത്തെപ്പറ്റിയാണ് ഇവിടെ പരാമർശിക്കുന്നത്. ഈ ലക്കത്തിലേയ്ക്കുള്ള മാസികയ്ക്ക് വേണ്ടി സഞ്ചാരം നടത്തിയത്, കേരളത്തിലെ ഒരു വി.ഐ.പി. ആയിരുന്നു. ഒരു പ്രശസ്ത വ്യക്തി, അദ്ദേഹത്തിന്റെ സഞ്ചാരവിശേഷമാണ് പ്രസിദ്ധരുടെ വിഭാഗത്തിൽ ഇക്കുറി ഉൾപ്പെടുത്തപ്പെട്ടിരുന്നത്. ബുദ്ധനോടും ബുദ്ധമതത്തോടുമുള്ള ആഭിമുഖ്യം മൂലമാണ് ഈ യാത്രയിൽ ഏതെങ്കിലും പ്രശസ്ത ബുദ്ധവിഹാരം സന്ദർശിക്കണമെന്ന് താൻ തീരുമാനിച്ചതെന്ന് അദ്ദേഹം പറയുന്നു. മാരകമായ തണുപ്പുകാലം ഈ ഭൂപ്രദേശത്തെയും ജനതയെയും വിഴുങ്ങാൻ തുടങ്ങുന്നതിന്റെ ആദ്യഘട്ടങ്ങളിലൊരു നാളിലാണ് അദ്ദേഹവും കൂട്ടരും ലേ യും തുടർന്ന് ഹെമിസും സന്ദർശിക്കുന്നത്. ഇനി പിന്നിടുന്ന ചില മാസങ്ങൾക്കുള്ളിൽ ഈ കശ്മീർ പ്രദേശമാകെ മഞ്ഞിൻ പുതപ്പിനുള്ളിൽ നിശ്ചലമായി ഉറങ്ങിപ്പോകും. വഴികളൊക്കെ അടയും. നദികൾ ഉറയും. മരങ്ങൾ നഗ്നമാകും. ഇതൊക്കെയാണെങ്കിലും മനുഷ്യൻ അതിനെതിരെ പോരടിച്ചു നിൽക്കും. അടുത്ത ആറു മാസക്കാലം സുഖമായി ജീവിക്കാനായി.

ഇത്തരം കഠിനമായൊരു പ്രകൃതിമാറ്റം, ലോകത്ത് ഏറ്റവും നല്ല കാലാവസ്ഥയാൽ അനുഗ്രഹിക്കപ്പെട്ട കേരള നിവാസികളായ നമുക്ക് തീർത്തും അന്യമായി തോന്നിയാൽ തെല്ലും അത്ഭുതപ്പെടാൻ വകയില്ല.

കാരു അങ്ങാടിയിൽ നിന്ന് സിന്ധുനദിക്കു കുറുകെ പണിത കറുത്ത ഇരുമ്പുപാലം കടന്നാൽ ഹെമിസിലേയ്ക്കുള്ള മലമ്പാതകൾ തുടങ്ങുകയായി.

ഇടുങ്ങിയ ഒരു വഴിയിലൂടെ അങ്ങേയറ്റത്ത് സമതലത്തിൽ നിന്ന് അൽപ്പം മുകളിലേയ്ക്ക് കയറിയാൽ കൂറ്റൻ പാറക്കെട്ടുകൾക്കു നടുവി

ലാണ് ഹെമിസിലെ ഈ പുരാതന വിഹാരം. പർവ്വതത്തിന്റെ പരുക്കൻ പ്രതലത്തിൽ കടുംചായം തേയ്ച മരങ്ങളും കല്ലും ചേർത്തു പണിത താണ് ഈ ബുദ്ധവിഹാരം. ചുമരിൽ ദീർഘമായ ബുദ്ധപ്രാർത്ഥനാചക്ര ങ്ങൾ കാണാം. ഒരു നാലുകെട്ടിന്റെ നടുമുറ്റംപോലെ തോന്നിക്കുന്ന ഈ ചതുരത്തിനു ചുറ്റുമുള്ള മതിലുക ളിൽ പാതിയിലധികം മാഞ്ഞുപോയ ബുദ്ധമത ചുമർചിത്രങ്ങൾ ഇപ്പോഴു മുണ്ട്.

ഇനി, ഞാൻ മൈക്ക്, മാതൃഭൂമി സംഘത്തോടൊപ്പം യാത്രചെയ്ത ആ പ്രശസ്ത വ്യക്തിയ്ക്കു കൈമാ റുന്നു. അദ്ദേഹം പറയട്ടെ. ആ വാ ക്കുകളിലെ ഒരു സുപ്രധാന ഭാഗം അഹ്മദികളായ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അതിലെ സന്ദേ ശവും ആശയവും നമുക്കു ലോക ത്തോടു വിളിച്ചു പറയാനുള്ളതാണ്.

അദ്ദേഹത്തിന്റെ രംഗവിവരണം ഇവിടെ ആരംഭിക്കുന്നു.

"ഞങ്ങൾക്കു മുന്നിൽ സ്വർണ്ണ ത്തിൽ തിളങ്ങുന്ന ബുദ്ധവിഗ്രഹം. നിലത്ത് നീളത്തിൽ ഇട്ട ഉയരം കുറഞ്ഞ ഒരു മേശയും, പ്രാർ ത്ഥിച്ചു പഴകി ഏടുകൾ പറിഞ്ഞു പോയ പ്രാർത്ഥനാഗ്രന്ഥങ്ങളും. തൊട്ടപ്പുറത്ത് ഏതൊക്കെയോ ഇരുട്ടു മുറികളിലേയ്ക്ക് കയറിപ്പോ കുന്ന കല്ലിൻ ഗോവണികൾ. അതി നുള്ളിൽ കെട്ടിനിൽക്കുന്ന പഴകിയ വായുവിന്റെ മണം.

പ്രമുഖ ബുദ്ധമത തീർത്ഥാടന കേന്ദ്രം എന്നതിലുപരി ഹെമിസ് പ്രശസ്തമാവുന്നത് മറ്റൊരു വിവാ ദസംഭവത്തിലൂടെയാണ്; യേശുക്രി സ്തുവിന്റെ 'സന്ദർശന'ത്തിലൂടെ!

1981-ൽ ഈ വിഹാരം സന്ദർ ശിച്ച് കുറച്ചുദിവസം താമസിച്ച് നിക്കോളാസ് നോട്ടോവിച്ച് എന്ന റഷ്യൻ യാത്രികന്റെ വിവരണത്തി ലൂടെയാണ്. വിവാദപരമായ തന്റെ താമസകാലത്ത് മുഖ്യലാമ നൂറ്റാണ്ടു കളായി സൂക്ഷിച്ച ചില ഗ്രന്ഥങ്ങൾ കാണിച്ചുകൊടുത്തെന്നും അതിൽ ഈശ (ISA) എന്ന പേരിൽ ഒരാൾ ഇവിടെ വന്ന് താമസിച്ചിരുന്നു വെന്നും രേഖപ്പെടുത്തിയ കാര്യം അദ്ദേഹം 'Unknown Life of Jesus Christ' എന്ന തന്റെ കോളിളക്കം സൃഷ്ടിച്ച പുസ്തകത്തിൽ എഴുതി.

പിന്നീട് 1927-ൽ ഹെമിസ് സന്ദർശിച്ച സ്വാമി അഭേദാനന്ദൻ തന്റെ "Journey into Kashmir and Tibet' എന്ന ഗ്രന്ഥത്തിൽ ഇതു ശരി വച്ചു. ഹോർഗർ കഴ്സൺ എഴു തിയ 'Jesus lived in India' എന്ന ഗ്രന്ഥം ഈ വിഷയത്തിലുള്ള സമഗ്ര മായ ഒരന്വേഷണമാണ്. കുരിശാരോ ഹണത്തിൽ ജീസസ് മരിച്ചില്ലെന്നും അദ്ദേഹം ടിബറ്റ് വഴി ഇവിടെയെത്തി യെന്നും കശ്മീരിൽ വച്ച് വാർദ്ധക്യ ത്തിൽ മരിച്ചുവെന്നുമാണ് ഈ അന്വേഷകർ വാദിക്കുന്നത്.

ഹെമിസ് വിഹാരം സന്ദർശി ക്കുന്ന വിദേശികളിൽ വലിയൊരു വിഭാഗം ഈ വിശ്വാസത്തിൽ എത്തിചേരുന്നവരാണ്. എന്നാൽ ഇക്കാര്യം കൗതുകത്തിനുവേണ്ടി അന്വേഷിച്ചപ്പോൾ എല്ലാ ലാമമാരും ഒരേ സ്വരത്തിൽ പറഞ്ഞു: 'We dont' know' ആ മറുപടിയിൽ അൽപ്പം ഭയവും കലർന്നിരുന്നുവോ എന്നു സംശയം. തീർച്ചയായും വിഹാരത്തെ, പർവ്വതങ്ങൾ മാത്രമ ല്ല, ഏതൊക്കെയോ നിഗൂഢതയും വലയം ചെയ്തു നിൽപ്പുണ്ട്."

ഇത്രയും ഭാഗങ്ങളാണ് യേശു ക്രിസ്തു കശ്മീരിൽ വച്ചു വഫാ ത്തായി എന്നതു സംബന്ധമായുള്ള പരാമർശനങ്ങൾ. ഇതു പറഞ്ഞ വ്യക്തി, ഒരു ഹിന്ദുസഹോദരനാ ണെന്നതും ഓർക്കുക. ●

## പുറംപകിട്ടല്ല വിലയിരുത്തേണ്ടത്

സഹ്ല് (റ)ൽ നിന്നു നിവേദനം: ഒരിക്കൽ ഒരു സമ്പന്നൻ തിരുമേനി(സ)യുടെ സമീപത്തു കൂടെ പോയി. അന്നേരം അവിടുന്ന് ചോദിച്ചു: " ഈ മനുഷ്യനെപ്പറ്റി നിങ്ങളുടെ അഭിപ്രായമെ ന്താണ്? അവർ പറഞ്ഞു: 'അദ്ദേഹം ഒരു തറവാട്ടിൽ വിവാഹാലോചന നടത്തിയാൽ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുക്കും. അദ്ദേഹം വല്ല കാര്യത്തിലും ശുപാർശ ചെയ്താൽ ആ ശുപാർശ സ്വീകരിക്കപ്പെടും; അദ്ദേഹം വല്ലതും സംസാരിച്ചാൽ അത് മറ്റുള്ളവരെല്ലാം ശ്രദ്ധിക്കും. "പിന്നെ അല്പസമയം തിരുമേനി(സ) മൗനം പാലിച്ചു. അപ്പോൾ അതിലൂടെ ഒരു മുസ്‌ലിം ദരിദ്രൻ കടന്നു പോയി. തിരുമേനി(സ) ചോദിച്ചു. 'ഇദ്ദേഹത്തെ പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്? അവർ പറഞ്ഞു: 'അദ്ദേഹം വിവാഹാലോചന നടത്തിയാൽ ആരും വിവാഹം കഴിച്ചുകൊടുക്കയില്ല. ശുപാർശ ചെയ്താൽ ആരും അത് സ്വീകരിക്കുകയില്ല. എന്തെങ്കിലും പറഞ്ഞാൽ ആരും അത് ശ്രദ്ധിക്കുകയു മില്ല." അന്നേരം തിരുമേനി(സ) അരുളി: "ആദ്യം പോയവനെപോലുള്ളവർ ഭൂമി നിറയെ ഉണ്ടെ ങ്കിലും അവരെക്കാളെല്ലാം ഉത്തമൻ ഈയാളാണ്". ***(ബുഖാരി)***

ലേഖനം

ജേക്കബ് കെ ഫിലിപ്പ്

# കൊച്ചിയിൽ നിന്നൊരു സുവിശേഷം

**യേശുവിനു മുമ്പുതന്നെ ജൂതന്മാർ മലബാർ പ്രദേശത്ത് ജീവിച്ചിരുന്നു. ബൈബിൾ പഴയനിയമത്തിൽ പരാമർശിച്ച ദർശകനായ ഗാദിന്റെ പുസ്തകത്തിന്റെ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന പൗരാണിക പതിപ്പ് കൊച്ചിയിൽ നിന്നുമാണ് ലഭിച്ചത്**

***എന്നാൽ ദാവീദ് രാജാവിന്റെ ആദ്യത്തെ വൃത്താന്തങ്ങളും അവൻ രാജ്യഭാരം ഒക്കെയും അവന്റെ പരാക്രമപ്രവൃത്തികളും അവനും യിസ്രായേലിനും അന്യദേശങ്ങളിലെ സകലരാജ്യങ്ങൾക്കും ഭവിച്ച കലാഗതികളും ദർശകനായ ശമുവേലിന്റെ വൃത്താന്തത്തിലും നാഥാൻ പ്രവാചകന്റെ പുസ്തകത്തിലും ദർശകനായ ഗാദിന്റെ വൃത്താന്തത്തിലും എഴുതിയിരിക്കുന്നുവല്ലോ.***

***ദിനവൃത്താന്തം ഒന്നാം പുസ്തകം 29-ാം അധ്യായം 29-ാം വാക്യം. ബൈബിൾ***

ക്രിസ്തുവിനു പത്തു നൂറ്റാണ്ടുമുൻപ് ഇസ്രായേലിന്റെ രാജാവായിരുന്ന ദാവീദിന്റെ ഭരണകാലത്തിന്റെ ചരിത്രരേഖകളിലൊന്നായ ശമൂവേലിന്റെ പുസ്തകം ബൈബിളിൽ പഴയ നിയമത്തിലുണ്ട്. എന്നാൽ ദർശകനായ ഗാദിന്റെ പുസ്തകവും നാഥാൻ പ്രവാചകന്റെ പുസ്തകവും എവിടെ? നൂറ്റാണ്ടുകളായി ലോകമെങ്ങുമുള്ള വേദശാസ്ത്രജ്ഞരും ചരിത്രകാരന്മാരും ചോദിച്ചുകൊണ്ടിരുന്ന ചോദ്യത്തിന് ഒടുവിൽ ഒരു ഉത്തരം കിട്ടി. - കൊച്ചിയിൽനിന്ന്.

31 നൂറ്റാണ്ടുമുൻപു മധ്യപൂർവദേശത്ത് എഴുതപ്പെട്ട ഗാദ് ദർശകന്റെ പുസ്തകം തെക്കേ ഇന്ത്യയിലെ കേരളത്തിലുള്ള കൊച്ചി എന്ന അറിയപ്പെടാത്ത സ്ഥലത്തുനിന്നു കണ്ടുകിട്ടി എന്ന വർത്തമാനം പ്രചരിച്ചുതുടങ്ങിയതു പതിനെട്ടാം നൂറ്റാണ്ടിലായിരുന്നു.

ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി സിലോണിൽ (ഇന്നത്തെ ശ്രീലങ്ക)യിൽ ജോലി ചെയ്തിരുന്ന മാഴ്സിലസ് ബ്ലെസ് എന്ന ക്ലാർക്കിൽ നിന്നാണു സംഭവങ്ങളുടെ തുടക്കം. കൊച്ചിയിലെ ജൂതസമൂഹത്തിലെ ലിയോപോഡ് ഇമ്മാനുവൽ ജേക്കബ് വാൻ ഡോർട്ട് എന്നൊരാളെ മാഴ്സിലസിനു പരിചയമുണ്ടായിരുന്നു. 1757ൽ ഏതോ ഒരു ദിവസം ലിയോപോഡ് മാഴ്സിലസിനു ഒരു രഹസ്യം കാണിച്ചുകൊടുത്തു. ജൂതസമൂഹത്തിന്റെ കാരണവർ ഭദ്രമായി സൂക്ഷിച്ചിരുന്ന ഒരു പുസ്തകച്ചുരുൾ ആരുമറിയാതെ പകർത്തിയെടുത്തതായിരുന്നു അത്. വളരെ പ്രാധാന്യമുള്ള എന്തോ രേഖയാണ് എന്നു തോന്നിയ ലിയോപോഡ് അത് ഡച്ച് ഭാഷയിലേക്ക് മൊഴിമാറ്റം നടത്തുകയും ചെയ്തിരുന്നു.

എന്തായാലും മാഴ്സിലസ് അതു വാങ്ങിക്കൊണ്ടുപോയി. പിന്നീടു മുപ്പതുകൊല്ലത്തേക്ക് ആരും ഈ പുസ്തകത്തെപ്പറ്റി ഒന്നും കേട്ടിരുന്നില്ല. 1787ൽ റൂത്ത്സ് എന്നൊരാളിന്റെ പക്കൽ പുസ്തകം എത്തിപ്പെട്ടു. അദ്ദേഹം അത് ജർമൻ ഭാഷയിലേക്കു തർജമ ചെയ്തു. കൂടാതെ അക്കാലത്തെ പ്രശസ്ത പുസ്തക പ്രസാധകരായ എയ്ഷോൺ ബിബ്ലിയോത്തെക്കുകാർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. കമ്പനി ഉടമയായ ജെ.ജി.എയ്ഷോൺ പുസ്തകം വായിച്ച് അമ്പരന്നു. 28 നൂറ്റാണ്ടുകളായി ലോകം തിരയുന്ന ഗാദ് ദർശകന്റെ പുസ്തകം!

എയ്ഷോൺ ജർമൻ ഭാഷയിൽ പ്രസിദ്ധീകരിച്ച പുസ്തകം വായിച്ച അനേകരും ഇതേ പോലെ തന്നെ അമ്പരന്നു. താമസിയാതെ നഫ്ത്താലി ഹെഴ്സി വെസ്‌ലി എന്നൊരു ജൂതപണ്ഡിതൻ അത് ഹിബ്രുഭാഷയിലേക്ക് തർജമ ചെയ്തു. ഈ ഹീബ്രു പതിപ്പിൽ നി

ന്നാണു പുസ്തകത്തിന്റെ ഇംഗ്ലീഷ് ഭാഷാന്തരം ഉണ്ടാകുന്നത്.

ഹീബ്രു-ഡച്ച്-ജർമൻ-ഹീബ്രു -ഇംഗ്ലീഷ് എന്ന അപൂർവമായ ഭാഷാന്തര പ്രക്രിയയിലൂടെ കടന്നു വന്ന ഈ പുസ്തകം കൊച്ചിയിലെത്തിയതെങ്ങനെ?

കൊച്ചിയിലെ ജൂതരിൽ ഒരുകൂട്ടരുടെ മുൻമുറക്കാർ മധ്യപൂർവദേശത്തെ ശമര്യയിൽനിന്നു വന്നവരാണ് എന്ന വിശ്വാസമാണ് ഉത്തരം. കണ്ടെത്താൻ തുണയായത്. അസീറിയൻ രാജാവായിരുന്ന ഷാൽമാനെസെർ, എലായുടെ മകനായ ഹോശേയയുടെ കാലത്തു ശമര്യ കീഴടക്കിയപ്പോൾ (രാജാക്കന്മാരുടെ രണ്ടാം പുസ്തകം പതിനേഴാം അധ്യായം ഒന്നാം വാക്യം) 460 ജൂതരെ യെമെനിലേക്ക് നാടുകടത്തിയിരുന്നു.

വിദൂരവും അജ്ഞാതവുമായ ദേശത്തെ ദുരിതങ്ങളിലേക്കുള്ള യാത്രയിലും വിശുദ്ധപുസ്തകങ്ങൾ അവർ ഒപ്പം കൊണ്ടുപോയി. മോശെയുടെ തോറ, ജോഷ്വായുടെ പുസ്തകം, രൂത്തിന്റെ പുസ്തകം, ന്യായാധിപന്മാരുടെ പുസ്കതം, ശമുവേലിന്റെ ഒന്നും രണ്ടും പുസ്കതം, ശലോമോന്റെ ഗീതങ്ങൾ, സദൃശവാക്യങ്ങൾ, സഭാപ്രസംഗി, ഇയ്യോബിന്റെ പുസ്തകം, യോനായുടെ പുസ്തകം, യശയ്യാ പ്രവാചകന്റെ പുസ്തകം എന്നിവ കൂടാതെ ഗാദ്, നാഥാൻ, ശമയ്യ, അഹിജാ എന്നിവരുടെ പ്രവചനങ്ങളും അക്കൂട്ടത്തിലുണ്ടായിരുന്നു.

യെമനിൽ വച്ച് ഈ പുസ്തകങ്ങൾ എല്ലാം രാജാവു പിടിച്ചെടുത്ത പിന്നീടു പത്തുകൊല്ലത്തിനുശേഷമാണു തിരികെ കൊടുക്കുന്നത്.

500 കൊല്ലങ്ങൾ കടന്നുപോയി. പ്രോസോം രാജാവ് യെമനിലെ ജൂതരെ വീണ്ടും നാടുകടത്തി. ചിലർ ഇന്ത്യയിലെ പുണെയിലും ഗുജറാത്തിലും പിന്നെ മലബാറിലുമെത്തി. ഏറ്റവും ഹൃദ്യമായ സ്വീകരണം ലഭിച്ചതു മലബാറിൽ നിന്നു തന്നെയായിരുന്നു.

കൊച്ചിയിൽ രാജാവു നൽകിയ സ്ഥലത്തു പാർപ്പുറപ്പിച്ച ജൂതരുടെ പക്കൽ മേൽപ്പറഞ്ഞ പുസ്തകങ്ങൾ എല്ലാം ഉണ്ടായിരുന്നോ? ആർക്കും അറിയില്ല. എന്നാൽ ലിയോപോഡ് എന്ന ജൂതൻ പകർത്തിയെടുത്ത പുസ്തകം ഗാദ് ദർശകൻ എഴുതിയ വചനങ്ങൾ തന്നെയാണ് എന്നു വിശ്വസിച്ചിരുന്നവർ ജൂതസമൂഹത്തിൽ ഏറെയായിരുന്നു.

ദിനവൃത്താന്തം 29:29ൽ മാത്രമേ ഗാദ് ദർശകന്റെ പുസ്തകത്തെപ്പറ്റി പരാമർശമുള്ളുവെങ്കിലും ഗാദ് ദർശകനെപ്പറ്റി പഴയനിമയത്തിൽ രണ്ടിടത്തുകൂടി പരമാർശിക്കുന്നുണ്ട്. ദിനവൃത്താന്തം ഒന്നാം പുസ്തകത്തിൽ തന്നെ 21-ാം അധ്യായം 9,11,13 വാക്യങ്ങളിലും ശമൂവേൽ പ്രവാചകന്റെ ഒന്നാം പുസ്തകം 23-ാം അധ്യായം അഞ്ചാം വാക്യത്തിലും

കൊച്ചിയിൽ നിന്ന് കണ്ടെടുത്ത പുസ്തകം ഹീബ്രുവിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കപ്പെട്ടതോടെയാണ് ലോകമെങ്ങും അനേകം വേദശാസ്ത്രജ്ഞരുടെയും ചരിത്രകാരന്മാരുടെയും സൂക്ഷ്മമായ അപഗ്രഥനത്തിനു വിധേയമാണ്. ക്രിസ്തുവിനു പത്തു നുറ്റാണ്ടുമുൻപു രചിക്കപ്പെട്ട പുസ്തകത്തിന്റെ യഥാർഥ പകർപ്പുതന്നെയാണോ ഇതെന്നായിരുന്നു ഗവേഷകരുടെ മുഖ്യപഠനവിഷയം. ഇസ്രായേലിലെ പ്രമുഖ ജൂതചരിത്ര ഗവേഷകനായ മെർ ബാർ ഇലൻ, ഹാർവാഡ് യുണിവേഴ്സിറ്റിയിലെ സെന്റർ ഫോർ ജ്യൂയിഷ് സ്റ്റഡീസിലെ പ്രഫ. ഐ. ടെല് സ്കി, ജെരുശലേമിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈക്രോഫിലിംസ് ഓഫ് ഹീബ്രു മാനുസ്ക്രിപ്റ്റിസിലെ താ-ശേമ, കേംബ്രിജ് യൂണിവേഴ്സിറ്റിയിലെ എസ്. സെഡ്. ശെഷ്തർ, അമേരിക്കൻ അക്കാദമി ഫോർ ജ്യൂയിഷ് റിസർച്ചിലെ ഗവേഷകർ എൽ. സൂൺസ്, എസ്. ലിബെർമാൻ, എസ്.എ. വെർത്തെയ്മർ, എഡ്വേർഡ് ഷെയ്സർ, ജെ.ലേവി, എം.എസ്. കദാരി.... കൊച്ചിയിൽനിന്നു ലഭിച്ച ഈ പുസ്തകം പഠനവിധേയമാക്കിയ ഗവേഷകർ ഭൂരിപക്ഷവും ഒടുവിൽ എത്തിച്ചേർന്ന നിഗമനങ്ങൾ ഇവയായിരുന്നു.

1. മുപ്പത്തിയൊന്നു നൂറ്റാണ്ടു മുൻപ് എഴുതപ്പെട്ട ഗാദ് ദർശകന്റെ യഥാർഥ വചനങ്ങല്ല കൊച്ചിയിൽ നിന്നു കിട്ടിയ പുസ്തകം.

2. പത്താം നുറ്റാണ്ടിനു ശേഷം എപ്പോഴോ ബൈബിൾ ശൈലി അനുകരിച്ചു രചിക്കപ്പെട്ട ഒരു കൃതിയാണിത്. ലോകത്തിന്റെ ശ്രദ്ധയിൽപ്പെടുന്നത് പതിനെട്ടാം നൂറ്റാണ്ടിലാണ് എന്നു മാത്രം. എന്തിനു വേണ്ടി ഈ രചന നടന്നു എന്നതു വ്യക്തമല്ല. ആരാണ് രചിച്ചതെന്നും.

3. ഗാദ് ദർശകന്റെ യഥാർഥ പുസ്തകമല്ലെങ്കിലും ചരിത്രപരമായും സാഹിത്യപരമായും വേദശാസ്ത്രപരമായും ഏറെ പ്രസക്തിയുള്ള പുസ്തകം തന്നെയാണിത്. കൊച്ചിയിലെ ജൂതരുടെ ചരിത്രത്തെപ്പറ്റിയുള്ള അനേകം വിലപ്പെട്ട അറിവുകൾ ഈ പുസ്തകത്തോടനുബന്ധിച്ചുള്ള കൊച്ചിയിലെ ജൂതരുടെ ദിനവൃത്താന്തങ്ങളിൽ ഉണ്ട്. വേദപുസ്തകത്തിലെ വെളിപാടു പുസ്തകത്തെപ്പറ്റി പുതിയൊരു അവബോധം ഉണ്ടാകാൻ സഹായിക്കുന്നതുമാണ് ഈ പുസ്തകം. *(മലയാള മനോരമ 'ശ്രീ' 2003 സെപ്തംബർ 21)* ●

ലേഖനം

എ.എം. മുഹമ്മദ് സലീം

ഖിലാഫത്ത് : നൂറ്റാണ്ടുകളിലൂടെ - 6

# ഉഥ്മാനിയാ ഖിലാഫത്ത്

**കിഴക്കൻ റോമിന്റെ (ബൈസാന്റിയം) ആസ്ഥാനമായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയപ്പോൾ തുർക്കികൾ സൽത്വനത്ത് ആയിരുന്നു. സുൽത്താൻ സലീം ഒന്നാമന്റെ കാലത്താണ് ഖലീഫാ സ്ഥാനം തുർക്കികൾക്ക് ലഭിച്ചത്.**

ഇസ്‌ലാമിൽ ഖിലാഫത്തിന്റെ പ്രാതിനിധ്യമേറ്റെടുത്തു കൊണ്ട് ഭരണം നടത്തിയ തുർക്കിവംശജരാണ് ഉഥ്മാനികൾ. തൂർക്കികളുടെ പൂർവ്വീകനായ ഉർദുഗാന്റെ മൂത്തപുത്രനായ ഉഥ്മാന്റെ പേരിലാണ് ഉഥ്മാനിയ്യാ ഖിലാഫത്ത് അറിയപ്പെടുന്നത്. ഇസ്താംബൂൾ കേന്ദ്രമാക്കി. ആറു നൂറ്റാണ്ടിലധികം ഉഥ്മാനികൾ ഭരിച്ചു. അവരുടെ പൂർവ്വികൻ ചെങ്കിസ്ഖാന്റെ ആക്രമണം ഭയന്ന് ഏഷ്യ മൈനറിലേക്ക് (ഇന്നത്തെ തുർക്കി) യാത്ര തിരിക്കുകയും വഴിയിൽ വെച്ച് സെൽജൂഖി സുൽത്താനെ ഒരു യുദ്ധത്തിൽ സഹായിക്കുകയും സെൽജൂക്കികൾ വിജയിക്കുകയും ചെയ്തു. ഇതിനു പ്രത്യുപകാരമായി സെൽജൂക്കികൾ ക്രിസ്ത്യാനികളുടെ ബൈസാന്റിയം സാമ്രാജ്യത്തിന്റെ അതിർത്തി പ്രദേശം തുർക്കികൾക്ക് പതിച്ചു നൽകി. സെൽജൂക്കികളുടെ നിരവധി സൈനിക വിജയങ്ങൾക്ക് തുർക്കികൾ നേതൃത്വം നൽകി. അതിന്നു പാരിതോഷികമായി പതിച്ചുകിട്ടിയ സ്ഥലം തുർക്കികളുടെ രാജ്യം വിസ്തൃതമാക്കി. അതിനിടെ സെൽജൂക്ക് രാജവംശം നശിക്കുകയുണ്ടായി. നാട്ടുരാജ്യമായ തുർക്കി സെൽജൂക്ക് പ്രദേശം പിടിച്ചെടുത്ത് ആ രാജ്യം അവരുടേതാക്കി മാറ്റി സെൽ ജൂക്കുകളുടെ ചന്ദ്രക്കലയും നക്ഷത്രങ്ങളുമുള്ള പതാകയും തുർക്കികൾ തങ്ങളുടെ ചിഹ്നങ്ങളായി സ്വീകരിക്കുകയാണുണ്ടായത്.

ഇതിനകം തന്നെ അവിശ്വസനീയമായ വേഗതയിലും ശക്തിയിലും ഉഥ്മാനീ സൽത്വനതിന്റെ കൊടുങ്കാറ്റ് യൂറോപ്പിലേക്ക് അടിച്ചുവീശി. യൂറോപ്പിൽ ആസ്ട്രിയൻ തലസ്ഥാനമായ വിയന്നയിൽ വരെ തുർക്കികൾ എത്തി. ഉഥ്മാനുശേഷം രണ്ടാം തലമുറയിൽപ്പെട്ട സുൽത്താൻ മുറാദ് ഒന്നാമന്റെ കാലത്ത് ഉഥ്മാനിയിൽപ്പെട്ട സാമ്രാജ്യം 5 ലക്ഷം ച. കി.മീ. ആയി വർധിച്ചു. തൊട്ടുമുമ്പത്തെ ഊർഖാന്റെ സാമ്രാജ്യ വിസ്തൃതിയേക്കാൾ അഞ്ചിരട്ടിയായിരുന്നു ഇത്. അപ്പോഴേക്കും മംഗോളികൾ ഇസ്‌ലാം മതം സ്വീകരിച്ചിരുന്നു. പക്ഷേ ശിയാക്കളായ മംഗോളുകൾ അമീർ തിമൂറിന്റെ നേതൃത്വത്തിൽ ഉഥ്മാനികളെ ആക്രമിക്കുകയുണ്ടായി. മംഗോളുകളുടെ ഈ ആക്രമണത്തിൽ തകർന്നുവെന്ന് കരുതിയ ഉഥ്മാനിയാ രാജവംശം മുഹമ്മദ് ഒന്നാമന്റെ (ക്രി. വ. 1412-1421) കീഴിൽ ഉയിർത്തെഴുന്നേൽക്കുന്നതാണ് ലോകം കണ്ടത്. മുറാദ് രണ്ടാമനും അദ്ദേഹത്തിന്റെ മരണത്തെ തുടർന്ന് മുഹമ്മദ് രണ്ടാമനും (അൽ ഫാതിഹ്) അധികാരത്തിൽ വന്നു. മുഹമ്മദ് രണ്ടാമന്റെ കാലത്താണ് ലോകചരിത്രത്തിലെ സുപ്രധാനമായ ഒരു മുന്നേറ്റം മുസ്‌ലിംകൾ നടത്തിയത്. കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ (ബൈസാന്റിയം) തലസ്ഥാനമായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ മുസ്‌ലിംകൾ കീഴടക്കിയ മുഹമ്മദ് രണ്ടാമന്റെ കാലത്താണ്. ആ പട്ടണത്തിന് ഇസ്താംബുൾ (ഇസ്‌ലാമിക ഗേഹം) എന്ന് പേര് നൽകുകയും ചെയ്തു. പിന്നീട് ഉഥ്മാനികളുടെ തലസ്ഥാനം ഇസ്താംബുൾ ആയിരുന്നു. ക്രൈസ്തവ പാശ്ചാത്യ ശക്തികളുടെ ഏഷ്യൻ പ്രവേശനകവാടത്തിലുള്ള ഈ അധികാരകേന്ദ്രം മുസ്‌ലിംകളുടെ മുമ്പിൽ നൂറ്റാണ്ടുകളായി അജയ്യമായി നിലകൊള്ളുകയായി. മൂന്നാം ഖലീഫ ഹദ്റത്ത് ഉഥ്മാന്റെ കാലം മുതൽ പല കാരണങ്ങൾ കൊണ്ടും മുസ്‌ലിംകൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കാൻ ശ്രമിച്ചിരുന്നു. അവസാനം ഉഥ്മാനീ വീരപ്പോരാളി മുഹമ്മദ് രണ്ടാമനാണ് ആ ഉജ്ജ്വല ദൗത്യം ഹി.

857 ജൂമാദുൽ ഊല 20ന് (ക്രി. വ. 1453 മെയ് 29ന്) നിർവ്വഹിച്ചത്. ആയിരം വർഷത്തെ റോമൻ അധികാര കേന്ദ്രം അങ്ങിനെ മുസ്ലിംകൾക്ക് അധീനമായി. റോമാഞ്ചജനകമായ ഈ വീരകൃത്യം നിർവ്വഹിച്ചതിന്റെ പേരിൽ വിജയശ്രീലാളിതൻ വീര ജേതാവ് എന്ന അർത്ഥത്തിൽ മുസ്ലിം ലോകം ഈ ഉഥ്മാനീ സുൽത്താനെ 'അൽഫാതിഹ്' എന്നാണ് വിശേഷിപ്പിക്കുന്നത്. ക്രൈസ്തവരിലെ പടിഞ്ഞാറൻ റോമൻ സഭയും കിഴക്കൻ സഭകളും തമ്മിലുള്ള വടംവലിയാണ് അൻഫാതിഹിന് ഈ ഉദ്യമം എളുപ്പമാക്കിത്തീർത്തത്. ഉഥ്മാനി ഭരണകൂടത്തെ ലോകത്തിലെ ചോദ്യംചെയ്യാൻ സാധ്യമാകാത്ത അജയ്യശക്തിയാക്കി മാറ്റിയത് അൽഫാതിഹ് മുഹമ്മദ് രണ്ടാമനായിരുന്നു. ചരിത്രകാരന്മാർ ചരിത്രത്തെ പ്രാചീനകാലം, മധ്യകാലം, ആധുനികകാലം എന്നിങ്ങനെ മൂന്നായി തിരിച്ചിട്ടുണ്ട്. അതിൽ മധ്യകാലം അവസാനിക്കുകയും ആധുനികകാലം ആരംഭിക്കുകയും ചെയ്യുന്നത് കോൺസ്റ്റാന്റിനോപ്പിൾ ഉഥ്മാനിയാ തുർക്കികൾക്ക് അധീനമായതോടെയാണ്. ചരിത്രത്തിൽ അത്രമാത്രം പ്രത്യാഘാതങ്ങളും സ്വാധീനവുമുണ്ടാക്കിയ സംഭവമാണ് കോൺസ്റ്റാന്റിനോപ്പിളിന്റെ പതനം പാശ്ചാത്യർക്ക് ഇസ്ലാമിക സംസ്കാരവുമായി ബന്ധപ്പെടാനും മധ്യകാലഘട്ടത്തിന്റെ ഇരുളിൽ നിന്നും മോചനം ലഭിക്കുവാനും ഇത് സഹായകരമായി. ഉഥ്മാനികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കുമ്പോൾ അവർക്ക് ഖിലാഫത്ത് ലഭിച്ചിരുന്നില്ല.

ഉഥ്മാനികൾക്ക് തുടക്കത്തിലെ ഖിലാഫത്ത് ലഭിച്ചിരുന്നില്ല. അവർ സുൽത്താൻ ഭരണത്തിലധിഷ്ഠിതമായ സൽത്വനത്ത് മാത്രമായിരുന്നു. ഈജിപ്ഷ്യൻ മംലൂക്കുകളുടെ ഭരണത്തിന്റെ പിന്തുണയോടെ നില നിന്നിരുന്ന അബ്ബാസിയാ ഖലീഫമാരായിരുന്നു അക്കാലത്ത് മുസ്ലിം ലോകത്ത് നിലനിന്നിരുന്ന ഖലീഫമാർ ഒൻപതാമത്തെ ഉഥ്മാനീ സുൽത്താൻ സലിം ഒന്നാമന്റെ ഭരണകാലത്താണ് ഖലീഫ പദവി ഉഥ്മാനികൾ ലഭിക്കുന്നത്. മംലൂക്കുകളിൽ നിന്നും ഈജിപ്ത് കീഴടക്കിയത് മൂലം ഉഥ്മാനീ സുൽത്താന് ലഭിച്ച ഏറ്റവും വലിയ സമ്മാനമായിരുന്നു ഖലീഫാസ്ഥാനം. താർത്താരികളുടെ (മംഗോൾ) ആക്രമണത്തെ തുടർന്ന് ഊർദ്ദശ്വാസം വലിക്കുകയായിരുന്ന മംലൂക്കുകളുടെ ഈജിപ്ത് ഉഥ്മാനികൾ കീഴടക്കി. അപ്പോൾ ഈജിപ്തിലുണ്ടായിരുന്ന അവസാനത്തെ അബ്ബാസി ഖലീഫ. അൽ മുതവക്കിൽ അലല്ലായായിരുന്നു. ഖിലാഫത്ത് ഉഥ്മാനീ സുൽത്താൻ സലീമിനെ ഏല്പിച്ചു. ഖലീഫമാർ പരമ്പരാഗതമായി സൂക്ഷിച്ചിരുന്ന റസൂൽ തിരുമേനി (സ)യുടെ വാളും പതാകയും സലീം അബ്ബാസീ ഖിലാഫത്തിൽ നിന്നും കൈപറ്റി അങ്ങനെ ഖിലാഫത്തിന്റെ ചരിത്രം മറ്റൊരു ഘട്ടത്തിലേക്ക് ഗതിമാറി. ഖലീഫാ സ്ഥാനമൊഴിഞ്ഞ മുതവക്കിലിനേയും കൊണ്ട് സുൽത്താൻ സലീം തന്റെ കൂടെ ഇസ്താംബൂളിലേക്ക് കൊണ്ടുപോയി. ഈജിപ്തിൽ നിന്നും പോകുന്ന വഴിയിൽ സിറിയയിൽ ഡമാസ്കസിൽ വെച്ച് ഹിജാസിലേയും അറബ് ദേശത്തെയും ഭരണാധികാരികളെ കണ്ട് ബൈയ്യത്ത് (അനുസരണ പ്രതിജ്ഞ) വാങ്ങി ഇസ്താംബൂളിലെ അയാസോഫിയ പള്ളിയിൽ അൽഅസ്ഹർ പണ്ഡിതന്മാരും ഉഥ്മാനീ പണ്ഡിതന്മാരും സമ്മേളിച്ച ഒരു പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ചാണ് ഖിലാഫത്തിന്റെ ഔദ്യോഗിക കൈമാറ്റം നടന്നത്. അങ്ങിനെ സലീം ഒന്നാമൻ ആദ്യത്തെ ഉഥ്മാനീയാ ഖലീഫയായി. ഇസ്താംബുൾ ഇസ്ലാമിക ഖിലാഫത്തിന്റെ കേന്ദ്രമാവുകയും ചെയ്തു.


സലിം ഒന്നാമൻ പ്രഗത്ഭനായ ഉഥ്മാനി ഭരണ കർത്താവ് കൂടിയായിരുന്നു. 8 വർഷവും 8 മാസവുമാണ് അദ്ദേഹം ഭരിച്ചത് (ഹി. 918/1512 – ക്രി. 926/1520) ഈ ചുരുങ്ങിയ കാലം കൊണ്ട് ഉസ്മാനിയാ ഭരണത്തിൽ മിസ്റ് (ഈജിപ്ത്) ശാം (സിറിയ) ജസീറതുൽ അറബ് എന്നീ പ്രദേശങ്ങളും ചേർന്നതോടെ വിസ്തൃതി ഇരട്ടിയായി വർദ്ധിച്ചു. ഉഥ്മാനികളിൽ ഏറ്റവും പ്രഗത്ഭനായ മൂന്നുപേരിൽ ഒരാളായാണ് പ്രഥമ ഉഥ്മാനീ ഖലീഫ കൂടിയായ സലീം ഒന്നാമനെ കണക്കാക്കുന്നത്. ഖലീഫ സലീം കൈറോവിലും വടക്കൻ തുർക്കിയിലും നടത്തിയ കൂട്ടക്കൊലകളും തന്റെ അഭിപ്രായത്തോട് വിയോജിച്ച ഏഴ് മന്ത്രിമാരെ വധിച്ചതും അദ്ദേഹത്തിന്റെ സൽകീർത്തിക്ക് കളങ്കം ചാർത്തുന്നു. സ്പെയിനിലെ മുസ്ലിംകൾ അനുഭവിക്കുന്ന കൂട്ടക്കൊലകളിലും പീഢനങ്ങളിലും രോഷാകുലനായ സലീം അതിനുപകരം തന്റെ സൽത്വനത്തിന് കീഴിലുള്ള ക്രിസ്ത്യാനികളെ വധിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ശൈഖുൽ ഇസ്ലാം അലി ജമാലി ഇസ്ലാമിക ശരീഅത്ത് ഉയർത്തിപ്പിടിച്ച് ആ ഉദ്യമത്തിൽ നിന്നും അദ്ദേഹത്തെ തടയുകയാണുണ്ടായത്.

സലീം ഒന്നാമന്ശേഷം മകൻ സുലൈമാനാണ് ഖലീഫയായി അവരോധിക്കപ്പെട്ടത്. ഏക മകനായതിനാൽ അവകാശതർക്കങ്ങളില്ലാതെ രമ്യമായി അധികാരകൈമാറ്റം നടന്നു. ഇദ്ദേഹം സുലൈമാൻ അൽ ഖാനൂനി (നിയമ ദാതാവ്) എന്ന് അറിയപ്പെടുന്നു. സർവ്വ മേഖലയിലും ഖിലാഫത്തിനെ പുരോഗതിയിലേക്ക് നയിച്ചതിനാൽ സുലൈമാനുൽ അഅ്ളം (മഹാനായ സുലൈമാൻ - Sulaiman the Magnificient) എന്ന പേരി

ലും അറിയപ്പെടുന്നു. വളരെ നീതിമാനും പ്രത്യുല്പ ന്നമതിയുമായിരുന്നു ഖലീഫ സുലൈമാൻ. ബാൽക്കൺ രാജ്യമായ യുഗോസ്ലാവ്യയും, ഹംഗറിയും ജയിച്ചട ക്കിയത് സുലൈമാനാണ്. ജർമ്മൻ ചക്രവർത്തിക്കെ തിരെ പൊരുതാൻ ഫ്രാൻസ് ഉഥ്മാനികളുമായി സഖ്യ മുണ്ടാക്കി. മുസ്‌ലിം ലോകത്തിന്റെ മുന്നേറ്റം തടയാൻ ശ്രമിക്കുന്നതിനിടയിൽ ഒരു ക്രിസ്ത്യൻ രാജ്യമായ ഫ്രാൻസ് മറ്റൊരു ക്രിസ്ത്യൻ രാജ്യത്തിനെതിരെ ഉഥ്മാ നികളുമായി സൈനിക സഖ്യത്തിലേർപ്പെട്ടത് പോപ്പിനെ കോപാകുലനാക്കി. മുസ്‌ലിം രാജ്യങ്ങളെ അക്രമി ക്കാനും കോളനി സ്ഥാപിക്കാനും ഇറങ്ങി പുറപ്പെട്ട പോർട്ടുഗീസുകാരെ പല ദേശങ്ങളിൽ നിന്നും തുരത്തിയോടിച്ചത് ഉഥ്മാനികളാണ്.

ഖലീഫ സുലൈമാന്റെ മഹത്വത്തെ കളങ്കപ്പെടു ത്തുന്ന സംഭവവുമുണ്ട്. റഷ്യൻ സുന്ദരിയായ ഖുർറ മിന്റെ സ്വാധീനത്താൽ മറ്റു ഭാര്യമാരിലുള്ള പുത്രന്മാരെ വധിച്ച സംഭവമാണത്. ഈ പുത്രന്മാർ സാമ്രാജ്യത്തി നെതിരെ ഗൂഢാലോചന നടത്തുന്നുവെന്നാണ് ഖുർറം ഖലീഫയെ ധരിപ്പിച്ചത്. ഖുർറം ആകട്ടെ ഖലീഫക്ക് താർതാരികൾ സമ്മാനിച്ച ജൂതസ്ത്രീയുമായിരുന്നു തന്റെ മകനെ പിന്തുടർച്ചവകാശിയാക്കുമെന്ന ഉദ്ദേശ ത്തിലാണ് ഖുർറം അത് ചെയ്തതെങ്കിലും ഖലീഫ സുലൈമാൻ മറ്റൊരു പുത്രനെയാണ് ഖലീഫയാക്കിയ ത്. മറ്റൊരു സംഭവം തന്റെ വിശ്വസ്തമന്ത്രിയായ ഇബ്രാഹിം പാഷയെ ചിലരുടെ ഉപജാപങ്ങൾ കാരണം പെട്ടെന്ന് വധിച്ചുകളഞ്ഞതാണ്.

ആഗോള രാഷ്ട്രീയശക്തിയായി വളർന്ന ഉഥ്മാനി ഖിലാഫത്തിന്റെ ചരിത്രം സംഭവബഹുലമായിരുന്നു. യൂറോപ്പിൽ നിന്നും റഷ്യയിൽനിന്നുമുള്ള ചെറുത്തു നിൽപ്പും ആക്രമണഭീഷണിയുമായിരുന്നു ഉഥ്മാനികൾ അഭിമുഖീകരിച്ച ഏറ്റവും വലിയ പ്രശ്നം. 1736ൽ പോള ണ്ടിലെ രാഷ്ട്രീയ പ്രതിസന്ധിയുമായി ബന്ധപ്പെട്ട ഉഥ്മാനികൾ ഒരുവശത്തും റഷ്യയും ആസ്ട്രിയയും മറുവശത്തുമായി യുദ്ധമുണ്ടായി. - യുദ്ധം ഉഥ്മാനി കൾക്കനുകൂലമായി കലാശിച്ചു. ബൽഗ്രേഡും വെച്ച് സന്ധിയുമുണ്ടാക്കി. പിന്നീട് റഷ്യൻ രാജ്ഞി കാഥറിന്റെ കാലത്ത് ബൽഗ്രേഡ് സന്ധിക്ക് വിരുദ്ധമായി റഷ്യ പോളണ്ടിൽ ഇടപ്പെട്ടു. അവസാനം യുദ്ധത്തിൽ കലാ ശിച്ചു. ഫലം ഉഥ്മാനികളുടെ പരാജയമായിരുന്നു. പിന്നീട് റഷ്യയുമായുണ്ടായ യുദ്ധങ്ങളിൽ പരാജയം തന്നെയായിരുന്നു ഫലം. തുടർന്ന് ഫ്രാൻസ് നെപ്പോളി യൻ ബോ ണോപ്പാർട്ടിന്റെ നേതൃത്വത്തിൽ ഉഥ്മാനിക




***ഉഥ്മാനിയ്യാ ഖിലാഫത്തിനു കീഴിലെ മുസ്‌ലിം ഭരണ പ്രദേശങ്ങൾ***

ളുടെ കീഴിലുള്ള ഈജ്പിത് ആക്രമിച്ചു. ഫ്രാൻസിന്റെ പീരങ്കി സൈന്യത്തിനുമുമ്പിൽ ഉഥ്മാനികളുടെ ഈജി പ്ഷ്യൻ സേന പരാജയപ്പെട്ടു. നെപ്പോളിയൻ മുസ്‌ലിംക ളുടെ പിന്തുണ നേടാൻ ‘അലി ബോണോപാർട്ട് പാഷ’ എന്ന് പേരുമാറ്റി ശൈഖുമാരുടെ വസ്ത്രമണിഞ്ഞ് പള്ളികളിൽ നിത്യസന്ദർശനവും നടത്തിയിരുന്നു. അങ്ങിനെ ഈജിപ്ത് ഫ്രഞ്ച് അധീനത്തിലായി. തുടർന്ന് ഉഥ്മാനികൾ ഫ്രാൻസിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഫ്രാൻസുമായി ശത്രുതയിലുണ്ടായിരുന്ന ഇംഗ്ലണ്ടും റഷ്യയും ഉഥ്മാനികളെ സഹായിച്ചു. ഫ്രഞ്ച് അധിനി വേശത്തിൽ നിന്നും 1802ൽ ഈജിപ്ത് മോചിതമായി. ഉഥ്മാനികളുടെ ഭരണമുണ്ടായിരുന്ന ഗ്രീസിലും ദേശീ യബോധവും സൽത്വനത്തിനെതിരെ കലാപവും ഉണ്ടാ യി. ഫ്രഞ്ച് വിപ്ലവം ഗ്രീക്കുകാരുടെ ദേശീയബോധ ത്തിന് കരുത്തേകി യൂറോപിന്റെ നിർലോഭ പിന്തു ണയും അവർക്ക് ലഭിച്ചു. യൂറോപ്പിലെ കവികളും ചിന്ത കന്മാരും ഗ്രീക്കുകാരുടെ സമരത്തിന് ആക്കം കൂട്ടി. ഇംഗ്ലീഷ് കവിയായ ലോർഡ് ബൈറണം ഫ്രഞ്ച് കവിയും നോവലിസ്റ്റുമായ വിക്ടർ ഹ്യൂഗോയും ഉഥ്മാ നികൾക്കെതിരെ ഗ്രീക്കുകാരെ ഇളക്കിവിട്ടു. ആയിര ക്കണക്കിന് മുസ്‌ലിംകൾ ഗ്രീക്ക് കലാപങ്ങളിൽ കൊല്ല പ്പെട്ടു. ഗ്രീക്ക് കലാപകാരികൾ ഒരു ദേശീയ ഗവൺ മെന്റ് രൂപീകരിച്ചെങ്കിലും ഖലീഫ ഈജിപ്ഷ്യൻ സേനയെ ഉപയോഗിച്ച് അതിനെ പരാജയപ്പെടുത്തി. പക്ഷേ ബ്രിട്ടൺ, റഷ്യ, ഫ്രാൻസ്, എന്നീ യൂറോപ്യൻ ശക്തികൾ ഉഥ്മാനികൾക്കെതിരെ സൈനികമായി ഉപ രോധിച്ചു നവാരിനോ തുറമുഖത്ത് തുടർക്കിയെ പരാ ജയപ്പെടുത്തി. (തുടരും) ●

സി.എൻ. അഹ്മദ് മൗലവി

ലേഖനം

# ഈസാനബി: അദ്ദേഹമിപ്പോൾ ജീവിച്ചിരിപ്പുണ്ടോ? ഇങ്ങോട്ട് തിരിച്ചുവരുമോ?

**കേരളത്തിലെ സമുന്നതരായ മുസ്‌ലിം പണ്ഡിതന്മാരിലൊരാളായിരുന്നു മർഹും സി.എൻ. അഹ്മദ് മൗലവി സാഹിബ്. ഭൂരിപക്ഷ മുസ്‌ലിം പണ്ഡിതന്മാരിൽ നിന്നും വ്യത്യസ്തമായി ഈസാ നബി (അ) മരിച്ചുപോയി എന്ന് ശക്തമായ തെളിവുകൾ നിരത്തി അദ്ദേഹം സ്ഥാപിക്കുന്നു. 'സഹീഹുൽ ബുഖാരി' മലയാള പരിഭാഷയുടെ ആമുഖത്തിൽ നിന്നെടുത്തതാണ് ഈ ലേഖനം.**

ഹദീസുകൾ പരിശോധിച്ച് ശരിയും തെറ്റും വേർതിരിച്ചെടുക്കുവാൻ, ഹദീസ് പരിശോധനാ വിദഗ്ധന്മാർ ചില അളവുകോലുകൾ നമ്മുടെ കയ്യിൽത്തന്നിട്ടുണ്ട്. ആ അളവുകോലുകൾ കൊണ്ട് അളന്നു നോക്കിയിട്ടുവേണം ഏത് ഹദീസും നമുക്ക് സ്വീകരിക്കുവാൻ. ഇതെപ്പോഴും നമുക്കോർമ്മയുണ്ടായിരിക്കണം. തിരുമേനിയുടെ പേരിൽ ഹദീസുകൾ കെട്ടിയുണ്ടാക്കിയതിൽ ഒരു വലിയ പങ്ക് വഹിച്ചത് ജൂതന്മാരും ക്രിസ്ത്യാനികളുമാണെന്ന് മുമ്പ് നാം ഉണർത്തിയിട്ടുണ്ട്. അത് വായിച്ചശേഷം 1405*-ാം നമ്പർ ഹദീസൊന്നെടുത്ത് വായിച്ചുനോക്കൂ. എന്താണതിൽ പറയുന്നത്? "ഇസ്രാഈല്യരുടെ വാർത്തകൾ നിങ്ങൾ രിവായത്ത് ചെയ്തുകൊള്ളുക; അതിൽ ദോഷമൊന്നുമില്ല" എന്ന് തിരുമേനി ശിഷ്യഗണങ്ങളെ ഉൽബോധിപ്പിച്ചുവെന്ന്! കഥയെങ്ങിനെയുണ്ട്! ഇസ്രാഈല്യരുടെ കുത്തിത്തിരിപ്പുകൾ, ഖുർആനോടും നബിയോടും അവർക്കുള്ള അസൂയ, ഇസ്‌ലാമിനെ തകർക്കാൻ ഒളിഞ്ഞും അവർ നടത്തിക്കൊണ്ടിരുന്ന ശ്രമങ്ങൾ, അവർ വെച്ചുപുലർത്തിക്കൊണ്ടുപോന്ന അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവയെക്കുറിച്ചുള്ള പരാമർശങ്ങളാലും സൂചനകളാലും നിറയപ്പെട്ടതാണ് ഖുർആൻ. എന്നിട്ട് ആ ഖുർആന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുവാൻ വന്ന ദൈവദൂതൻ ഉപദേശിക്കുന്നതോ, ഇസ്രാഈല്യരുടെ പക്കൽ നിന്ന് കിട്ടുന്ന ഏത് വാർത്തയും സ്വീകരിക്കുകയും നിങ്ങളുടെ സന്താനങ്ങളെ പഠിപ്പിക്കുകയും ചെയ്തുകൊള്ളുക എന്ന്! ഇസ്‌ലാമിനെ തകർക്കാൻ ഇനി വല്ലതും വേണ്ടതുണ്ടോ?

വേഗം മനസ്സിലാക്കാൻ ഞാനൊരുദാഹരണം ചൂണ്ടിക്കാണിക്കാം. ഒരു മനുഷ്യൻ ചെയ്യുന്ന പാപത്തിന്ന് മറ്റൊരു മനുഷ്യൻ ഉത്തരവാദിയാവുകയില്ലെന്നത് ഖുർആന്റെ ഒരു പ്രഖ്യാപിത (6:164) സിദ്ധാന്തമാണ്. എന്നാൽ നമ്മുടെ ചില മതഗ്രന്ഥങ്ങളെടുത്തു നോക്കുക. ഈ സിദ്ധാന്തത്തിന്ന് കടകവിരുദ്ധമായ്ക്കൊണ്ട് വിധിയെഴുതിയിരിക്കുന്നത് കാണാം. ആദം വിലക്കപ്പെട്ട പഴം തിന്നുക നിമിത്തം ആദമിന്റെ സന്താനങ്ങളെല്ലാം പാപികളായ്ക്കൊണ്ടാണ് ജനിക്കുന്നത്; ഇനിയവരെ ശുചീകരിച്ചെടുത്തെങ്കിലേ ആ പാപമാലിന്യങ്ങളിൽ നിന്ന് അവർ മുക്തരാവുകയുള്ളൂ; അതിന്നാണ് ഇന്നിന്ന കർമ്മങ്ങൾ നിശ്ചയിച്ചിരിക്കുന്നതെന്ന് ക്രിസ്ത്യാനികൾ പറയുന്നു. അതേ സിദ്ധാന്തമാണ് നമ്മുടെ ചില മതഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിവെച്ചിരിക്കുന്നത്. ആദം പഴം പറിക്കാൻ കാലുകൊണ്ട് നടന്നുപോയി; കണ്ണുകൊണ്ട് നോക്കി; കൈക്കൊണ്ട് പറിച്ച്; വായകൊണ്ട് തിന്നു, അതുകൊണ്ടാണ് വുളുവിൽ കൈകാലുകളും കണ്ണ്, വായും മൂക്കുമെല്ലാം ശുചീകരിക്കാൻ കല്പിച്ചിരിക്കുന്നത്. ഇതാണ് നമ്മുടെ ചില മതഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്നത്. ഇതിന്റെ ഗുരുനാഥന്മാർ ക്രിസ്ത്യാനികളല്ലാതെ മറ്റാരുമല്ലെന്നത് തീർച്ചയാണല്ലോ. കാരണം, ഈ സിദ്ധാന്തം ഖുർആൻ തള്ളിക്കളഞ്ഞ ഒന്നാണ്. മാത്രമല്ല, മനുഷ്യൻ പാപിയായ്ക്കൊണ്ട് ജനിക്കുക മൂലം അവനെ ശുദ്ധീകരിച്ചെടുക്കാനുള്ള നടപടികളെ ഖുർആൻ

* സഹീഹുൽ ബുഖാരിയിലെ ഹദീസ് നമ്പർ

കളിയാക്കി വിടുക കൂടി (2:138) ചെയ്തിരിക്കുന്നു; ആ സ്ഥിതിക്ക് ഈ സിദ്ധാന്തം ഇസ്ലാമിലേക്ക് എങ്ങനെ നുഴഞ്ഞുകയറി? ക്രിസ്ത്യാനികൾ മുഖേന തന്നെ!

ഇതേപ്രകാരം ക്രിസ്ത്യാനികളിൽ നിന്ന് മുസ്ലിംകളുടെയിടയിലേക്ക് നുഴഞ്ഞുകയറിയ ഒന്ന തന്നെയാണ് ഈസാനബിയെക്കുറിച്ച് ഇന്ന് മുസ്ലിം ബഹുജനങ്ങളിലുള്ള ധാരണയും.

ഈസാനബി(അ) ഒരു നബി മാത്രമായിരുന്നു. മറ്റു നബിമാരെപ്പോലെത്തന്നെ അദ്ദേഹവും ജീവിച്ചു. മറ്റ് നബിമാരെ ശത്രുക്കൾ അലട്ടിക്കൊണ്ടും മർദ്ദിച്ചുകൊണ്ടുമിരുന്നപോലെത്തന്നെ അദ്ദേഹത്തേയും മർദ്ദിച്ചു. അവസാനം അദ്ദേഹത്തിന്റെ കഠിനശത്രുക്കളായിരുന്ന ജൂതന്മാർ അദ്ദേഹത്തെ ക്രൂശിക്കാൻ വട്ടം കൂട്ടി. അങ്ങനെ അദ്ദേഹം ക്രൂശിക്കപ്പെട്ടുവെന്നും മൂന്ന് ദിവസം മരിച്ചു കിടന്നതിനുശേഷം ഉയിർത്തെഴുന്നേറ്റെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ഉയിർത്തെഴുന്നേറ്റശേഷം അദ്ദേഹം തന്റെ ശിഷ്യന്മാർക്കിടയിൽ പ്രത്യക്ഷപ്പെടുകയും അവർക്കുപദേശനിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുകയും അവരോടൊപ്പം ആഹാരം കഴിക്കുകയും ചെയ്തുവെന്നും, താൻ യേശുക്രിസ്തു തന്നെയാണെന്ന് പല നിലക്കും അവരെ ബോധ്യപ്പെടുത്തിയെന്നും മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരെഴുതിയ സുവിശേഷങ്ങളിൽ വ്യക്തമായിത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ ക്രൂശിക്കപ്പെട്ട ശേഷം 40 ദിവസം കഴിഞ്ഞതിൽപ്പിന്നെ അദ്ദേഹത്തെ മാലാഖന്മാർ സ്വർഗ്ഗലോകത്തേക്ക് കൊണ്ടുപോയെന്നും അദ്ദേഹമിപ്പോൾ ദൈവത്തോടൊപ്പം ഇരിക്കുകയാണെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു.

ഈ വിശ്വാസം അപ്പടി മുസ്ലിംകളിലേക്ക് പകർന്നു. ഒരു വ്യത്യാസം മാത്രം. ഈസാനബിയെ ശത്രുക്കൾക്ക് കുരിശിലേറ്റിയിട്ടോ മറ്റു നിലക്കോ കൊല്ലാൻ കഴിഞ്ഞിട്ടില്ല എന്ന് ഖുർആൻ സ്പഷ്ടമായ ഭാഷയിൽ പ്രഖ്യാപിച്ചിരിക്കെകൊണ്ട് (4:157) അതപ്പടി സ്വീകരിക്കാൻ നിന്നില്ല. അതു മാത്രമങ്ങ് വിട്ട് ബാക്കിയുള്ളതെല്ലാം സ്വീകരിച്ചു. ഇനി ലോകാവസാനം യേശുക്രിസ്തു ഈ ലോകത്തേക്കുതന്നെ മടങ്ങിവരുമെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. അങ്ങനെ മടങ്ങിവന്നശേഷം ന്യായവും നീതിയുമെല്ലാം നടപ്പിൽ വരുത്തുകയും അനീതിയേയും അക്രമത്തേയും അടിച്ചമർത്തുകയും ചെയ്യുമെന്നും. അതും മുസ്ലിംകൾ അതേപടി ഏറ്റുപാടി. ഇപ്പോൾ ക്രിസ്ത്യാനികളെപ്പോലെത്തന്നെ മുസ്ലിംകളും ഈസാനബി തിരിച്ചുവരുന്നത് കാത്തുകൊണ്ടിരിക്കുകയാണ്. ചെറുകുട്ടികൾക്ക് പഠിപ്പിക്കുന്ന പ്രാഥമിക മത പാഠപുസ്തകങ്ങളിൽപ്പോലും ഈ സിദ്ധാന്തം അങ്ങ് തിരുകിക്കയറ്റിവെച്ചാൽ പിന്നീട് ആ വിശ്വാസത്തിന്നുണ്ടാകുന്ന ദാർഢ്യം പറയേണ്ടതുണ്ടോ!

വാസ്തവത്തിൽ നാം വലിച്ചിഴച്ചിട്ടെന്തു പ്രയോജനം? ഖുർആൻ സിദ്ധാന്തങ്ങൾ മനസ്സിരുത്തിപ്പഠിക്കുന്ന പതിവ് എത്രയോ നൂറ്റാണ്ടുകളായി മുസ്ലിംകളിൽ നിന് വിട്ടുപോയി; മുസ്ലിം പണ്ഡിതന്മാരുടേയും പാമര ജനങ്ങളേയുമെല്ലാം പ്രമാണം ഓരോ കാലങ്ങളിൽ എഴുതപ്പെട്ട മതപണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളാണ്. ആ സ്ഥിതിക്ക് നൂറ്റാണ്ടുകളും തലമുറകളുമായി ജീവിച്ച മുസ്ലിംകളോട് ഇന്ന് മറിച്ചുപറഞ്ഞാൽ ഫലമെന്തായിരിക്കുമെന്ന് പറയേണ്ടതില്ലല്ലൊ. പക്ഷെ ഇസ്ലാമിന്റെ പരിശുദ്ധവും പരമസുന്ദരവുമായ രൂപം ലോകത്തിന്നു മുമ്പിൽ വെക്കുമ്പോൾ നമുക്കത് ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. ഏറ്റവും ചുരുങ്ങിയത് ഇസ്ലാമിന്റെ പേരിൽ ചുമത്തിയ തെറ്റായ ഒരാരോപണം ചൂണ്ടിക്കാണിക്കുകയെങ്കിലും ചെയ്ത് അല്ലാഹുവിന്റെ മുമ്പിൽ നമ്മുടെ ബാധ്യത നിർവ്വഹിക്കുവാനും നമ്മുടെ നിരപരാധിത്യം തെളിയിക്കുവാനും നാം ആഗ്രഹിക്കുന്നു.

ഈസാനബി ഇന്ന് ജീവിച്ചിരിക്കുന്നുണ്ടോ? ഇനിയിങ്ങോട്ടു തിരിച്ചുവരുമോ? മുസ്ലിംകൾക്കിടയിൽ - വിശിഷ്യാ മുസ്ലിം ബുദ്ധിജീവികൾക്കിടയിൽ - ഇന്നൊരു ചിന്താവിഷയമാണിത്. അതിനുള്ള മറുപടിയാണ് താഴെ കാണിക്കുന്നത്.

ഈസാനബിയെ ആകാശത്തേക്കുയർത്തിയിരിക്കയാണെന്നോ ലോകാവസാനം അദ്ദേഹമിങ്ങോട്ട് തിരിച്ചുവരുമെന്നോ ഖുർആനിൽ പറഞ്ഞിട്ടില്ല. നേരെമറിച്ച് ക്രിസ്ത്യാനികൾ വിശ്വസിക്കുംപോലെ, അദ്ദേഹത്തെ ആകാശത്തേക്ക് ഉയർത്തിക്കൊണ്ട് പോവുകയോ ഒരു കാലത്ത് അദ്ദേഹം ഇങ്ങോട്ട് തിരിച്ചുവരുകയോ ചെയ്കയില്ല എന്നതിന്ന് വ്യക്തവും ഖണ്ഡിതവുമായ തെളിവുകളാണ് ഖുർആൻ നിരത്തിവെച്ചിരിക്കുന്നത്. നമുക്കതൊന്ന് കണ്ണുതുറന്നുനോക്കാൻ സന്മനസ്സുണ്ടായാൽ മാത്രം മതി.

ഈസാനബി അവസാനം തിരിച്ചുവരും, എന്നിട്ട് പന്നിയെ കൊല്ലും, കുരിശ് തല്ലിയുടക്കും ജിസ്യ ദുർബ്ബലപ്പെടുത്തും എന്നെല്ലാമാണല്ലോ ഹദീസുകൾ (1009) പറയുന്നത്. അതു ശരി തന്നെയാണോ? ശരിയായിരിക്കാൻ പാടുണ്ടോ? ഖുർ

ആന്റെ സിദ്ധാന്തങ്ങളും പ്രസ്താവനകളുമായി അത് യോജിക്കുന്നുണ്ടോ? ഒന്ന് ചിന്തിച്ചു നോക്കുക. നിങ്ങൾ ഇതിനു മുമ്പ് ശ്രദ്ധിച്ചിട്ടില്ലെങ്കിൽ ഇപ്പോഴെങ്കിലും ശ്രദ്ധിക്കുക. ഖുർആൻ 5-ാം അദ്ധ്യായം 116, 117 എന്നീ വാക്യങ്ങളൊന്നെടുത്ത് മനസ്സിരുത്തി വായിച്ചു നോക്കുക. എന്താണതിൽ പറയുന്നത്? നിങ്ങൾ വെച്ചു പുലർത്തിക്കൊണ്ടിരിക്കുന്ന സംശയങ്ങൾക്ക് സ്പഷ്ടവും ഖണ്ഡിതവുമായ മറുപടി തന്നെ.

പരലോകത്തുവെച്ച് അല്ലാഹു ഈസാനബിയെ വിചാരണ ചെയ്യുന്ന രംഗവും അന്നേരം ഈസാനബി ദൈവസന്നിധിയിൽ സമർപ്പിക്കുന്ന സ്റ്റെയിറ്റുമെന്റുമാണ് ആ രണ്ടു വാക്യങ്ങളിൽ എടുത്തുകാണിച്ചിരിക്കുന്നത്.

“ഓ മർയമിന്റെ മകൻ ഈസാ! അല്ലാഹുവിനെ വിട്ട് എന്നെയും എന്റെ മാതാവിനേയും ദൈവങ്ങളാക്കി വെക്കണമെന്ന് നീയാണോ ജനങ്ങളോടുപദേശിച്ചത്?” എന്ന് ഈസാനബിയോട് അല്ലാഹു ചോദിക്കുന്നു. അതിന്ന് മറുപടിയായ്ക്കൊണ്ട് ഈസാനബി നല്കുന്ന സ്റ്റെയിറ്റ്മെന്റെന്താണ്?'' (അല്ലുഹുവേ!) നിനക്ക് സ്തോത്രം! എനിക്ക് പറയുവാനധികാരമില്ലാത്തത് ഞാൻ പറയുകയില്ലല്ലോ, ഞാനതുപദേശിച്ചിട്ടുണ്ടെങ്കിൽ നിനക്കത് തികച്ചും അറിവുണ്ടായിരിക്കും. എന്റെ ഹൃദയത്തിലുള്ളത് നിനക്കറിയാം; നിന്നിലുള്ളത് ഞാനറിയുകയില്ല. നീ അദൃശ്യവാർത്തകളെല്ലാം അറിയുന്നവനത്രെ.” തുടർന്നുകൊണ്ടുള്ള വാക്യത്തിൽ, (117) നീയെന്നോട് കൽപിച്ചതല്ലാതെ മറ്റൊന്നും ഞാനവരെ ഉപദേശിച്ചിട്ടില്ലെന്നും ഞാനവർക്കിടയിൽ ഉണ്ടായിരുന്ന കാലമത്രയും അവരുടെ സ്ഥിതിഗതികൾ ഞാൻ മേൽനോട്ടം ചെയ്തുകൊണ്ടിരുന്നുവെന്നും പിന്നീട് നീയെന്റെ ആയുസ്സ് അവസാനിപ്പിച്ചപ്പോൾ അവരുടെ കാര്യങ്ങളെല്ലാം ഉറ്റുനോക്കിക്കൊണ്ടിരുന്നത് നീ മാത്രമാണെന്നും എനിക്കതിനെക്കുറിച്ച് അറിവോ ഉത്തരവാദമോ ഒന്നുമില്ലെന്നും ഈസാ നബി അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമാധാനം ബോധിപ്പിക്കുന്നു.

ഇപ്പോൾ ഒന്നു മനസ്സിരുത്തിച്ചിന്തിച്ചു നോക്കുക. പ്രചാരത്തിലുള്ള വിശ്വാസമെന്താണ്? ഖുർആൻ പറയുന്നതെന്താണ്? അതു രണ്ടും തമ്മിൽ യോജിക്കുന്നുണ്ടോ? അല്ലെങ്കിൽ വല്ല വ്യാഖ്യാനവും നൽകി യോജിപ്പിക്കാൻ കഴിയുമോ? ഇല്ല, ഒരിക്കലുമില്ല. ഈസാനബി തിരിച്ചു വരും, എന്നിട്ട് അദ്ദേഹം ആകാശത്തേക്കുയർന്നുപോയ ശേഷം ക്രിസ്ത്യാനികൾ നടപ്പിൽ വരുത്തിയ അനാചാരങ്ങളെയെല്ലാം അദ്ദേഹം നിർദ്ദയം തകർത്തുകളയും, കുരിശ് തന്നെ തല്ലിയുടച്ചു കളയും, പന്നിയെ കൊല്ലും എന്നെല്ലാമാണ് പ്രചാരത്തിലിരിക്കുന്ന ഹദീസിൽ പറയുന്നത്. അപ്പോൾ ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ വേർപാടിന്നുശേഷം നടപ്പിൽ വരുത്തിയ അനാചാരങ്ങളെല്ലാം അദ്ദേഹം തിരിച്ചുവരുമ്പോൾ കണ്ടു മനസ്സിലാക്കും, അതിലെല്ലാം അദ്ദേഹം അമർഷം പ്രകടിപ്പിക്കും, അവസാനം അതെല്ലാം അദ്ദേഹം നശിപ്പിച്ചുകളയും. ഇതാണു ഹദീസിൽ പറയുന്നത്. ഖുർആൻ പറയുന്നതോ, നേരെ മറിച്ചും, അതായത് അദ്ദേഹം ഈ ഭൂമിയിൽ നിന്ന് വിട്ടുപോയ ശേഷം ഇവിടെ ക്രിസ്ത്യാനികൾ നടപ്പിൽ വരുത്തിയ അനാചാരങ്ങളൊന്നും അദ്ദേഹം അറിയുകയേയില്ല; അദ്ദേഹത്തെ ക്രിസ്ത്യാനികൾ ദൈവമാക്കിവെച്ച് പൂജിച്ചതുപോലും അദ്ദേഹം അറിയുകയില്ല. അവസാനം പരലോകത്ത് ഉയിർത്തെഴുന്നേറ്റ് അല്ലാഹുവിന്ന് മുമ്പിൽ ഹാജരാവുമ്പോൾ മാത്രമാണ് ക്രിസ്തീയ ലോകത്ത് നടന്ന ഈ സംഭവങ്ങളെല്ലാം അദ്ദേഹത്തിന്റെ അറിവിൽപ്പെടുക. ചുരുക്കത്തിൽ ഖുർആന്റെ പ്രസ്താവനകൾക്ക് കടകവിരുദ്ധമായ്ക്കൊണ്ടാണ് ഹദീസ് നിലകൊള്ളുന്നത്. * അപ്പോൾ നാം ഖുർആൻ വിശ്വസിക്കേണമോ, അതല്ല

* ഏതൊരുവന്റെ കൈയ്യിൽ എന്റെ ജീവനിരിക്കുന്നുവോ അവനാണെ സത്യം നിശ്ചയമായും വിധികർത്താവും നീതിമാനുമായി ഇബ്നുമറിയം ഇറങ്ങും. അദ്ദേഹം കുരിശു മുറിക്കുകയും പന്നിയെ കൊല്ലുകയും ജിസ്‌യ ഇല്ലാതാക്കുകയും ചെയ്യും' (ബുഖാരി) 'നിങ്ങളിൽ നിന്ന് നിങ്ങൾക്ക് ഇമാമായി ഇബ്നു മറിയം നിങ്ങളിൽ ഇറങ്ങുമ്പോൾ നിങ്ങളുടെ സ്ഥിതി എന്തായിരിക്കും' (ബുഖാരി) എന്നിങ്ങനെയുള്ള ബുഖാരിയിലെ ശക്തിമത്തായ ഹദീസിനെ സംബന്ധിച്ചാണ് 'ഖുർആന്റെ പ്രസ്താവനകൾക്ക് കടകവിരുദ്ധം' എന്ന് ലേഖകൻ പറയുന്നത്. ലേഖകന് ഇക്കാര്യത്തിലുണ്ടായ ഒരു ധാരണപിശക് കൊണ്ടാണ് ഏറ്റവും പ്രമാണികമായ സഹീഹുൽ ബുഖാരിയിൽ വന്ന പ്രസ്തുത ഹദീസുകളെ കുറിച്ച് ഇങ്ങനെ ഒരു പരാമർശം നടത്താൻ ധൃഷ്ടനായത്. 'ഇബ്നു മറിയം' എന്ന അഭിധാനമുള്ള പിൽക്കാലത്ത് മുസ്‌ലിം ഉമ്മത്തിൽ അവതീർണനാകുന്ന മഹാത്മാവ് രണ്ടായിരം വർഷം മുമ്പ് ബനീഇസ്രായേൽ സമുദായത്തിൽ വന്ന ഈസബ്നുമറിയം എന്ന പേരുള്ള പ്രവാചകൻ തന്നെയായിരിക്കുമെന്നാണ് ലേഖകൻ ധരിച്ചിട്ടുള്ളത്. ഇത് ഈ ഹദീസിന്റെ വാചകഘടനക്കും താൽപര്യത്തിനുമെതിരാണ്. 'ഇബ്നു മറിയം' എന്നത് ഒരു ആത്മീയ പദവി കൂടിയാണെന്ന് ഖുർആനിൽ നിന്നും നമുക്ക് മനസ്സിലാക്കാം. ഹദീസുകളിൽ വരാനിരിക്കുന്ന മസീഹിനെ പറ്റി പറഞ്ഞ സന്ദർഭങ്ങളിലൊന്നും തന്നെ 'ഈസ' എന്ന് സംജ്ഞാനാമം പ്രയോഗിക്കാതെ 'ഇബ്നു മർയം' എന്നു മാത്രമാണ് പ്രയോഗിച്ചിരിക്കുന്നത്. പ്രസ്തുത ഹദീസിൽ വന്ന 'ഇമാമുക്കും മിൻക്കും ('നിങ്ങളിൽ നിന്ന് നിങ്ങൾക്ക് ഇമാമായികൊണ്ട്') എന്ന പദം യാതൊരു സംശയത്തിനും ഇട നൽകാ

ഹദീസ് വിശ്വസിക്കേണമോ? നമ്മുടെ വിശ്വാസ പ്രമാണമനുസരിച്ച് ഖുർആൻ തന്നെയാണ് നാം വിശ്വസിക്കേണ്ടത്. അതിലൊരു നിമിഷവും സംശയിച്ചു നിൽക്കേണ്ടതില്ല.

ജൂതന്മാർ ഈസാനബിയുടെ ജീവൻ അപകടപ്പെടുത്താൻ വട്ടം കൂട്ടിയപ്പോൾ അദ്ദേഹത്തെ മലക്കുകൾ ആകാശത്തേക്ക് പൊക്കിയെടുത്തുകൊണ്ടു പോയ്ക്കളഞ്ഞു. അങ്ങനെ ജൂതന്മാരരെ പരാജയപ്പെടുത്തിക്കളഞ്ഞുവെന്നാണല്ലോ നാം വമ്പ് പറയുന്നത്. അല്ലാഹു പറയുന്ന വമ്പ് അങ്ങനെയല്ല. ജൂതന്മാർക്ക് അദ്ദേഹത്തെ വധിക്കാനോ ക്രൂശിച്ച് കൊല്ലാനോ കഴിഞ്ഞില്ല. അവർക്കമളി പറ്റിയെന്നും മറ്റുമാണ് ഖുർആൻ പറയുന്നത്. അവസാനം അല്ലാഹു ഈസാനബിയെ രക്ഷിച്ചതെങ്ങിനെയാണ്? അതു കണ്ടുപിടിക്കാൻ കെട്ടുകഥകളെയൊന്നും അഭയം പ്രാപിക്കേണ്ടതില്ല. ഖുർആൻ തന്നെ വ്യക്തമായ ഭാഷയിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്: "നിവാസയോഗ്യവും വെള്ളമൊഴുകുന്നതുമായ ഒരു കുന്നിന്മേൽ നാം അവർ രണ്ടുപേർക്കും (ഈസാ നബിക്കും മാതാവിന്നും) അഭയം നൽകി." (23:50). അങ്ങനെയാണ് ക്രൂരരായ ആ ജൂതന്മാരുടെ ആക്രമണങ്ങളിൽനിന്ന് അല്ലാഹു ഈസാനബിയെ രക്ഷിച്ചത്. അദ്ദേഹത്തിൽ നിന്ന് ജൂതന്മാരുടെ ശ്രദ്ധ തിരിച്ചുവിടാനും അദ്ദേഹത്തിന്റെ നിവാസകേന്ദ്രം ജൂതന്മാർ മനസ്സിലാക്കാതിരിക്കാനും വേണ്ടി, അദ്ദേഹത്തെ മാലാഖന്മാർ ആകാശത്തേക്കെടുത്തുകൊണ്ടുപോയി എന്ന് ക്രിസ്തീയ നേതാക്കന്മാർ അന്ന് പ്രചരിപ്പിച്ചതായിരിക്കണം. പിന്നീട് യാഥാർത്ഥ്യം പുറത്തു പറയാൻ കുറെ കാലം കഴിഞ്ഞപ്പോൾ വിഷമം തോന്നുക നിമിത്തം ആ ക്രിസ്തീയ നേതാക്കൾ യാഥാർത്ഥ്യം തുറന്നുപറയാതെ മൗനം ദീക്ഷിച്ചതുമായിരിക്കാം. അങ്ങനെയാവണം ആ ധാരണ ക്രിസ്ത്യാനികളിൽ അടിയുറച്ചത്. മാർക്കോസ് എഴുതിയ സുവിശേഷത്തിൽ യേശുക്രിസ്തുവിന്റെ വാനാരോഹണത്തെക്കുറിച്ച് പറയുന്നത് കാണുക:

"ഇങ്ങനെ കർത്താവായ യേശു അവരോട് അരുളിച്ചെയ്തശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു, ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു." (മാർക്കോസ് 16:19). "അനന്തരം അവരെ ബേഥാന്യയോളം കൂട്ടിക്കൊണ്ടുപോയി കൈ ഉയർത്തി അവരെ അനുഗ്രഹിച്ചു. അവരെ അനുഗ്രഹിക്കയിൽ അവൻ അവരെ വിട്ടുപിരിഞ്ഞു (സ്വർഗ്ഗാരോഹണം ചെയ്തു)." (ലൂക്കോസ് 24:51) ഇങ്ങനെ ബൈബിളിൽ പലയിടങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നത് കാണാം. ബൈബിളിലുള്ള ഈ ധാരണ മുസ്‌ലിംകളിൽ പതുക്കെ കടന്നുകൂടി. അതിന്ന് അംഗീകരണം കിട്ടാൻ "കാല റസൂലുല്ലാഹി" എന്ന് ഒരു തലക്കെട്ടും വെച്ചുകൊടുത്തു. ഇതാണുണ്ടായത്.

പിന്നീടുള്ളത് ഖുർആനിലുപയോഗിച്ച ഒരു വാക്കാണ്. "അല്ലാഹു ഈസാനബിയെ തന്റെയടുക്കലേക്ക് ഉയർത്തി" എന്ന വാക്ക് (4:158).

---

ത്തവിധം വരാനിരിക്കുന്ന ഇമാം ബനീ ഇസ്രായിലിലുള്ള വ്യക്തിയല്ല മറിച്ച് മുസ്‌ലിം ഉമ്മത്തിൽ നിന്നു തന്നെയുള്ള വ്യക്തിയാണെന്ന് സ്പഷ്ടമാണ്. 'മിൻകും' (നിങ്ങളിൽ നിന്ന്) എന്ന പദം പ്രയോഗിച്ചുകൊണ്ട് ആകാശത്തിരിക്കുന്ന ബനീ ഇസ്രായിൽക്കാരനായ ഈസാനബി വീണ്ടും വരുമെന്ന കൃസ്തീയ സങ്കല്പത്തിന്റെ അടിവേരാണ് റസൂൽ തിരുമേനി (സ) ഛേദിച്ചിരിക്കുന്നത്.

മാത്രമല്ല അതിനേക്കാളുപരി ബനീ ഇസ്രായേലിൽ വന്ന ഇബ്നുമർയമും അവസാനകാലത്ത് ദജ്ജാലിനെ വധിക്കാൻ മുസ്‌ലിം സമുദായത്തിൽ ആഗതനാവുന്ന ഇബ്നുമർയമും രണ്ട് വ്യത്യസ്ത വ്യക്തികളാണ് എന്ന് ഏത് ചെറിയ കുട്ടിക്കും മനസ്സിലാവുന്ന രീതിയിൽ റസൂൽ തിരുമേനി(സ) പറഞ്ഞ കാര്യം ബുഖാരിയിൽ ഒരേ അദ്ധ്യായത്തിലുള്ള ('കിത്താബു ഫിത്തൻ ബാബു ദജ്ജാൽ') രണ്ട് ഹദീസുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഹദീസ് ഇപ്രകാരമാണ് 'ഞാൻ (റസൂലുല്ല (സ)) ഈസാ, മൂസാ എന്നീ നബിമാരെ ദർശനത്തിൽ കണ്ടു ഈസായുടെ നിറം ചുവപ്പായിരുന്നു. മുടി ചുരുണ്ടതും നെഞ്ച് വീതിയേറിയതുമായിരുന്നു. മൂസായുടെ നിറം ഗോതമ്പിന്റെതായിരുന്നു. ദേഹം തടിച്ചതും മുടി നീണ്ടതും കണ്ടാൽ ഒരു സൂത്തു വർഗ്ഗക്കാരനെ പോലെ തോന്നാം' (ബുഖാരി) തുടർന്നുള്ള ഹദീസിൽ ഇബ്നുമറിയമിന്റെ ശരീര വർണ്ണന നോക്കൂ. 'ഞാൻ (റസൂലുല്ല (സ) കഅ്ബ പ്രദക്ഷിണം ചെയ്യുന്നതായി സ്വപ്നത്തിൽ കണ്ടു. തൽസമയം പെട്ടെന്ന് ഒരാൾ എന്റെ മുമ്പിൽ വന്നു അയാളുടെ നിറം ഗോതമ്പിന്റേയും മുടി നേരെയുള്ളതും നീണ്ടതുമായിരുന്നു. ഇതാരാണെന്ന് ഞാൻ ചോദിച്ചു. ഇബ്നു മറിയമാണെന്ന് മറുപടി പറഞ്ഞു.' (ബുഖാരി). ഈ ഹദീസുകളിൽ വന്ന പരാമർശം നോക്കൂ. ബനീ ഇസ്രായീൽ വന്ന ഈസാനബിയുടെ വർണ്ണനയിൽ നിറം ചുവപ്പ്, മുടി ചുരുണ്ടതുമാണെന്നാണ്. അവസാനകാലത്ത് അവതരിക്കുന്ന ഇബ്നമറിയമിന്റെ നിറം ഗോതമ്പിന്റേതും മുടി നേരെയുള്ളതും. ചുവപ്പ് നിറവും ഗോതമ്പു നിറവും വ്യത്യസ്തമല്ലേ? അതുപോലെ ചുരുണ്ട മുടിയും, നീണ്ട മുടിയും വ്യത്യസ്തമല്ലേ? രണ്ട് മസീഹും രണ്ട് വ്യക്തികളാണ് എന്നതിന് ഇതിൽപരം മറ്റെന്ത് തെളിവാണ് വേണ്ടത്. ബനീഇസ്രായേലിൽ വന്ന ഈസാനബി(അ) മരിച്ചുപോയി എന്ന് വിശ്വസിക്കുന്ന ലേഖകൻ ഹദീസിൽ വരുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് അഥവാ 'ഇബ്നു മർയം' മറ്റൊരാളാണെന്ന് കരുതാത്തത് കൊണ്ടാണ്. ഹദ്റത്ത് ബുഖാരിയെ (റഹ്) പോലെയുള്ള ആദരണീയരായ മഹാത്മാക്കൾ സമാഹരിച്ച വ്യക്തമായ ഹദീസുകൾ ഖുർആൻ വിരുദ്ധമാണെന്ന് പറഞ്ഞ് തള്ളിക്കളയേണ്ടിവരുന്നത് (സ:പ).

"അല്ലാഹു ഉയർത്തി", "അല്ലാഹു ഉയർത്തും?'' എന്നെല്ലാം പറഞ്ഞാൽ ഒരാളെ ആകാശത്തേക്ക് പൊക്കിയെടുത്തു കൊണ്ടുപോകുമെന്നല്ല അതിന്റെ അർത്ഥമെന്ന് അറബിഭാഷയിലെ പ്രാഥമിക വിദ്യാർത്ഥികൾക്കുപോലും അറിയാം. "അല്ലാഹുവേ! നീ എന്റെ തെറ്റുകൾ പൊറുത്തു തരികയും എന്നോട് കരുണ കാണിക്കുകയും എന്റെ പോരായ്മകൾ പരിഹരിച്ചു തരികയും എന്നെ ഉയർത്തിത്തരികയും ചെയ്യേണമേ!" എന്ന് നാമെല്ലാവര നമസ്കാരത്തിലെ രണ്ട് സുജൂദുകൾക്കിടയിൽ സദാ പ്രാർത്ഥിക്കാറുണ്ടല്ലോ. നമ്മെയെല്ലാവരേയും ആകാശത്തേക്ക് പൊക്കിയെടുത്തു കൊണ്ടുപോയിത്തരണമെന്നാണോ അതിന്റെയർത്ഥം? ഇദ്‌രീസ് നബിയെ "ഉന്നതസ്ഥാനത്തേക്ക് നാം ഉയർത്തിക്കൊണ്ടുപോയി" എന്ന് ഖുർആൻ (19:57) പറയുന്നു. ഈസാനബിയെപ്പോലെ അദ്ദേഹത്തേയും ആകാശത്തേക്കുയർത്തിക്കൊണ്ടുപോയി എന്നാണോ അതിന്റെ അർത്ഥം? ആണെന്നു ആരെങ്കിലും പറയുന്നുണ്ടോ? ആരും പറയുന്നില്ല. എങ്കിലും ഈസാനബിയെ ഉയർത്തി എന്ന് പറഞ്ഞയിടത്ത് മാത്രം ഇങ്ങനെ അർത്ഥം കൽപിക്കാൻ ന്യായമെന്ത്?

## മറ്റൊരു തെളിവ്

ഖുർആൻ 4:157-159 നോക്കുക. യേശുക്രിസ്തുവിനെ തങ്ങൾ വധിച്ചു കളഞ്ഞുവെന്ന് ജൂതന്മാർ വമ്പു പറയുന്നുണ്ട്; വാസ്തവത്തിൽ അവർക്ക് അമളി പറ്റിയിരിക്കയാണ്. അദ്ദേഹത്തെ ക്രൂശിച്ച് കൊല്ലാനോ മറ്റു നിലക്ക് കൊല്ലാനോ അവർക്ക് കഴിഞ്ഞിട്ടില്ല എന്നല്ലാമാണ് അവിടെ പറഞ്ഞിരിക്കുന്നത്. ആ സന്ദർഭത്തിൽ അല്ലാഹു പറഞ്ഞ ഒരു വാക്ക് പ്രത്യേകം ശ്രദ്ധേയമാണ്. ജൂതന്മാർ ഈ ഗൂഢാലോചനകളെല്ലാം നടത്തി അദ്ദേഹത്തിന്റെ ജീവനെ അപകടപ്പെടുത്താൻ വട്ടം കൂട്ടിയത് അവർക്കദ്ദേഹത്തോടുള്ള വൈരവും അസൂയയും നിമിത്തം മാത്രമായിരുന്നുവെന്ന് വെളിപ്പെടുത്തിക്കൊണ്ട് 159-ൽ അതാ അല്ലാഹു പറയുന്നു. "അദ്ദേഹത്തിന്റെ (ഈസായുടെ) മരണത്തിന്നു മുമ്പുതന്നെ, അദ്ദേഹത്തിൽ വിശ്വസിക്കാത്തവരായി വേദക്കാരിൽ (ജൂതന്മാരിൽ) ആരും തന്നെയുണ്ടായിരുന്നില്ല (തന്നിമിത്തം) പുനരുത്ഥാനദിവസം അവർക്കെതിരായി അദ്ദേഹം സാക്ഷി പറയും."

ഈസാനബി ആകാശത്തേക്ക് പോയിട്ട് തിരിച്ചുവരാൻ എത്ര ആയിരം അല്ലെങ്കിൽ എത്ര ലക്ഷം കൊല്ലം പിടിക്കുമെന്ന് ആരും പറയുന്നില്ല. മാത്രമല്ല അത് നിർണ്ണയിക്കാൻ കഴിയുകയില്ലെന്ന് അവർ സമ്മതിക്കുക കൂടി ചെയ്യുന്നു. അപ്പോൾ ഇനിയും ഈസാനബി അഞ്ചോ പത്തോ ലക്ഷം കൊല്ലം അവിടെയിരുന്നേക്കാം. അത്രയും കാലം ഈ ലോകത്ത് ജീവിക്കുന്ന എല്ലാ 'അഹ് ലു കിതാബും' എല്ലാ ജൂതന്മാരും ഈസാനബിയിൽ വിശ്വസിച്ചവരായിരിക്കും എന്നാണ് ചിലർ ഈ ഖുർആൻ വാക്യത്തിന്നു വ്യാഖ്യാനം നൽകുന്നത്. ഈസാനബി ആകാശത്ത് ജീവിക്കുന്നുണ്ടെന്ന് ഉറപ്പിച്ചു വെച്ചശേഷം ഈ ഖുർആൻ വാക്യത്തിന്ന് അങ്ങനെ വ്യാഖ്യാനം നല്കി രക്ഷപ്പെടുകയല്ലാതെ അവർക്ക് മാർഗ്ഗമില്ലല്ലോ. പക്ഷെ ആ വ്യാഖ്യാനം തെറ്റാണെന്നതിന്ന് ഒന്നാമത്തെ ദൃഷ്ടാന്തം സന്ദർഭം തന്നെയാണ്. "പുനരുത്ഥാന ദിവസം ആ വേദക്കാർക്കെതിരിൽ (ദൈവസന്നിധിയിൽ) ഈസാനബി സാക്ഷി പറയും'' എന്ന് പറയുന്നുണ്ടല്ലോ. അദ്ദേഹത്തെ ക്രൂശിച്ച് കൊല്ലാൻ വട്ടം കൂട്ടിയവർക്കെതിരിൽ ദൈവസന്നിധിയിൽ അദ്ദേഹം സാക്ഷി പറയുമെന്നാണ് ആ വാക്കിന്റെ അർത്ഥം. അത് വളരെ സ്പഷ്ടമാണ്. അല്ലാതെ അദ്ദേഹം വാനലോകത്തേക്ക് പോയശേഷം ഈ ഭൂമുഖത്ത് ജനിച്ച് മരിച്ചുപോയ വേദക്കാർക്ക് അല്ലെങ്കിൽ ജൂതന്മാർക്ക് എതിരിൽ ദൈവസന്നിധിയിൽ സാക്ഷി പറയുമെന്നല്ല അർത്ഥം. അത്തരക്കാർക്കെതിരിൽ സാക്ഷി പറയാൻ ഒരു ന്യായവും കാരണവുമില്ലല്ലോ. അപ്പോൾ ഖുർആന്റെ ദൃഷ്ടിയിൽ ഈസാനബിയുടെ നിലപാടെന്തെന്ന് സംശയാതീതമായ നിലക്ക് നമുക്ക് വ്യക്തമാണ്. ഇനി അതിൽ ഒരു സംശയത്തിന്നും ഇടമില്ല. ●

## കുട്ടികളോടുള്ള സ്നേഹം

ഉസാമ (റ)ൽ നിന്നു നിവേദനം. തിരുമേനി(സ) എന്നെയെടുത്ത് അവിടുത്തെ മടിയിൽ ഒരു കാലിൽ ഇരുത്തും. ഹസൻ(റ)നെ അവിടുത്തെ മറ്റേ കാലിലുമിരുത്തും. അനന്തരം ഞങ്ങളിരുവരേയും അവിടുന്ന് അണച്ചു പിടിക്കും എന്നിട്ട് അരുളും: 'അല്ലാഹുവേ നീ ഇവരോട് കൃപ കാണിക്കേണമേ! എനിക്കിവർ രണ്ടുപേരോടും കൃപയുണ്ട്. ***(ബുഖാരി)***

ലേഖനം

അൽഖുർആൻ എക്സിബിഷൻ - 11.

ഏ.ക്യു മഹ്ദി

# മുഹമ്മദുനബി (സ) പൂർവ്വവേദങ്ങളിൽ

## മുഹമ്മദ് നബി (സ)യെ പറ്റി ക്രൈസ്തവ, ജൂത, ഹൈന്ദവ, ബുദ്ധ, പാർസി മതങ്ങളിലെല്ലാം പ്രവചനങ്ങളുണ്ട്.

പ്രവാചകപ്രഭുവായ മുഹമ്മദ് നബി(സ)യെപ്പറ്റി പൂർവ്വവേദഗ്രന്ഥങ്ങളിൽ വന്ന സൂചനകളെ കുറിച്ച് പരിശുദ്ധ ഖുർആൻ പറയുന്നുണ്ട്.

'നാം ഗ്രന്ഥം നൽകിയിട്ടുള്ളവർ അവരുടെ മക്കളെ തിരിച്ചറിയുന്നതുപോലെ അദ്ദേഹത്തെ തിരിച്ചറിയുന്നു.' തുടർന്നു പറയുന്നു,

'നിരക്ഷര പ്രവാചകനായ ഈ ദൂതനെ പിൻപറ്റുന്നവരാണ് അദ്ദേഹത്തെ സംബന്ധിച്ച് അവരുടെയടുക്കൽ തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെട്ടതായി കണ്ടെത്തുക.'

കൂടാതെ മുഹമ്മദ് നബി (സ) യെപ്പറ്റി പൂർവ്വവേദഗ്രന്ഥങ്ങളിൽ പ്രവചനഭാഷയിൽ നിരവധി പരാമർശങ്ങളുണ്ട്.

ബൈബിൾ പഴയ നിയമത്തിൽ പ്രവാചകശ്രേഷ്ഠനെ പറ്റി പറയുന്ന സൂചനയിതാണ്.

'എന്നെപ്പോലെയുള്ള ഒരു പ്രവാചകനെ നിന്നിൽനിന്നും നിന്റെ സഹോദരന്മാരിൽനിന്നും നിനക്കായി നിന്റെ ദൈവമായ കർത്താവ് ഉയർത്തും. ഞാൻ എന്റെ വചനം അദ്ദേഹത്തിന്റെ നാവിൽ നിവേശിപ്പിക്കും. ഞാൻ കൽപ്പിക്കുന്നതെല്ലാം അദ്ദേഹം അവരോടു സംസാരിക്കും.

'നിന്റെ സഹോദരന്മാരിൽ നിന്നും' എന്നു പറഞ്ഞത്, അറബികളിൽ നിന്നുള്ള പ്രവാചകനെ സംബന്ധിച്ചാണ്. അവരുടെ ഗോത്രപിതാവായ അബ്രഹാമിന്റെ രണ്ടു പുത്രന്മാരാണ് ഇസ്ഹാഖും ഇസ്മായേലും. ഇസ്രായേലികളുടെ ഗോത്രം ഇസ്ഹാഖിൽ നിന്നും, അറബികളുടെ ഗോത്രം സഹോദരനായ ഇസ്മായിലിൽ നിന്നും ആരംഭിക്കുന്നു.

ഇനി പുരാണങ്ങൾ മുഹമ്മദ് നബി(സ)യെപ്പറ്റി എന്തു പറയുന്നുവെന്നുകൂടി നോക്കാം.

ഭവിഷ്യപുരാണത്തിലെ പർവ്വം 3, കാണ്ഡം 3, അദ്ധ്യായം 30, 5 മുതൽ 8 വരെയുള്ള ശ്ലോകങ്ങളിലൂടെ പറയുന്നതിതാണ്.

'ആ സന്ദർഭത്തിൽ 'മഹാമദ' എന്ന പേരായ ലോകഗുരുവെന്നു സ്ഥാനപ്പേരുള്ള ഒരു വിദേശി യോഗി തന്റെ അനുചരന്മാരോടുകൂടി പ്രത്യക്ഷപ്പെടും. രാജാവ് (ഭോജരാജാവ്) ഗംഗാജലം കൊണ്ടും പഞ്ചഗവ്യം കൊണ്ടും മരുഭൂനിവാസിയായ ആ ദൈവദൂതന് നിഷ്കളങ്കഭക്തിയാവുന്ന പാരിതോഷികങ്ങൾ കാഴ്ചവയ്ക്കുകയും വളരെ ആദരവ് പ്രകടിപ്പിക്കുകയും ചെയ്തിട്ട് പറയും, 'അല്ലയോ മനുഷ്യരാശിയുടെ അഭിമാനമേ, മരുഭൂമിയിൽ നിവസിക്കുന്നവനേ, പിശാചിനെ നിഗ്രഹിക്കുവാനായി നീ വൻപിച്ച ശക്തി സംഭരിച്ചിരിക്കുന്നു. അല്ലയോ സച്ചിദാനന്ദ സ്വരൂപമേ, ഞാൻ അവിടുത്തെ എളിയ ദാസനാണ്. അങ്ങയുടെ പാദചരണങ്ങളിൽ നമസ്കരിക്കുന്ന ഈയുള്ളവനെ സ്വീകരിച്ചനുഗ്രഹിച്ചാലും.'

ഭവിഷ്യൽ പുരാണത്തിൽ ഇങ്ങനെയൊരു ശ്ലോകം കൂടിയുണ്ട്.

'ലിംഗഛേദി ശിഖാഹീന: ശ്മശ്രുധാരി സദൂഷക ഉച്ചാലാപീ സർവ്വഭക്ഷി ഭവിഷ്യതി ജനോ മമ പിനാ കൗലം ചപശവസ്തേഷാം ഭഷ്യാമതാ മറു മുസലേനൈവ സംസ്കാര കുശൈരിവ ഭവിഷ്യതി.'

ഈ ശ്ലോകത്തിന്റെ അർത്ഥം ഇങ്ങനെ സംഗ്രഹിക്കാം.

'അദ്ദേഹത്തിന്റെ (മഹാമദ എന്നു പേരുള്ള ലോകഗുരുവിന്റെ) അനുയായികൾ ചേലാകർമ്മം ചെയ്യും. അവർ കുടുമ വയ്ക്കില്ല. അവർ താടി വളർത്തും. വിപ്ലവകാരികളായിരിക്കും അവർ. പ്രാർത്ഥ




നയ്ക്ക് വരാൻ അവർ ഉറക്കെ ആഹ്വാനം (ബാങ്ക് വിളി) ചെയ്യും. പന്നിയെ ഒഴിച്ച് മിക്ക മൃഗങ്ങളുടെ മാംസവും അവർ ഭക്ഷിക്കും. ശുദ്ധി ചെയ്യുവാൻ ദർഭ ഉപയോഗിക്കുന്ന തിനുപകരം സമരം ചെയ്തു അവർ പരിശുദ്ധരാകും. മതത്തെ മലിനപ്പെടുത്തുന്നവരുമായി യുദ്ധം ചെയ്യുകയാൽ 'മുസലെ' അഥവാ മുസ് ലിം എന്ന പേരിനാൽ അവർ അറിയപ്പെടും. ഈ മാംസഭുക്കുകളുടെ മതത്തിന്റെ ആവിർഭാവം എന്നിൽ നിന്നായിരിക്കും.' (ഭവിഷ്യൽപുരാണം പ്രതിസർഗം പർവ്വം - 3, കാണ്ഡം - 3, ശ്ലോകം 25 മുതൽ 28 വരെ)

ബൗദ്ധ, പാർസി മതഗ്രന്ഥങ്ങളിലും മുഹമ്മദ് നബി(സ)യെപ്പറ്റി പരാമർശങ്ങളുണ്ട്.

മഹാത്മാ ബുദ്ധന്റെ ചരമത്തിനു തൊട്ടുമുമ്പ് ശിഷ്യനായ ആനന്ദൻ ചോദിച്ചതായി 'കല്യാണ ധർമ്മം' 96-ാം അദ്ധ്യായം 12 മുതൽ 15 വരെ വാക്യങ്ങളിൽ ഇപ്രകാരമുണ്ട്.

'അങ്ങ് പോയിക്കഴിഞ്ഞാൽ ഞങ്ങൾക്ക് ആരാണ് ഉപദേശം നൽകുക'

മറുപടി ഉടനുണ്ടായി, 'ഞാൻ മാത്രമല്ല ബുദ്ധൻ. ഞാൻ അവസാനത്തെ ബുദ്ധനുമല്ല.'

പാർസി മതഗ്രന്ഥമായ ദസാതീറിലെ 14-ാം അദ്ധ്യായത്തിലെ സൂചന ഇതാണ്.

'പേർഷ്യക്കാർ സാന്മാർഗികമായി അധഃപതിക്കുമ്പോൾ അറേബ്യയിൽ ഒരു മനുഷ്യൻ ജനിക്കും. അദ്ദേഹത്തിന്റെ അനുയായികൾ തങ്ങളുടെ സിംഹാസനത്തെയും മതത്തെയുമെല്ലാം തകിടം മറിക്കും. പേർഷ്യയിലെ ശക്തന്മാർ പരാജിതരാക്കപ്പെടും. അവിടത്തെ ബുദ്ധിമാന്മാരും മറ്റും അദ്ദേഹത്തിന്റെ അനുയായികളുടെ പക്ഷത്തു ചേരും'

ഒരു സാർവ്വജനീന പ്രവാചകനായി (The universal prophet) മുഹമ്മദു നബി (സ)-യെ അംഗീകരിച്ചുകൊണ്ട് ഖുർആൻ ഇപ്രകാരം പറയുന്നു.

'അല്ലാഹു പ്രവാചകന്മാരിൽ നിന്ന് ഉടമ്പടി വാങ്ങിയ സന്ദർഭത്തെ ഓർക്കുക: ഞാൻ നിങ്ങൾക്ക് ഗ്രന്ഥവും വിജ്ഞാനവും നൽകിയിരിക്കുന്നു. പിന്നെ നിങ്ങളുടെ പക്കലുള്ളതിനെ സാക്ഷ്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ നിങ്ങൾ നിശ്ചയമായും അദ്ദേഹത്തെ വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യുന്നതാണ്.'

മനുഷ്യസമൂഹം പരസ്പരം കൂടിക്കലർന്ന് ഏകസമൂഹമായിത്തീരുക എന്നത് അനുസ്യൂതമായ ഒരു ദൈവികപദ്ധതിയാണ്. ഈ വിശ്വമാനവ സമൂഹത്തിന്റെ സാർവ്വജനീന പ്രവാചകനെപ്പറ്റി എല്ലാ ജനവർഗ്ഗങ്ങളിലും അവതരിച്ച പ്രവാചകന്മാരൊക്കെത്തന്നെ പ്രവചിച്ചിട്ടുമുണ്ട്. ●



## കുറിപ്പുകൾ

**മുസാഫിർ**

# മഹാമാരികൾക്ക് മുമ്പിൽ മനുഷ്യന്റെ മുട്ട് വിറക്കുന്നു

**ലോ**കം മുഴുവൻ ഭീതി പരത്തിക്കൊണ്ട് പുതിയൊരു വൈറസ് ജന്യരോഗം രംഗപ്രവേശനം ചെയ്തിരിക്കുന്നു. പന്നിപ്പനി എന്ന പേരിൽ കുപ്രസിദ്ധമായ ഈ മഹാമാരി മെക്സിക്കോവിലാണ് പ്രത്യക്ഷപ്പെട്ടത്. ഈ രോഗം അമേരിക്ക, കാനഡ, ന്യൂസിലന്റ്, ജർമ്മനി, സ്പെയിൻ, ഇസ്രയേൽ, ബ്രിട്ടൺ, ഓസ്ട്രേലിയ, ചിലി, ബ്രസീൽ, ഫ്രാൻസ് മുതലായ നിരവധി രാജ്യങ്ങളിലേക്ക് വ്യാപിച്ചു കഴിഞ്ഞു. സാമ്പത്തികമാന്ദ്യം കൊണ്ട് വലഞ്ഞുനിൽക്കുന്ന അമേരിക്കക്കും യൂറോപ്യൻ രാജ്യങ്ങൾ ക്കും പന്നിപ്പനി ഏൽപ്പിച്ച ആഘാതം കുറച്ചൊന്നുമല്ല. ടൂറിസം, അന്തർദേശീയ ഗതാഗതം, ഭക്ഷ്യവസ്തുക്കളുടെ അന്തർദ്ദേശീയ വ്യാപാരം മുതലായവയെല്ലാം പന്നിപ്പനിമൂലം കൂടുതൽ മന്ദീഭവിക്കുകയാണ്. ഈ അതിദ്രുത പകർച്ചവ്യാധിയെ ലോകാരോഗ്യസംഘടന അഞ്ചാം ലവലിലാണ് ഉൾപ്പെടുത്തിയത് പകർച്ചവ്യാധികൾക്ക് ആറു ലവലുകളാണുള്ളത്. പന്നിയിൽ നിന്നും മനുഷ്യനിലേക്ക് പകരുന്ന ഈ മാരക രോഗം പന്നിയുമായി നിർബാധം ഇടപഴകുകയും പന്നിയിറച്ചി കഴിക്കുകയും ചെയ്യുന്ന ക്രിസ്ത്യൻ രാജ്യങ്ങളിലാണ് ബാധിച്ചിരിക്കുന്നത്. ഈ രോഗം പരത്തുന്ന എച്ച്. വൺ എൻ വൺ വൈറസുകൾക്ക് ഫലപ്രദമായ വാക്സിനുകളില്ല. മൃഗങ്ങളിൽ രോഗമുണ്ടാക്കുന്ന വൈറസ് സാധാരണഗതിയിൽ മനുഷ്യനിലേക്ക് പകരില്ല. പക്ഷേ പന്നി എന്ന മൃഗത്തിൽവെച്ച് ഇത്തരം വൈറസുകൾ മനുഷ്യനിലേക്ക് സംക്രമിച്ച് രോഗം പരത്താനുള്ള ശേഷി കൈവരിക്കുന്നുവെന്ന് ആധുനികശാസ്ത്രം തിരിച്ചറിഞ്ഞിട്ടുണ്ട്. പന്നിപനിയുണ്ടാക്കുന്ന വൈറസിന് വായുവിലെ പകരാനുള്ള കഴിവ് നേടിക്കൊടുത്തത് പന്നിയാണ്. പന്നിപ്രിയരുടെ നാടായ മെക്സിക്കോയിൽ 170ഓളം പേരുടെ ജീവനപഹരിച്ച ഈ രോഗം അമേരിക്കയിലും ആളെ കൊല്ലാൻ തുടങ്ങിയിരിക്കുന്നു.

പുതിയതായുണ്ടാവുന്ന വൈറസ് ജന്യരോഗങ്ങൾക്ക് മുമ്പിൽ വൈദ്യശാസ്ത്രത്തിന് മുട്ട്വിറ അനുഭവപ്പെടാൻ കാരണം ഇത്തരം രോഗങ്ങളെ ചികിത്സിച്ചു ഭേദപ്പെടുത്താൻ പറ്റിയ വാക്സിനുകൾ അവരുടെ കൈയ്യിലില്ല എന്നുള്ളതാണ്. വായുവിലൂടെ പകരുന്ന പന്നിപനിപ്പോലെയുള്ള രോഗങ്ങളാകട്ടെ കാട്ടുതീ വേഗത്തിൽ പടർന്നുപിടിക്കാനുള്ള സാധ്യതയുമുണ്ട്. ഇത്തരം രോഗങ്ങളുടെ ഭയാനകമായ ഒരുവശം. അത് പരത്തുന്ന രോഗകാരിയായ വൈറസിന്റെ പ്രത്യേകതയാണ്. അത് ജീവിയാണോ അജീവിയാണോ എന്ന് വ്യക്തമായി നിർവ്വചിക്കാൻ സാധ്യമല്ലാത്ത ഒരസ്തിത്വമാണ്. മനുഷ്യന്റെയോ മറ്റു ആതിഥേയ ജീവികളുടേയോ ജീവകോശങ്ങളിൽ കയറിപ്പറ്റികൊണ്ട് മാത്രം ജീവികളെപോലെ വംശവർദ്ധനവ് നടത്താൻ കഴിയുന്ന വൈറസിന് ഏറ്റവും ലളിതവും സൂക്ഷ്മവുമായ ഘടനയാണുള്ളത്. ഒരു സാധാരണ ബാക്ടീരിയയേക്കാൾ 20 മുതൽ 100 ഇരട്ടി വരെ ചെറുതാണ് വൈറസ്. ഇലക്ട്രോൺ മൈക്രോസ്കോപിലൂടെ 7000 ഇരട്ടി വലിപ്പത്തിലാക്കിയാലെ വൈറസ് മനുഷ്യദൃഷ്ടിക്ക് ഗോചരമാവുകയുള്ളൂ. ഉൾക്കാമ്പും പുറത്തോടും ചേർന്ന ഈ ജീവകണത്തിന്റെ ന്യൂക്ലിയസിൽ ഏതാനും ഡി.എൻ.എ.യോ ആർ.എൻ.എ.യോ മാത്രമേ കാണൂ. ഇവക്കാകട്ടെ ജനിതക പരിവർത്തനത്തിലൂടെ രൂപാന്തരണം സംഭവിച്ച് പുതിയൊരു രോഗത്തിന്റെ രോഗവാഹിയാകാനും സാധ്യമാകും. അത്തരം വൈറസിനെ തിരിച്ചറിഞ്ഞ് വാക്സിൻ നിർമ്മിക്കുമ്പോഴേക്കും വൈറസിന്റെ രോഗതാണ്ഡവത്തിന്റെ അരങ്ങേറ്റം പൂർത്തിയായിട്ടുണ്ടാവും.

ചരിത്രത്തെ കിടിലം കൊള്ളിച്ച നിരവധി വൈറസ് ജന്യരോഗങ്ങളുടെ വേലിയേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പ്ളേഗും വസൂരിയുമായിരുന്നു അക്കാലത്തെ മുഖ്യരോഗങ്ങളായി അറിയപ്പെട്ടിരുന്നത്. രേഗനിദാനശാസ്ത്രമോ, മൈക്രോ ബയോളജിയോ വികസിച്ചിട്ടില്ലാത്ത പണ്ട് കാലത്ത് എല്ലാവിധ അതിദ്രുത പകർച്ചവ്യാധികളേയും 'പ്ളേഗ്' എന്നാണ് പറയാറ്. ഏ.ഡി. 541ൽ ജസ്റ്റീൻ ഒന്നാമന്റെ കാലത്തെ ബൈസാന്റയിൻ സാമ്രാജ്യത്തെ ജനശൂന്യമാക്കിക്കളഞ്ഞ ഒരു വസൂരി ബാധയുണ്ടായതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എ.ഡി. 1347 മുതൽ 1350 വരെയുള്ള നാല് വർഷങ്ങളിലുണ്ടായ 'ബ്ലാക് ഡെത്ത്' എന്നറിയപ്പെടുന്ന പ്ളേഗ് യൂറോപ്പിലെ മൂന്നിലൊന്ന് ജനസ ഖ്യയെയാണ് സംഹരിച്ചത്. 1918-19 വരെയുള്ള സ്പാനിഷ് ഫ്ളൂ 500 ലക്ഷം ആളുകൾ മരിച്ചു. ഇങ്ങനെ രോഗസംഹാരത്തിന്റെ നിരവധി തിര മാലകൾ മനുഷ്യസമൂഹത്തെ ദുരി തത്തിലാക്കിയിട്ടുണ്ട്.

ഇത്തരം മാരികൾ ഒരിക്കലും തന്നെ മനുഷ്യന്റെ നിയന്ത്രണ ത്തിൽപ്പെട്ട കാര്യമല്ല. എപ്പോൾ വേണമെങ്കിലും രോഗം പൊട്ടിപ്പുറ പ്പെടാം. പൊട്ടിപ്പുറപ്പെട്ടാൽ മനു ഷ്യന് നിസ്സഹായനായി നോക്കി നിൽക്കാനെ കഴിയൂ എന്ന ശാസ്ത്ര യാഥാർത്ഥ്യം നാം മറക്കരുത്. പകർ ച്ചവ്യാധികൾ ദിവ്യാത്മാക്കളുടെ അടയാളങ്ങളായി ലോകത്ത് പ്രത്യ ക്ഷപ്പെട്ടതായി ചരിത്രം സാക്ഷി നിൽക്കുന്നു. ക്രി. വ. 65ൽ മസീ ഹായ യേശുവിനെ നിഷേധിക്കു കയും അദ്ദേഹത്തെ കുരിശിലേറ്റി പീഡിപ്പിക്കുകയും ചെയ്ത ഫല സ്തീനിൽ ഭയാനകമായൊരു പ്ളേഗ് ബാധയുണ്ടായതായി ചരിത്രം രേഖപ്പെടുത്തുന്നു. നൂറ് വർഷങ്ങൾ ക്ക് ശേഷം ക്രി. വ. 165ൽ കൂടുതൽ വ്യാപകമായ തോതിൽ പ്ളേഗ് ബാ ധയുണ്ടായി. ഫലസ്തീനു പുറത്ത് ഏഷ്യാമൈനർ മുതൽ റോം വരെ രണ്ട് ഭൂഖണ്ഡങ്ങളിൽ അത് വ്യാപി ച്ചു. അവിടങ്ങളിലെല്ലാം ക്രിസ്തുമത പ്രചരിക്കുകയും പ്രചരിച്ചിടത്തെ ല്ലാം ക്രൂരമായി ക്രിസ്തുശിഷ്യന്മാർ പീഡിപ്പിക്കപ്പെടുകയും ചെയ്തിരു ന്നു. ആധുനികകാലത്ത് അല്ലാഹു അയച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)നെ നിഷേധിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രവചനമനുസരിച്ച് നിരവധി പേരെ സംഹരിച്ച വമ്പിച്ച ഒരു പ്ളേഗ് ബാധ പഞ്ചാബിൽ പ്രത്യ ക്ഷപ്പെടുകയുണ്ടായി. ഇത് കേവലം യാദൃശ്ചികമായ സംഭവമായിരുന്നി ല്ല. അല്ലാഹുവിൽ നിന്നുള്ള അറിയി പ്പുപ്രകാരം ഒരു വിജ്ഞാപനരൂപ ത്തിൽ മുൻക്കൂട്ടി തന്നെ വാഗ്ദത്ത മസീ ഹ് അത് വിളംബരപ്പെടുത്തു കയുണ്ടായി. അന്നത്തെ പത്രമാധ്യ മങ്ങൾ ഈ ദിവ്യാത്ഭുതം വിപുല മായ തോ തിൽ റിപ്പോർട്ടു ചെയ്യുക യുണ്ടായിട്ടുണ്ട്. ആ രേഖകൾ സത്യാന്വേഷികൾക്ക് മുമ്പിൽ അനി ഷേധ്യമായ തെളിവുകളായി നിൽക്കുന്നു. വാ ഗ്ദത്ത മസീഹ് വിദൂര ഭാവിയിൽ വരാനിരിക്കുന്നു. മാരകമായ മറ്റു ചില പകർച്ചവ്യാധി കളെക്കുറിച്ചും അക്കാലത്ത് പ്രവ ചനം നടത്തിയതും ശ്രദ്ധേയമാണ്.

***യൂറോപ്പിലും മറ്റു ചില ക്രി സ്ത്യൻ രാജ്യങ്ങളിലും ഒരു തര ത്തിലുള്ള പ്ളേഗ് വ്യാപിക്കുന്ന താണ് അത് വളരെ മാരകമായി രിക്കും'*** (തദ്കിറ പേ. 705)

വാഗ്ദത്ത മസീഹ് ദിവംഗത നായി നൂറ് വർഷം തികയുന്ന കാല ഘട്ടത്തിലെ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങൾ മുതൽ ഇന്ന് വരെ ലോകത്ത് പുതിയ തരം മാര കമായ പകർച്ചവ്യാധികൾ വ്യാപി ക്കുകയാണ്. എമ്പോള, ലാസ്സാ ഫീ വർ, ലൈം ഡിസീസ്, ഹെപ്പറ്റൈ റ്റിസ് ബി, ഏഷ്യൻ ഫ്ളൂ, ഹോം ങ്കോങ്ങ് ഫ്ളൂ, പക്ഷിപനി, എയ് ഡ്സ്, സാർസ്, പന്നിപ്പനി മുതലായ രോഗങ്ങളാണിവ.

മനുഷ്യനിലെ രോഗപ്രതിരോധ വ്യവസ്ഥ അത്ഭുതകരമായ ഒരു ദൈവാനുഗ്രഹമാണ്. ഏത് നിമി ഷവും മാരകമായ വൈറസുകളും ബാക്റ്റീരിയകളും ജനിതകമാറ്റം സംഭവിച്ച് മനുഷ്യനെ ആക്രമി ക്കാനും രോഗത്തിന്നടിമപ്പെടുത്താ നും സാധിക്കും. ഇത്തരം മാരകാ വസ്ഥ സംജാതമാകാൻ കോടാനു കോടി അവസരങ്ങൾ നമ്മുടെ ഭൂമി യിലുണ്ട്. വിശാലമായ പ്രപഞ്ച ത്തിൽ വിവൃതമായി നിൽക്കുന്ന ഭൂമിയിലേക്ക് ആകാശത്തിന്റെ ഏതെങ്കിലും കോണുകളിൽ നി ന്നും രോഗാണുക്കളുടെ അക്രമണ മുണ്ടാകാനും സാധ്യതയുണ്ട്. നാം സുരക്ഷിതരായി ജീവിക്കുന്നത് ദൈവാനുഗ്രഹം ഒന്നുകൊണ്ട് മാത്ര മാണ്. ഏതാനും വാക്സിനുകളും ആന്റിബയോട്ടിക്കുമായി രോഗങ്ങളെ യെല്ലാം കീഴടക്കിയെന്ന മട്ടിൽ അഹങ്കരിക്കുന്ന വൈദ്യലോകത്തി ന്റെ നിലപാട് ഇത്തരം മഹാമാരി കൾക്ക് മുമ്പിൽ വികൃതമായ ഒരു പരിഹാസമായി മാറുന്നു.

ചികിത്സയിലൂടെ രോഗം മാറു ന്നു എന്ന പ്രതിഭാസവും ദൈവ ത്തിന്റെ അനുഗ്രഹമായി മാത്രമേ കാണാൻ സാധ്യമാവൂ. രോഗി വേദ നിക്കുന്നവനും അസ്വസ്ഥചിത്തനു മാണ്. കരുണയോടെയും, സഹതാ പത്തോടെയും സ്നേഹത്തോടെയു മാണ് വൈദ്യശാസ്ത്രവും സമൂ ഹവും രോഗിയെ സമീപിക്കേണ്ടത്. ജീവകാരുണ്യം വൈദ്യശാസ്ത്ര ത്തെ ആർദ്രമാക്കി തീർക്കണം. അതി നുപകരം ധർമ്മചിന്ത അശേഷമി ല്ലാതെ, ആതുരാവസ്ഥയിൽ മനു ഷ്യനെ നിർദ്ദയം ചൂഷണം ചെയ്യു ന്ന ഒരു വ്യവസായമായി വൈദ്യ ശാസ്ത്രം മാറുമ്പോൾ മനു ഷ്യന്റെ ദുഷിപ്പുകൾ പൂർണ്ണമാവുകയാണ് ചെയ്യുന്നത്. നാം രോഗബാധിതരാ യാൽ രോഗത്തിന് ചികിത്സിക്കുന്ന തോടൊപ്പം ഹദ്റത്ത് ഇബ്രാ ഹിം (അ) നടത്തിയ പ്രാർത്ഥനയും നാം നടത്തുക. '***അവനത്രെ എന്നെ സൃഷ്ടിച്ചത് എന്നിട്ട് അവൻ എന്നെ നേർവഴിയിൽ നടത്തുന്നു. എനിക്ക് ആഹാരവും പാനീയവും നൽകുന്നവനാണവൻ. ഞാൻ രോഗിയായാൽ അവൻ എനിക്ക് ശമനം നൽകുന്നു...... എന്റെ നാഥാ നീ എനിക്ക് വിവേകജ്ഞാ നം നൽകുകയും എന്നെ സുകൃ തവാന്മാരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ*** (20:84)

ദൈവം നമ്മെ മാരകരോഗങ്ങ ളിൽ നിന്നും സംരക്ഷിക്കട്ടെ.

## വാർത്തകൾ

# മലേഷ്യയിലെ അഹ്മദിയ്യാ പീഡനം

മലേഷ്യയിലെ അഹ്മദിയ്യാ മുസ്‌ലിം ആസ്ഥാനമായ ബൈ ത്തൂൽ ഇസ്‌ലാം മോസ്കിൽ വെച്ച് ജുമാ നമസ്ക്കാരം പാടില്ലെന്ന് സലഗോർ കൗൺസിലർ ഓഫ് ഇസ്‌ലാമിക് റിലീജിയൻ 24-4-09ന് പുറപ്പെടുവിച്ച ഒരു നോട്ടീസിൽ ആജ്ഞാപിച്ചിരിക്കുന്ന ജമാഅത്തിന്റെ മറ്റു പ്രവർത്തനങ്ങളും പാടില്ലെന്ന് നോട്ടീസ് നിർദ്ദേശിച്ചിട്ടുണ്ട്.

മലേഷ്യയിലെ സലഗോർ സംസ്ഥാനത്തിലെ പരമോന്നത ഇസ്‌ലാമിക് സമിതിയാണ് കൗൺസിൽ ഓഫ് ഇസ്‌ലാമിക് റിലീജിയൻ.

മത സ്വാതന്ത്ര്യത്തെയും മനുഷ്യ അവകാശത്തിനും വിരുദ്ധമായ ഈ ഭരണകൂടത്തിന്റെ അംഗീകാരത്തോടുകൂടിയ കല്പനയ്ക്കെതിരെ പ്രതികരിക്കാൻ അന്തർദേശീയ സമൂഹം മുന്നോട്ട് വരണമെന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അന്തർദേശീയ സമൂഹത്തോട് ആവശ്യപ്പെട്ടു. ●

---

*(22-ൽ നിന്ന് തുടർച്ച)*

മായി വിദ്യാർ ത്ഥികൾക്ക് അദ്ദേഹം സ്കോളർഷിപ്പുകൽ ഏർപ്പെടുത്തുകയും ചെ യ്തു. ഇതരജോലികളുപേക്ഷിച്ച് വിജ്ഞാനസമ്പാദനത്തിനായി മസ്‌ജിദുന്നബവിയിൽ കഴിഞ്ഞിരുന്നവർക്കെല്ലാം അദ്ദേഹം 100 ദീനാർ വീതം നൽകുകയുണ്ടായി. വിദ്യാർ ത്ഥികളെ സഹായിക്കാനും വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുവാനും അദ്ദേഹം തന്റെ ഗവർണ്ണർ മാർക്ക് നിർദ്ദേശം നൽകുകയും ചെയ്യുകയുണ്ടായി. മാത്രമല്ല ഹദീസുകളുടെ ക്രോഡീകരണത്തിനും അദ്ദേഹം ശ്രദ്ധ ചെലുത്തുകയും പണ്ഡിതന്മാരെ ചുമതലപ്പെടുത്തുകയും ചെയ്തു.

ജനങ്ങളുടെ മേൽ ഭാരമായി തീർന്നിരുന്ന അന്യായമായ നികുതികൾ നിർത്തൽ ചെയ്യാൻ അദ്ദേഹം നിർദ്ദേശം നൽകി. ഓരോ പ്രവിശ്യയിൽ നിന്നും ലഭിക്കുന്ന വരുമാനം അവിടത്തെ ആവശ്യം കഴിച്ചശേഷം മാത്രം കേന്ദ്രത്തിലേക്ക് അയച്ചാൽ മതി എന്ന് അദ്ദേഹം നിർദ്ദേശം നൽകി. രണ്ടര വർഷത്തെ അദ്ദേഹത്തിന്റെ ഭരണം കൊണ്ട് ധനം സ്വീകരിക്കാൻ അർഹരെ കണ്ടെത്താൻ പ്രയാസമായി. തൊഴിൽരഹിതർക്കും ദരിദ്രർക്കും ഖജനാവിൽ നിന്ന് വിഹിതം നൽകിയിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് പൗരന്മാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിരുന്നു.

ഉമറിന്റെ സദ്ഭരണം അധികം നീണ്ടുനിന്നില്ല. രണ്ടുവർഷവും അഞ്ചുമാസവുമായിരുന്നു അതിന്റെ ആയുസ്സ്. ഹി. 101 റജബ് മാസത്തിൽ അദ്ദേഹം തന്റെ നാഥനെ പ്രാപിച്ചു. ഇത്രയും ചുരുങ്ങിയ കാലം കൊണ്ട് അത്ഭുതകരമായ പരിവർത്തനം വരുത്തിയ വിപ്ലവകാരികളെ ചരിത്രത്തിൽ കണ്ടെത്താൻ സാധ്യമല്ല. തങ്ങളുടെ പ്രിയനായകന്റെ വിയോഗം ഇസ്‌ലാമിക രാഷ്ട്രത്തിൽ തേങ്ങലടികൾ ഉയർത്തി. റോമാചക്രവർത്തി അദ്ദേഹത്തിന്റെ വിയോഗവാർത്തയറിഞ്ഞ് തന്റെ ശരിസ്സിലെ കിരീടം എടുത്തുമാറ്റി ദുഃഖം പ്രകടിപ്പിക്കുകയുണ്ടായി. ●

---

*(6-ൽ നിന്ന് തുടർച്ച)*

ബന്ധത്തിലേക്ക് ഈ അഭിസംബോധന സൂചന നൽകുന്നു.

***'അസ്സലാമു അലൈക്കയാ അഹ്‌ലൂൽ ഖുബൂർ'*** (അല്ലയോ കബറുകളിൽ വസിക്കുന്നവരെ നിങ്ങൾക്ക് മേൽ സമാധാനം)

....ആത്മാവിന് കബറുമായുള്ള ബന്ധത്തെക്കുറിച്ചറിയാൻ ദാർശനികമായ ശേഷി ആവശ്യമാണ്. ആരാണോ ഇതിനെ നിഷേധിക്കുന്നത് അയാൾ അബദ്ധത്തിലാണ്. നിരവധി പ്രവാചകന്മാരും പതിനായിരക്കണക്കിന് സാത്വികരും സാക്ഷ്യം വഹിച്ച ഈ ബന്ധത്തെ നിഷേധിക്കാൻ സാധ്യമല്ല. വെറും യുക്തിക്കൊണ്ട് മാത്രം ആ ബന്ധത്തിന്റെ സ്വഭാവം വിവേചിച്ചറിയാൻ സാധ്യമല്ല. ചുരുക്കത്തിൽ ഇത്തരത്തിലുള്ള എല്ലാ കാര്യങ്ങളും ആത്മീയ ദൃഷ്ടിയിലൂടെ പരിഹൃതമാവുന്നു. കാതിന് കാണുവാൻ സാധ്യമല്ലെങ്കിൽ അത് കാതിന്റെ കുറ്റമല്ല. കാരണം കാതിന്റെ ധർമ്മം കാണുക എന്നതല്ല. എന്റെ വ്യക്തിപരമായ അനുഭവത്തിലൂടെ ബോധ്യമായ സംഗതി ആത്മാവിന് കബറുമായി ഒരു ബന്ധമുണ്ടെന്നാണ്. മരിച്ച ആളുമായി സംഭാഷണത്തിലൂടെ ബന്ധപ്പെടാനും നമുക്ക് സാധ്യമാവും.

ആത്മാവ് ഒരു ഉന്നതസ്ഥാനത്തെത്തുകയാണെങ്കിൽ ആത്മാവിന് സ്വർഗ്ഗവുമായും ബന്ധമുണ്ടാവും. ഇത് സുസ്ഥാപിതമായ ഒരു യാഥാർത്ഥ്യമാണ്. ആത്മാവിന്റെ അതിജീവനത്തിൽ നിഷേധിക്കുന്നവരൊഴികെ ഇത് പൊതുവെ അംഗീകരിക്കപ്പെടുന്ന യാഥാർത്ഥ്യമാണ്. ദർശന ശേഷി ഈ ബന്ധത്തിലേക്കുള്ള സൂചനകൾ നൽകുന്നു. (മൽഫൂസാത്ത്, വാള്യം 1 പേജ് 287 - 290) ●